# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

സെപ്തംബർ 2023 | വാല്യം 50 ലക്കം 6 | പേജ് 12 | വില 10.00 രൂപ

UNITY Monthly | September 2023 | Volume 50 Issue 6 | Chief Editor: V.VENUGOPAL | Page 12 | Price Rs. 10.00

# മോദി ഭരണത്തിന്റെ അവകാശവാദങ്ങളും യാഥാർത്ഥ്യവും

**പാർലമെന്റ് തിരഞ്ഞെടുപ്പ് സമാഗതമായിരിക്കേ ആർഎസ്എസ്–ബിജെപി സംഘപരിവാർ ശക്തികൾ കഴിഞ്ഞ 9 വർഷക്കാലത്തെ നരേന്ദ്രമോദിയുടെ ഭരണത്തിൽ നേടാനായതെന്ന് അവർ കരുതുന്ന 'അത്ഭുതാവഹമായ പുരോഗതി'യെക്കുറിച്ച് ഊറ്റം കൊള്ളുകയാണ്. വ്യാജവാർത്തകളും കൃത്രിമ ചിത്രങ്ങളും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച്, യാഥാർത്ഥ്യത്തെ ഹീനമായ രീതിയിൽ വളച്ചൊടിക്കുന്നതിൽ കുപ്രസിദ്ധമായ ബിജെപി ഐടി സെല്ലുകൾ അടക്കം മുഴുവൻ പ്രചാരണോപാധികളും പ്രവർത്തന നിരതമായിക്കഴിഞ്ഞു.**

2023 മെയ് മാസം മുപ്പതാം തീയതി ദേശീയ മുഖ്യധാര അച്ചടി മാധ്യമങ്ങളിൽ " ഒമ്പത് സേവ, സുശാൻ, ഗരീബ് കല്യാൺ വർഷങ്ങൾ", "പാവങ്ങൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്ന ഭാരതം നിർമ്മിക്കപ്പെടുന്നു" തുടങ്ങിയ തലക്കെട്ടുകളോടെ മുഴുവൻ പേജ് പരസ്യങ്ങളാണ് പ്രത്യക്ഷപ്പെട്ടത്. ഭാരത സർക്കാർ മോഡിയുടെ ബഹുവർണ്ണ ചിത്രങ്ങളോടുകൂടിയ 156 പേജ് വരുന്ന വർണ്ണാഭമായ പുസ്തകമാണ് മോഡിക്കാലത്തെ 'നേട്ടങ്ങൾ' ഉയർത്തിക്കാണിക്കാനായി ഇറക്കിയിരിക്കുന്നത്. ഇന്ത്യൻ ജനത ചരിത്രത്തിൽ മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത വിധം അഭിവൃദ്ധിയിലും സുഭിക്ഷതയിലും സന്തോഷത്തിലും അഭിരമിക്കുകയാണെന്നുതോന്നും ഈ കോലാഹലങ്ങൾ കണ്ടാൽ. പക്ഷേ യാഥാർത്ഥ്യം ഇതിന് കടകവിരുദ്ധമാണ്.

### മോദിയുടെ പൊങ്ങച്ചം നിറഞ്ഞ കപട അവകാശവാദങ്ങളും യാഥാർത്ഥ്യവും

76-ാമത് സ്വാതന്ത്ര്യദിന ആഘോഷ വേളയിൽ 2022 ആഗസ്റ്റ് പതിനഞ്ചാം തീയതി ചെങ്കോട്ടയിൽ വച്ച് മോദി പ്രഖ്യാപിച്ചത് 2022 മുതൽ 2047 വരെയുള്ള 25 വർഷക്കാലം ഇന്ത്യയുടെ വികസനത്തിന്റെ അമൃതകാലമായിരിക്കും എന്നാണ്. അക്കാലം വരെയുള്ള നേട്ടങ്ങളുടെ ഒരു വലിയ പട്ടികതന്നെ മോദി നിരത്തി. പക്ഷേ ദൗർഭാഗ്യകരം എന്നതന്നെ പറയട്ടെ മോദിയുടെ പൊങ്ങച്ചം നിറഞ്ഞ പ്രസ്താവനകൾ ഒന്നും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയല്ല. ഇവിടെ മോദിയുടെ ചില പ്രധാനപ്പെട്ട അവകാശവാദങ്ങളും അവയിലെ യാഥാർത്ഥ്യങ്ങളുമാണ് പരിശോധനാ വിധേയമാക്കുന്നത്.

**അവകാശവാദം**

2014ൽ ബിജെപി അധികാരത്തിൽ എത്തുമ്പോൾ ഇന്ത്യ ലോകത്തിലെ പത്താമത്തെ വലിയ സമ്പദ്‌വ്യവസ്ഥ ആയിരുന്നു. 2030 ഓടുകൂടി ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറും.

**യാഥാർത്ഥ്യം**

ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി മാറുകയാണെങ്കിൽ എപ്രകാരമായിരിക്കും അത് രാജ്യത്തിലെ പാവപ്പെട്ടവരും പാർശ്വവൽകൃതരും അവകാശ രഹിതരുമായ ദശലക്ഷങ്ങൾക്ക് പ്രയോജനകരമാകുവാൻ പോകുന്നത്? സമ്പത്ത് വിതരണത്തിലെ അതിതീവ്രമായ അസമത്വം ഇപ്പോൾ തന്നെ അനുഭവവേദ്യമാണ്. ജിഡിപിയോ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയോ ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്തിന്റെ വിതരണക്രമം വെളിപ്പെടുത്തുന്നില്ല.

(ശേഷം 4–ാം പേജിൽ)

**കരിമണൽ അഴിമതി**

# സത്യസന്ധമായ അന്വേഷണത്തിലൂടെ കുറ്റവാളികളെ തുറുങ്കിലടയ്ക്കുക

## തീരവും നാടും തകർക്കുന്ന ഖനനം ഉടൻ നിർത്തിവയ്ക്കുക

ഐആർഇഎൽ, കെഎംഎംഎൽ കമ്പനികളിൽനിന്ന് കരിമണലും മണലുൽപ്പന്നങ്ങളും വാങ്ങുന്ന കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഓഹരിപങ്കാളിത്തമുള്ള ശശിധരൻ കർത്തായുടെ കൊച്ചിൻ മിനറൽ ആന്റ് റൂട്ടൈൽ ലിമിറ്റഡ്(സിഎംആർഎൽ)കമ്പനിയും 2017-2020 വർഷ കാലയളവിൽ കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനും അവരുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക് എന്ന കമ്പനിക്കും 1.72 കോടി രൂപാ മാസപ്പടിയായി നല്ലിയിട്ടുള്ളതായി ആദായനികുതി വകുപ്പ് കണ്ടെത്തിയ വിവരങ്ങൾ ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുനഃപരിശോധന ഇല്ലാത്ത വിധം തീർപ്പ് കല്പിച്ചിരിക്കുന്നു. സിഎംആർഎല്ലും എക്സാലോജിക്കും തമ്മിലുള്ള കരാർപ്രകാരമാണ് തുക കൈമാറിയതെന്ന പറയുമ്പോഴും വാങ്ങിയ തുകയ്ക്കുള്ള സേവനങ്ങൾ ഒന്നുംതന്നെയും വീണ വിജയന്റെ കമ്പനി നൽകിയിട്ടില്ല എന്ന ആദായനികുതി വകുപ്പിന്റെ കണ്ടെത്തൽ സെറ്റിൽമെന്റ് ബോർഡ് ശരിവച്ചിരിക്കുകയാണ്.



കരിമണൽ അഴിമതി സിബിഐ അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച്.

യഥാർത്ഥത്തിൽ കോഴ കൈമാറുന്നതിനായി ഉണ്ടാക്കിയ ഒരു മറ മാത്രമാണ് എക്സാലോജിക്കുമായുള്ള കരാർ. പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന സിഎംആർഎല്ലിന്റെ മുമ്പിൽ ഉയർന്നുവന്ന വിഘ്നങ്ങളെ രാഷ്ട്രീയ ഇടപെടലിലൂടെ മറികടക്കുന്നതിനുവേണ്ടി നൽകപ്പെട്ടതാണ് ഈ തുകയെന്ന് സെറ്റിൽമെന്റ് ബോർഡിന്റെവിധിയിൽ വ്യക്തമാണ്. മുഖ്യമന്ത്രിയുടെ കുടുംബം മാത്രമല്ല, പ്രതിപക്ഷത്തെ നേതാക്കളും പണംപറ്റിയവരുടെ ലിസ്റ്റിൽ പെട്ടിട്ടുണ്ട്. അതിനാൽ രാഷ്ട്രീയ സമവായത്തിലൂടെ ഞെട്ടലുളവാക്കുന്ന ഈ അഴിമതി മൂടിവയ്ക്കാനുള്ള ഊർജ്ജിതശ്രമങ്ങളും നടക്കുകയാണ്. പ്രതിപക്ഷത്തിന്റെ മൗനം ഈ സമാവയത്തിന്റെ തെളിവാണ്. പരാതിക്കിടയില്ലാത്ത വിധം കോഴയുടെ വീതം വയ്പ്പ് നടന്നാൽ കേരളത്തെ കൊള്ളയടിക്കാൻ ഏതൊരു ക്രിമിനൽ മുതലാളിക്കും സാധിക്കും എന്ന് വരുന്നത് അപകടകരമായ ഒരു രാഷ്ട്രീയ സാഹചര്യമാണ്.

കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ കായംകുളം പൊഴി

(ശേഷം 2–ാം പേജിൽ)



**സെപ്തംബർ 9**

### സഖാവ് മാവോ സേ-തുങ് അനുസ്മരണ ദിനം

"നമ്മുടെ രാജ്യത്തെ ജനകീയ ജനാധിപത്യ ഭരണത്തിൽ ഒട്ടും സ്വാതന്ത്ര്യം ഇല്ലെന്നും പാശ്ചാത്യ നാടുകളിലെ പാർലമെന്ററി ജനാധിപത്യത്തിൽ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടെന്നുമാണ് ചിലർ വിചാരിക്കുന്നത്. ഒരു പാർട്ടി അധികാരത്തിലും ഒരു പാർട്ടി പ്രതിപക്ഷത്തുമുള്ള ദ്വികക്ഷി സമ്പ്രദായം വേണമെന്നാണ് അവരുടെ അഭിപ്രായം. ദ്വികക്ഷി സമ്പ്രദായം എന്നത് ബൂർഷ്വാ സ്വേച്ഛാധിപത്യം നിലനിർത്താനുള്ള ഒരു സംവിധാനം മാത്രമാണ്; അധ്വാനിച്ച് ജീവിക്കുന്നവർക്ക് സ്വാതന്ത്ര്യം ഉറപ്പുനൽകാൻ അതിനാവില്ല. സ്വാതന്ത്ര്യവും ജനാധിപത്യവും അമൂർത്തമല്ല, മൂർത്തമാണ്. വർഗ്ഗസമരം നിലനിൽക്കുന്ന, പണിയെടുക്കുന്നവരെ ചൂഷണം ചെയ്യാൻ ചൂഷകവർഗ്ഗത്തിന് സ്വാതന്ത്ര്യമുള്ള ഒരു സമൂഹത്തിൽ, പണിയെടുക്കുന്നവർക്ക് ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള സ്വാതന്ത്ര്യം ഒരിക്കലും ഉണ്ടാകില്ല. മുതലാളിവർഗ്ഗത്തിന് ജനാധിപത്യം ഉണ്ടെങ്കിൽ തൊഴിലാളിവർഗ്ഗത്തിനും മറ്റ് അധ്വാനിക്കുന്നവർക്കും അതുണ്ടാവില്ല. ചില മുതലാളിത്ത രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയമസാധുത അവർ സഹിച്ചേക്കും, എന്നാലത് മുതലാളിവർഗ്ഗത്തിന്റെ അടിസ്ഥാന താൽപര്യങ്ങൾ അപകടപ്പെടുത്താത്തിടംവരെ മാത്രമേയുള്ളൂ. അമൂർത്ത രൂപത്തിൽ സ്വാതന്ത്ര്യവും ജനാധിപത്യവും ആവശ്യപ്പെടുന്നവർ ജനാധിപത്യത്തെ ഒരു മാർഗമായല്ല, ലക്ഷ്യമായാണ് കാണുന്നത്. ജനാധിപത്യം ചിലപ്പോൾ ഒരു ലക്ഷ്യമെന്ന തോന്നലുണ്ടാക്കാം, എന്നാൽ യഥാർത്ഥത്തിൽ അതൊരു മാർഗം മാത്രമാണ്. ജനാധിപത്യം ഉപരിഘടനയുടെ ഭാഗവും രാഷ്ട്രീയമണ്ഡലത്തിൽ വരുന്നതുമാണെന്നാണ് മാർക്സിസം പറയുന്നത്. ആത്യന്തിക വിശകലനത്തിൽ അത് സാമ്പത്തിക അടിത്തറയെ സേവിക്കുന്നതാണ്. സ്വാതന്ത്ര്യത്തിന്റെ കാര്യവും അങ്ങനെതന്നെ. ജനാധിപത്യവും സ്വാതന്ത്ര്യവും സാപേക്ഷികമാണ്, കേവലമല്ല. അത് സവിശേഷ ചരിത്ര സാഹചര്യങ്ങളിൽ നിലവിൽ വരികയും വികസിക്കുകയും ചെയ്യുന്നതാണ്."

(ജനങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങൾ ശരിയായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്)

## കരിമണൽ അഴിമതി

# പൊതുമേഖലയുടെ മറവിൽ നടക്കുന്ന ഖനനത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ സ്വകാര്യകമ്പനികളാണ്

*(1–ാം പേജിൽ നിന്ന്)*

വരെയുള്ള 22 കിലോമീറ്റർ പ്രദേശം ലോകത്തുതന്നെ ഏറ്റവും സമ്പന്നമായ ധാതുമണൽ നിക്ഷേപമുള്ള പ്രദേശമാണ്. വടക്കോട്ട് തോട്ടപ്പള്ളി വരെയും കരിമണൽ സാന്നിധ്യം കാണാൻ കഴിയും. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ വിദേശ കമ്പനികൾ ചവറ തീരത്ത് കരിമണൽ ഖനനം ആരംഭിച്ചിരുന്നു. ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ മുൻനിർത്തി തീരം സംരക്ഷിക്കാൻ നടപടികളാവശ്യപ്പെട്ട് വേലുക്കുട്ടി അരയനെപ്പോലുള്ളവർ സ്വാതന്ത്ര്യപ്രാപ്തിക്കു മുന്നേതന്നെ സമരങ്ങളും ആരംഭിച്ചിരുന്നു.

ഈരംഗത്ത് പ്രവർത്തിച്ചിരുന്ന സ്വകാര്യ കമ്പനികളെ ഒഴിവാക്കികൊണ്ട് ചവറയിൽ കേന്ദ്ര പൊതു മേഖലയിൽ ഐആർഇയും സംസ്ഥാന പൊതുമേഖലയിൽ കെഎംഎംഎല്ലും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതോടൊപ്പംതന്നെ ദീർഘകാലമായി ഈ ധാതുമണൽ ഖനന രംഗത്തേക്ക് പ്രവേശനം ലഭിക്കാൻ ദേശത്തും വിദേശത്തുമുള്ള സ്വകാര്യ കമ്പനികളും ശ്രമിച്ചിരുന്നു. നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണ അവർക്ക് ലഭിക്കുന്നുമുണ്ട്.

ആയിരംതെങ്ങ് മിനറൽ കോംപ്ലക്സ് എന്ന പേരിൽ ഓസ്ട്രേലിയയിൽ നിന്നുമുള്ള സ്വകാര്യ കമ്പനി കൊല്ലം-ആലപ്പുഴ ജില്ലകളുടെ അതിർത്തിയായ ആയിരം തെങ്ങിൽ സ്ഥാപിക്കാൻ അന്നത്തെ കോൺഗ്രസ് സർക്കാരുകളുടെ പിന്തുണയോടെ കരിമണൽ ലോബി ശ്രമിച്ചു. ജനകീയ പ്രതിരോധ സമിതിയും തീരദേശ സംരക്ഷണ സമിതിയും ഉൾപ്പെടെയുള്ള സംഘടനകളുടെ നേതൃത്വത്തിൽ വളർന്നുവന്ന ശക്തമായ സമരത്തിനൊടുവിൽ സർക്കാർ അന്ന് പിൻവാങ്ങി. ചവറ പഞ്ചായത്തിലെ കരിത്തുറയിലെ എംആർ പ്ലാന്റിനെതിരെ നടന്ന ജനകീയ സമരവും ശ്രദ്ധേയമായ ഒന്നാണ്.

ശക്തമായ പോലീസ് മർദ്ദനം നേരിടേണ്ടിവന്നെങ്കിലും നാളതുവരെ ഉണ്ടായിട്ടില്ലാത്ത പുനഃരധിവാസ പദ്ധതികൾ അനുവദിക്കാൻ കമ്പനി നിർബന്ധിതമായി. സുനാമി തിരമാലകൾ തീരം തകർത്തപ്പോൾ കേരള തീരത്ത് ഏറ്റവുമധികം നാശനഷ്ടങ്ങളും ജീവഹാനിയുമുണ്ടായത് ഖനന മേഖലയായ ആലപ്പാട് പഞ്ചായത്തിലാണ്. പുനഃരധിവാസത്തോടൊപ്പം തീരസംരക്ഷണവും ആവശ്യപ്പെട്ട് കരുനാഗപ്പള്ളിയിൽ ആയിരങ്ങൾ പങ്കെടുത്ത ദേശീയ പാത ഉപരോധമടക്കമുള്ള സമരങ്ങൾ നടന്നു. കൊല്ലം ജില്ലാ കളക്ടർക്ക് സമരവേദിയിലെത്തി ജനങ്ങളോട് കാര്യങ്ങൾ വിശദീകരിക്കേണ്ടി വന്നു. ഒരു നൂറ്റാണ്ടിലേറെയായി തുടരുന്ന ഖനനം ആലപ്പാട് പഞ്ചായത്തിൽ വൻതോതിലുള്ള കടൽകയറ്റത്തിനും തീരശോഷണത്തിനും ഇടവരുത്തിയതിനാൽ ഖനനം അടിയന്തരമായി നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ട് 'സേവ് ആലപ്പാട്' എന്ന മുദ്രാവാക്യമുയർത്തി നടന്ന സമരം അതിനു ലഭിച്ച ജനപിന്തുണകൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ടു. കരിമണൽ ഖനനമുയർത്തുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും നിയമവിരുദ്ധ നടപടികളും സജീവ ചർച്ചയാക്കാൻ ഈ സമരങ്ങൾ ഇടവരുത്തി.

പൊതുമേഖലയുടെ മറവിൽ ഒളിഞ്ഞും തെളിഞ്ഞും ഭരണ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥരുടെയുമൊക്കെ പിന്തുണയോടെ നടക്കുന്ന ഖനനത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ സ്വകാര്യ കമ്പനികളാണ് എന്ന യഥാർത്ഥ്യം ജനങ്ങൾ ഇന്ന് വ്യക്തമായി തിരിച്ചറിയുന്നുണ്ട്. പല ഘട്ടങ്ങളിലായി നടന്ന സമരങ്ങൾക്ക് തീരദേശ സംരക്ഷണ സമിതി പ്രസിഡന്റ് കെ.സി. ശ്രീകുമാർ, എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ജ്യോതികൃഷ്ണൻ, ഷൈല കെ.ജോൺ, ജില്ലാ കമ്മിറ്റിയംഗങ്ങളായ പി.പി.പ്രശാന്ത്കുമാർ, ബി.വിനോദ്, ക്യാപ്റ്റൻ ക്രിസ്റ്റഫർ ഡി കോസ്റ്റ, അഡ്വ.ഫ്രാൻസിസ് ജെ.നെറ്റോ, ചന്ദ്രദാസ്, അഴീക്കൽ മുരളി, കാർത്തിക് ശശി തുടങ്ങി നിരവധി പേർ നേതൃത്വംനൽകി.

2000ൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനു ശേഷമാണ് അന്നത്തെ വ്യവസായ വകുപ്പുമന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിൽ കരിമണൽ ഖനന പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. പരിസ്ഥിതി ദുർബലമായ, കടലിനും കായലിനും മദ്ധ്യേ നാടപോലെയുള്ള, ജനവാസ മേഖലയായ തീരദേശത്ത് ഖനനം നടത്തിയാൽ വൻദുരന്തം ഉണ്ടാകുമെന്ന് വിദഗ്ധരും പരിസ്ഥിതി പ്രവർത്തകരും സാമൂഹികനേതാക്കളും അന്ന് അഭിപ്രായപ്പെട്ടു.

ഭരണ-പ്രതിപക്ഷനേതാക്കൾ, സ്വകാര്യ കരിമണൽ കമ്പനികളായ, ശശിധരൻ കർത്തായുടെ സിഎംആർഎല്ലിനും തൂത്തുക്കുടിയിലെ വ്യവസായി വൈകുണ്ഠരാജന്റെ വിവി മിനറൽസിനുംവേണ്ടി ദല്ലാൾ പണി നടത്തി ആറാട്ടുപുഴ, തൃക്കുന്നപ്പുഴ വില്ലേജുകളിൽ വൻതോതിൽ ഭൂമി വാങ്ങിക്കൂട്ടി. പ്രദേശത്തെ ജനങ്ങൾ സത്യസന്ധരായ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ ശക്തമായ ജനകീയ സമരം പടുത്തുയർത്തിയാണ് പദ്ധതി പിൻവലിപ്പിച്ചത്.

എന്നാൽ കരിമണൽ ലോബിയുടെ കണ്ണ് ആലപ്പുഴയുടെ തീരം വിട്ടു പോയില്ല. അവർ പുതിയ തന്ത്രങ്ങൾ മെനഞ്ഞു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ 2004ൽ കരിമണൽ മേഖലയായ തോട്ടപ്പള്ളിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മാണം ആരംഭിച്ചു. 2016ൽ നിർമ്മാണം പൂർത്തിയായെങ്കിലും മത്സ്യബന്ധന യാനങ്ങൾക്ക് പ്രവേശിക്കാനാവാത്ത ഒരു മണൽ കെണിയാണ് സൃഷ്ടിച്ചത്. ഹാർബർ തുറക്കാനെന്ന വ്യാജേന ഐആർഇഎൽ കമ്പനി 2016 മുതൽ ഹാർബറിൽ കരി മണൽ ഖനനം നടത്തുകയാണ്. 2018ൽ കുട്ടനാട്ടിൽ മാത്രമല്ല കേരളത്തിൽ എമ്പാടും പ്രളയം ഉണ്ടായി. കുട്ടനാട് സമുദ്രനിരപ്പിൽനിന്നും മൂന്നു മീറ്റർ വരെ താഴ്ന്ന പ്രദേശമാണ്. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ കുട്ടനാട്ടിലെ ജലം ഒഴുകി പോകുന്നത് വേമ്പനാട്ടു കായലിലൂടെ തണ്ണീർമുക്കം വഴിയും തൃക്കുന്നപ്പുഴ ചീപ്പ്, തോട്ടപ്പള്ളി എന്നിവിടങ്ങളിലൂടെയാണ്. എന്നാൽ 2018ലെ വെള്ളപ്പൊക്കം ചൂണ്ടിക്കാണിച്ച് കുട്ടനാടിനെ പ്രളയത്തിൽനിന്നും രക്ഷിക്കാൻ എന്ന പേരിൽ തോട്ടപ്പള്ളി പൊഴിമുഖത്തെ മണ്ണ് ഖനനം ചെയ്ത് കൊണ്ടുപോകുന്നതിനായി കെഎംഎംഎല്ലിനെ ചുമതലപ്പെടുത്തി. എന്നാൽ പൊതുമേഖലയുടെ പേരിൽ, സർവ്വ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് 2019 മുതൽ കെഎംഎംഎൽ ധാതുമണൽ ഖനനം നടത്തുന്നത്. നിയമ ലംഘനങ്ങൾക്കെതിരെ സമരസമിതി ചെയർമാൻ എസ്.സുരേഷ് കുമാർ നല്കിയ ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

സർവ്വമാന നിയമങ്ങളും ലംഘിച്ചുകൊണ്ട് നടത്തുന്ന കരിമണൽ ഖനനത്തിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡന്റ് എസ്. സീതിലാൽ 2020ൽ നല്കിയ പരാതി ലോകായുക്തയുടെ പരിഗണനയിലുമാണ്. നിയമലംഘനങ്ങൾക്ക് സംരക്ഷണം ലഭിക്കുന്നതിനു വേണ്ടിയാണ് രാഷ്ട്രീയ-ഉദ്യോഗസ്ഥ-മാധ്യമ സ്ഥാപനങ്ങൾക്ക് കോഴ നല്കുന്നതെന്ന് ശശിധരൻ കർത്തായുടെ കമ്പനി സെക്രട്ടറി പറയുന്നത് ഇൻകംടാക്സ് സെറ്റിൽമെന്റ് ബോർഡിന്റെ റിപ്പോർട്ടിൽ പറയുന്നു. പുറത്തുവന്ന റിപ്പോർട്ട് പ്രകാരം മുഖ്യമന്ത്രിയുടെ മകൾ കൈപ്പറ്റിയ 1.72 കോടി അഴിമതിപ്പണം മഞ്ഞ് മലയുടെ അറ്റം മാത്രമാണ്. രണ്ട് ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് മാറ്റാൻ വന്ന കമ്പനി ഇതിനകം ഇരുപത് ലക്ഷത്തിലധികം ക്യൂബിക് മീറ്റർ കരിമണൽ കടത്തിയിട്ടുണ്ട്. ഇതിനാൽ തീരം കടൽ കയറി 550 ഓളം വീടുകൾ കടലെടുത്തു. പൊഴിമുഖം സദാതുറന്നു കിടക്കുന്നതിനാൽ വേലിയേറ്റ സമയത്ത് കടൽജലം കനാലിലേക്ക് കയറി കുട്ടനാടൻ പാടശേഖരങ്ങളിൽ കൃഷി നാശമുണ്ടായി. ചില മേഖലകളിൽ ലവണാംശം കൂടുതലായതിനാൽ വിത്ത് മുളയ്ക്കുന്നില്ല.

എല്ലാ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് 2016 മുതൽ തോട്ടപ്പള്ളി ഹാർബറിലും 2020 മുതൽ തോട്ടപ്പള്ളി പൊഴിമുഖത്തും നടത്തുന്ന കരിമണൽ ഖനനത്തിൽ വൻ അഴിമതി ഉണ്ടെന്നും പരിസ്ഥിതി ദുർബ്ബലമായ ആലപ്പുഴയുടെ തീരത്തു നടത്തുന്ന ഖനനം തീരദേശത്തേയും കുട്ടനാടിനെയും തകർക്കുമെന്നും ഇത് ഉടൻ നിർത്തണമെന്നും ആവശ്യപ്പെട്ടാണ് തോട്ടപ്പള്ളിയിൽ 2021 ജൂൺ 10 മുതൽ സമരം ആരംഭിച്ചത്.

കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി നടത്തിവരുന്ന അനിശ്ചിതകാല റിലേ സത്യാഗ്രഹം 791 ദിവസം പിന്നിട്ട ആഗസ്റ്റ് 9ന് ആണ്, കരിമണൽ അഴിമതിയെ കുറിച്ചുള്ള ഞെട്ടിക്കുന്ന വാർത്ത പുറത്തുവന്നത്. കേരള ജനതയെ വഞ്ചിച്ച ഈ കോഴ ഇടപാടിൽ സിബിഐ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ആഗസ്റ്റ് 22ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തി. വി.എം.സുധീരൻ ഉദ്ഘാടനം ചെയ്തു.

ആത്മാർത്ഥതയും സത്യസന്ധതയുമുള്ള രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകരായ കൂടംകുളം സമര നേതാവ് എസ്.പി.ഉദയകുമാർ, സുമൈറ അബ്ദുലാരി, ഡോ.കെ.ജി.താര, ഡോ.എൻ.എൻ.പണിക്കർ, ഡോ.പി.വി.രാജഗോപാൽ, സി.ആർ.നീലകണ്ഠൻ, ഡോ.പി.ഗീത, വി.എം.സുധീരൻ, കെ.കെ.രമ എംഎൽഎ, എ.എ.ഷുക്കൂർ, മുൻ എംഎൽഎ അഡ്വ.എം.ലിജു, ശാസ്ത്രജ്ഞൻ വി.ടി.പത്മനാഭൻ, ഡോ.ഗീവർഗീസ് മാർകുറിലോസ് മെത്രാപ്പോലിത്ത, മുൻ എംപി ഡോ.കെ.എസ്.മനോജ്, നാടൻ പാട്ടുകാരനും കവിയുമായ സത്യൻ കോമല്ലൂർ, ഫാദർ സേവ്യർ കുടിയാംശേരി, സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതാവ് ജാക്സൺ പൊള്ളയിൽ, കർഷക സമര നേതാക്കളായ കെ.വി.ബിജു, പി.ടി.ജോൺ, ആലപ്പാട് സമര നേതാവ് കെ.സി.ശ്രീകുമാർ, ധീവരസഭ ജനറൽ സെക്രട്ടറി വി.ദിനകരൻ, പ്രിയ കുമാർ, ബിജു ജയദേവ്, പ്രൊഫ. കുസുമം ജോസഫ്, വിഫോർ കൊച്ചിൻ നേതാവ് നിപുൺ ചെറിയാൻ, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ്, ജനകീയ പ്രതിരോധ സമിതി നേതാക്കളായ അഡ്വ. മാത്യു വേളങ്ങാടൻ, ഷൈല കെ.ജോൺ, അഖിലേന്ത്യ മഹിളാ സാംസ്കാരികസംഘടനസംസ്ഥാന സെക്രട്ടറി കെ.എം.ബീവി, കെ റെയിൽ സമര നേതാക്കളായ എസ്.രാജീവൻ, എം.പി.ബാബുരാജ്, മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി, ബാബു കുട്ടൻചിറ, ഏകത പരിഷത് നേതാക്കളായ സന്തോഷ് മലമ്പുഴ, പവിത്രൻ തില്ലങ്കേരി, ചലച്ചിത്ര സംവിധായകരായ വിനയർ, സോഹൻ റോയ്, സിനിമാ നടൻ പ്രേംകുമാർ, അഡ്വ. ജോൺ ജോസഫ് തുടങ്ങിയവർ സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഖനന മേഖല സന്ദർശിക്കുകയും സമരത്തിന് പിന്തുണ അറിയിക്കുകയും ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. ഡോ.പി.വി.രാജഗോപാൽ, തീരം തകർക്കുന്ന കരിമണൽ ഖനനം അവസാനിപ്പിക്കുമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ കളക്ടേറ്റിനു മുന്നിൽ ഉപവാസം അനുഷ്ഠിക്കുകയും വലിയഴിക്കൽമുതൽ തോട്ടപ്പള്ളിവരെ ദ്വിദിന പദയാത്ര നടത്തുകയും ചെയ്തു. സമരത്തിന്റെ നൂറാം ദിനത്തിൽ കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ഖനന ബന്ധന സമരം നടത്തി.

പൊതുമേഖലയുടെ മറവിൽ സ്വകാര്യ കമ്പനികൾക്ക് കരിമണൽ എത്തിച്ചു കൊടുക്കുന്നതിന് ഭരണ-പ്രതിപക്ഷ പാർട്ടികൾക്കും നേതാക്കൾക്കും കോടികൾ കോഴ നല്കി തീരം കവരുകയാണ്. കരിമണൽ ഖനനം മൂലം കൊല്ലം ജില്ലയിലെ പണ്ടാരത്തുരുത്ത് വെള്ളനാതുരുത്ത് തുടങ്ങിയ സ്ഥലങ്ങൾ വാസയോഗ്യമല്ലാതായി. ആലപ്പാട് പഞ്ചായത്തിന്റെ വിസ്തൃതി പത്തിലൊന്നായി ചുരുങ്ങി. കരിമണൽ ഖനനത്തിനെതിരെ ആലപ്പാട് ശക്തമായ ജനകീയ സമരം നടന്നു. ഹെവി ഡ്രഡ്ജർ ഉപയോഗിച്ച് സിംഗിൾ പോണ്ട് മൈനിംഗാണ് തോട്ടപ്പള്ളിയിൽ നടക്കുന്നത്. ഇത് തുടർന്നാൽ ആലപ്പുഴ ജില്ലയുടെ നിലനില്പ തന്നെ അപകടത്തിലാകും.

കഴിഞ്ഞ രണ്ടു വർഷത്തിലധികമായി പ്രളയജലം ഒഴുക്കിവിടാനെന്ന പേരിൽ തോട്ടപ്പള്ളിയിൽ നടത്തിക്കൊണ്ടിരിക്കുന്ന കരിമണൽ ഖനനം സ്വകാര്യമൂലധന ശക്തികളും എൽഡിഎഫ് സർക്കാരും ചേർന്ന് രൂപപ്പെടുത്തിയിട്ടുള്ള ഈ അഴിമതി സംഘത്തിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. അവിടെ നടക്കുന്ന ജനകീയ സമരത്തെയും ജനവികാരത്തെയും അടിച്ചമർത്തി കോടികളുടെ അഴിമതിക്ക് വഴിയൊരുക്കുകയാണ് സിപിഐ(എം) നയിക്കുന്ന സർക്കാർ. ഭരണസംവിധാനങ്ങളെല്ലാം വിലക്കെടുക്കപ്പെട്ടതായി തോട്ടപ്പള്ളിയിലെ സാഹചര്യം വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ പൊതുസമൂഹത്തിലെ നിഷ്പക്ഷ വ്യക്തിത്വങ്ങളുൾപ്പെടുന്ന ഒരന്വേഷണ സംവിധാനം സത്യസന്ധരായ ജഡ്ജിമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച് ഈ അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണം. വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും മാധ്യമങ്ങളും ഉദ്യോ ഗസ്ഥപ്രമുഖരും അഴിമതിപ്പണം കൈപ്പറ്റിയിട്ടുണ്ടെന്ന് പുറത്തുവന്നിട്ടുള്ള സാഹചര്യത്തിൽ ഔദ്യോഗിക അന്വേഷണ സംവിധാനങ്ങൾ രാഷ്ട്രീയ സ്വാധീനങ്ങൾക്ക് വഴങ്ങുമെന്നതിനാൽ പൊതുസമൂഹത്തിന്റെ ഓഡിറ്റിംഗിനുകീഴിലാകണം അന്വേഷണം. ■

# വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സമ്പൂർണ്ണമായി പരാജയപ്പെട്ട് സർക്കാരുകൾ; വലഞ്ഞ് ജനങ്ങൾ

**അവശ്യനിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കഠിനതരമാക്കിയ ഓണക്കാലമാണ് കടന്നുപോയത്. തക്കാളിയും ഉള്ളിയുമുൾപ്പെടെയുള്ള പച്ചക്കറികൾ, അരിയും പയറുവർഗ്ഗങ്ങളുമുൾപ്പെടെയുള്ള പലവ്യഞ്ജനങ്ങൾ തുടങ്ങി വിലകയറാത്തതായി യാതൊന്നുമില്ല, വിലക്കയറ്റത്തിന് ശമനമുണ്ടാകുന്ന ലക്ഷണങ്ങളും വിപണിയിലില്ല. അധികാരികൾക്കാകട്ടെ അശേഷം മനക്ലേശവുമില്ല. വിലകൾ കുതിച്ചുയരുമ്പോൾ വാചകക്കസർത്തുകളും ആരോപണ പ്രത്യാരോപണങ്ങളുമല്ലാതെ രാഷ്ട്രീയനേതാക്കന്മാരുടെ കൈയിലും യാതൊന്നുമില്ല. കേരളത്തിൽ വലിയ വിലക്കയറ്റമില്ല എന്നാണ് ധനമന്ത്രിയുടെ കണ്ടെത്തൽ. എണ്ണിച്ചുട്ട അപ്പം പോലെ കൈയിൽകിട്ടുന്ന തുകകൊണ്ട് സാധനങ്ങൾ വാങ്ങുമ്പോഴല്ലേ വിലക്കയറ്റത്തെക്കുറിച്ചറിയാനാകൂ. മന്ത്രിമാർക്കും നേതാക്കന്മാർക്കും അങ്ങനെയൊരു ഗതികേടില്ലല്ലോ.**

സപ്ലൈകോയിൽ സബ്സിഡി സാധനങ്ങളൊന്നുമില്ല എന്നത് ഓണത്തിനും വളരെമുമ്പേ ഉന്നയിക്കപ്പെട്ട വിഷയമാണ്. എന്നാൽ ഇല്ലാത്ത സാധനങ്ങൾ ഏതൊക്കെ, എപ്രകാരം അത് സപ്ലൈകോയിൽ എത്തിച്ച് ജനങ്ങൾക്ക് ലഭ്യമാക്കാം എന്നതിനായിരുന്നില്ല മന്ത്രിമാർക്ക് ഉത്സാഹം. സപ്ലൈകോയിൽ സാധനങ്ങൾ ഇല്ല എന്ന് നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തിയ ജീവനക്കാർക്കെതിരെ നടപടിയെടുത്ത് സർക്കാർ ഉത്തരവാദിത്തം നിറവേറ്റി. ഭക്ഷ്യ സിവൽസപ്ലൈസ് വകുപ്പ് മന്ത്രി സ്വന്തം മണ്ഡലത്തിലെ സപ്ലൈകോയിൽ എത്തിയപ്പോൾ സ്വാഗതം ചെയ്തത് വലിയ ജനക്കൂട്ടം. സപ്ലൈകോയാകട്ടെ തുറന്നിട്ടില്ല. ജീവനക്കാരെ വിളിച്ചുവരുത്തി തുറന്നപ്പോഴോ രണ്ടേ രണ്ടു സാധനങ്ങളല്ലാതെ മറ്റൊന്നും സ്റ്റോക്കുമില്ല. ഓണത്തിനുമുമ്പ് എത്തിക്കുമെന്ന് പറഞ്ഞെങ്കിലും അത്ഭുതങ്ങളൊന്നും സംഭവിച്ചില്ല. ഓണക്കാലത്തേയ്ക്ക് അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്യാൻ ആവശ്യമായ ക്രമീകരണങ്ങൾ ഭക്ഷ്യവകുപ്പിന്റെയോ സിവിൽ സപ്ലൈസ് വകുപ്പിന്റെയോ ധനവകുപ്പിന്റെയോ ഭാഗത്തുനിന്ന് ഉണ്ടായില്ല. മഞ്ഞക്കാർഡുകാർക്കൊഴികെ മറ്റാർക്കും ഓണക്കിറ്റും ഉണ്ടായില്ല. അതാകട്ടെ എല്ലാവർക്കും ലഭിച്ചിട്ടുമില്ല. പലർക്കും ലഭിച്ചത് ഓണത്തിനുശേഷവും. അങ്ങനെ കടുത്ത വറുതിയിലും വൈഷമ്യത്തിലുമകപ്പെട്ട സാധാരണക്കാരന് ഓണമില്ലാക്കാലമായിരുന്നു.

## അരിവിലയും ജിഎസ്ടിയും

പൊതുവിപണിയിൽ അരിയുടെ വില കുതിക്കുകയാണ്. അരിയുടെ വിലവർദ്ധനവിന്റെ കാരണങ്ങളായി കയറ്റുമതിയിലെ വർദ്ധനവും ആന്ധ്രയിലെ വരൾച്ചയും ആന്ധ്രലോബിയുടെ തിരിമറികളുമൊക്കെ ചൂണ്ടിക്കാണിക്കാൻ അധികാരികൾ വ്യഗ്രതപ്പെടുമ്പോഴും അരിക്ക് ജിഎസ് ടി ഏർപ്പെടുത്തിയിരിക്കുന്നു എന്നത് രഹസ്യമാക്കി വയ്ക്കുന്നു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും ധനമന്ത്രിമാരുടെ യോഗം കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ വിളിച്ചു ചേർത്താണ് മേൽപ്പറഞ്ഞ തീരുമാനം കൈക്കൊണ്ടത്. ഈ നടപടിയെ പിന്തുണച്ചുകൊണ്ട് കേരളത്തിന്റെ ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാലും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അഞ്ചുവർഷംമുമ്പ് രാജ്യത്ത് ജിഎസ് ടി നടപ്പിലാക്കിയപ്പോൾ അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളെ ജിഎസ് ടിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. നിത്യോപയോഗ സാധനങ്ങളെ ജിഎസ് ടിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവന്നുകൊണ്ട് ജിഎസ് ടി വകുപ്പ് ആദ്യംനടത്തിയ പ്രസ്താവന ബ്രാൻഡഡ് സാധനങ്ങൾക്കും പാക്കറ്റ് സാധനങ്ങൾക്കും മാത്രമേ നികുതി ബാധകമാകുകയുള്ളൂ എന്നായിരുന്നു. എന്നാൽ ജിഎസ് ടി നിയമം ഭേദഗതി ചെയ്ത് 25 കിലോ പരിധി സർക്കാർ എടുത്തുകളഞ്ഞപ്പോൾ ബ്രാൻഡഡ് അല്ലാത്ത സാധനങ്ങൾക്കും നികുതി ബാധകമായി. അഞ്ചുശതമാനമാണ് ചുമത്തപ്പെട്ടിരിക്കുന്ന നികുതി.

പൊതുവിതരണരംഗത്ത് വന്നിരിക്കുന്ന പ്രതിസന്ധിയാണ് വിലക്കയറ്റത്തിന്റെ മറ്റൊരു കാരണം. സാഹചര്യം ഇങ്ങനെ തുടരുമ്പോഴും കേരളത്തിലെ നെൽകർഷകരെ പന്തുതട്ടുകയാണ് സംസ്ഥാന സർക്കാർ. അഞ്ചുമാസംമുമ്പ് സംഭരിച്ച നെല്ലിന്റെ വില ഇനിയും കൊടുത്തു തീർന്നിട്ടില്ല. കൊടുത്തത്താകട്ടെ പിആർഎസ് ബില്ലിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ വായ്പയായും. നെല്ലറയെന്ന് കേളികേട്ട കുട്ടനാട്ടിൽപ്പോലും കൃഷിയിൽ പിടിച്ചുനിൽക്കാൻ കർഷകൻ പെടാപ്പാട് പെടുകയാണ്. വളത്തിനും വൈദ്യുതിക്കും വില വർദ്ധിപ്പിച്ച് കൃഷി ചെലവേറിയതാക്കി കർഷകന് ഒരുവിധത്തിലും കൃഷിയിൽ പിടിച്ചുനിൽക്കാനാകാത്തസ്ഥിതിസൃഷ്ടിക്കുകയാണ് സർക്കാരുകൾ ചെയ്യുന്നത്. കേരളത്തിലെ നെല്ലുൽപ്പാദനം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് മതിയാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നെൽകൃഷി അടക്കം എല്ലാ കാർഷിക വിളകൾക്കും താങ്ങുവില പ്രഖ്യാപിച്ച്, സംഭരിക്കാൻ സർക്കാർതലത്തിൽ ക്രമീകരണങ്ങൾ ഉണ്ടാക്കി, കർഷകർക്ക് ന്യായമായ വില നൽകി, മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനമാണ് സർക്കാർ ഉണ്ടാക്കേണ്ടത്. അതായത് കൃഷിയും പൊതുവിതരണവും ശക്തിപ്പെടുത്തണം.

വിലക്കയറ്റം നിത്യജീവിതത്തെ മാത്രമല്ല ബാധിക്കുന്നത്. സമസ്തമേഖലകളിലും പ്രതിസന്ധി സൃഷ്ടിക്കും. പണപ്പെരുപ്പത്തിന് കാരണമാകും. വിലക്കയറ്റംമൂലം പണപ്പെരുപ്പത്തോത് ജൂലൈയിൽ കഴിഞ്ഞ പതിനഞ്ചുമാസത്തെ ഏറ്റവും ഉയർന്ന നിരക്കിൽ എത്തിച്ചിരിക്കുന്നുവെന്നത് ഗൗരവത്തോടെ കാണേണ്ടുന്ന വിഷയമാണ്. രണ്ടുമുതൽ അഞ്ചുവരെയാണ് റിസർവ് ബാങ്ക് അനുവദിക്കുന്ന പരമാവധി വിലക്കയറ്റത്തോത്. എന്നാൽ ഇപ്പോൾ അത് ഏഴുശതമാനം കവിഞ്ഞിരിക്കുന്നു.

സ്വാതന്ത്ര്യദിനത്തലേന്ന് ദേശീയ സ്ഥിതിവിവര കാര്യാലയം (എൻഎസ്ഒ) പുറത്തുവിട്ട കണക്കനുസരിച്ച് ഒരുമാസംകൊണ്ട് ചില്ലറ വിപണിയിലെ വിലക്കയറ്റത്തിൽ 2.57 ശതമാനത്തിന്റെ വർദ്ധനയാണ് ഉണ്ടായത്. ചില്ലറ വിപണിയിലെ വിലക്കയറ്റത്തോത് വിലയിരുത്തുന്ന ഉപഭോക്തൃ പണപ്പെരുപ്പം ജൂണിൽ 4.87 ശതമാനമായിരുന്നത് ജൂലൈയിൽ 7.44 ശതമാനമായി ഉയർന്നു. 2022 ഏപ്രിലിലെ 7.79 ശതമാനം കഴിഞ്ഞാൽ ഏറ്റവും ഉയർന്ന നിരക്കാണിത്. ഭക്ഷ്യവിലക്കയറ്റമാകട്ടെ ജൂണിൽ 4.55 ശതമാനമായിരുന്നത് ജൂലൈയിൽ 11.55 ശതമാനമായി കുതിച്ചുയർന്നു. പച്ചക്കറിക്ക് ജൂണിൽ കേവലം ഒരു ശതമാനത്തിൽ താഴെ മാത്രമായിരുന്നത് ജൂലൈയിൽ 37 ശതമാനമായി കുതിച്ചുയർന്നു. തക്കാളിവില 200ന് മേലെയായി.


വിലക്കയറ്റവും വരുമാനത്തിലെ കുറവും ഇന്ത്യക്കാരെ ഭക്ഷണരീതി പുനക്രമീകരിക്കാൻ പ്രേരിപ്പിക്കുന്നുവെന്നാണ് യുഎൻ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നത്. ആരോഗ്യകരമായ ഭക്ഷണത്തിന് ഇന്ത്യയിൽ ചെലവേറിയെന്ന് യുഎൻ ഏജൻസിയായ സ്റ്റേറ്റ് ഓഫ് സെക്യൂരിറ്റി ആൻഡ് ന്യൂട്രീഷ്യൻ ഇൻ ദ വേൾഡ് (സോഫി) 2023ലെ റിപ്പോർട്ട് പറയുന്നത്. വരുമാനത്തിന്റെ പകുതിയിലേറെ ചെലവഴിച്ചിട്ടും 70ശതമാനം ഇന്ത്യക്കാർക്ക് ആരോഗ്യകരമായ ഭക്ഷണം കഴിക്കാനാകുന്നില്ല എന്നും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അതായത് വിലക്കയറ്റം ഗുണമേന്മയുള്ള ഭക്ഷണം ജനങ്ങൾക്ക് അന്യമാക്കുന്നു. ഇതും സമീപഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും. അല്ലെങ്കിൽതന്നെ ആഗോള പട്ടിണി സൂചികയിൽ 107-ാം സ്ഥാനത്തും സന്തോഷ സൂചികയിൽ 110-ാം സ്ഥാനത്തുമുള്ള ഇന്ത്യയിലാണ് മാതൃമരണനിരക്കിന്റെ 17 ശതമാനവും ശിശുമരണനിരക്കിന്റെ 21ശതമാനവും. പോഷകാഹാരക്കുറവും തന്മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും വരുംതലമുറകളെ പ്രതിസന്ധിയിലാഴ്ത്തും.

## ഇന്ധനവിലവർദ്ധനവും വിലക്കയറ്റവും

ഭീകരമാംവിധം വർദ്ധിക്കുന്ന തൊഴിലില്ലായ്മമൂലം വരുമാനം ഗണ്യമായി കുറയുമ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയരുന്നത് സാധാരണക്കാരനെ നിലയില്ലാക്കയത്തിലേയ്ക്ക് തള്ളിവിടുകയാണ്. ഇന്ധനവിലവർദ്ധനവ് കടത്തുകൂലിയടക്കം എല്ലാ കാര്യങ്ങളിലും പ്രതിഫലിക്കുമെന്നതിനാൽ അത് വിലക്കയറ്റത്തിനിടയാക്കുന്നു. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോഴും പെട്രോളിനും ഡീസലിനും ഇന്ത്യയിൽ വില ഉയരുന്നു എന്നതാണ് അനുഭവം. പെട്രോൾ വിലയിൽ 32 ശതമാനവും ഡീസൽ വിലയിൽ 35 ശതമാനവും കേന്ദ്ര എക്സൈസ് ഡ്യൂട്ടിയാണ്. പെട്രോൾ വിലയിൽ 23 ശതമാനവും ഡീസൽ വിലയിൽ 14 ശതമാനവും സംസ്ഥാനത്തിന്റെ വാറ്റ് നികുതിയാണ്. വിലയെക്കാളേറെ നികുതിയാണ് പെട്രോളിനും ഡീസലിനും ചുമത്തപ്പെട്ടിരിക്കുന്നത്. 2014ൽ പെട്രോളിന്റെ കേന്ദ്രനികുതി 9.48രൂപയായിരുന്നതാണ് 32 രൂപയായി ഉയർന്നിരിക്കുന്നത്. ഡീസലിനാകട്ടെ 3.56രൂപയിൽനിന്നും 35 രൂപയായി ഉയർന്നിരിക്കുന്നു. ഇതൊന്നും പോരാതെയാണ് സംസ്ഥാനം വീണ്ടും രണ്ടുരൂപ അധികനികുതി ഏർപ്പെടുത്തിയിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വിലനിർണയിക്കുന്നത് എണ്ണക്കമ്പനികളാണ്, സർക്കാരിന് അതിൽ യാതൊന്നും ചെയ്യാനില്ല എന്നാണ് ഓരോ വിലവർദ്ധനവിന്റെയും ന്യായീകരണം. എന്നാൽ തെരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ ആഴ്ചകളും മാസങ്ങളും വിലനിശ്ചലമായി നിൽക്കും. ഇപ്പോൾ പാചകവാതകവിലയിലും സംഭവിച്ചിരിക്കുന്നത് മറ്റൊന്നല്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ട് പാചകവാതകവില ഒറ്റയടിക്ക് 200 രൂപയാണ് കുറച്ചിരിക്കുന്നത്. വാണിജ്യ സിലിണ്ടറിനും വിലകുറച്ചിട്ടുണ്ട്. നരേന്ദ്രമോദി അധികാരത്തിൽ കയറുമ്പോൾ കേവലം 410 രൂപയായിരുന്ന പാചകവാതകവില കുതിച്ചുയർന്ന് 1100 രൂപവരെയായി. അതിലാണ് ഇപ്പോൾ 200രൂപയുടെ കുറവ് വരുത്തിയിരിക്കുന്നത്.

ജീവൻ രക്ഷാ ഔഷധങ്ങളുടെ വിലവർദ്ധനവ് ചികിത്സ വളരെ ചെലവേറിയതാക്കിയിരിക്കുന്നു. പത്തുശതമാനം വിലവർദ്ധിപ്പിക്കാനുള്ള സർക്കാർ അനുമതിക്കൊപ്പം പേറ്റന്റ് നിയമഭേദഗതിയാണ് ഈ വിലക്കയറ്റത്തിന്റെ അടിസ്ഥാന കാരണമായി വർത്തിക്കുന്നത്. സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് സാധാരണക്കാരന് കൂടുതൽ പ്രഹരമാകുകയാണ്. ചെറുകിട നിർമ്മാണ മേഖലകൾ വമ്പിച്ച തകർച്ചയിലേയ്ക്കുപോകുന്നത് സാധാരണക്കാരന്റെ തൊഴിൽ സാധ്യതകളെ കൂടുതൽ ദുർബലമാക്കുന്നു. ഒപ്പം സർക്കാർ സേവനങ്ങൾക്കടക്കം ഏർപ്പെടുത്തിയിരിക്കുന്ന യൂസർഫീസുകളും നികുതി ചാർജ്ജ് വർദ്ധനവുകളും കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും വിലക്കയറ്റവും വിദ്യാഭ്യാസച്ചെലവുമെല്ലാം ജീവിതത്തിൽ പിടിച്ചുനിൽക്കാൻ സാധാരണക്കാരൻ നടത്തുന്ന ശ്രമങ്ങൾക്കുമേൽ കനത്ത പ്രഹരമേൽപ്പിക്കുകയാണ്. കേന്ദ്രവും സംസ്ഥാനവും ആരുഭരിച്ചാലും നേതാക്കന്മാരുടെ വാചാടോപങ്ങൾ എന്തുതന്നെയായാലും സാധാരണക്കാരൻ കക്ഷിരാഷ്ട്രീയഭേദമെന്യേ ജാതിമത വ്യത്യാസമില്ലാതെ ഈ അതിക്രമങ്ങൾക്ക് ഇരയാക്കപ്പെടുകയാണ് എന്നതാണ് നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യം. ■

**കെഎസ്ആർടിസി പെൻഷനേഴ്സിന്റെ സമരം...**




പെൻഷൻ കുടിശ്ശികതീർത്ത് ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ട് കെഎസ്ആർടിസി പെൻഷനേഴ്സ് കോഴിക്കോട് ബസ് സ്റ്റാന്റിൽ നടത്തിയ രാപ്പകൽ സമരത്തിൽ സഖാവ് പി.എം.ശ്രീകുമാർ പ്രസംഗിക്കുന്നു

# അംബാനി-അദാനിമാരുടെ കൊള്ളമുതലിന്റെ ബലത്തിൽ അഞ്ചാം സാമ്പത്തിക ശക്തിയെന്ന സ്വപ്നം പണിയുന്നു

*(1-ാം പേജിൽ നിന്ന്)*

രാജ്യത്തെ 5% സമ്പന്നർ രാജ്യത്തിന്റെ 60% സമ്പത്തും കൈയാളുന്നു. അതേസമയം രാജ്യത്തെ 50 ശതമാനത്തോളം സാധാരണക്കാർ ആകെ 3 ശതമാനം ദേശീയസമ്പത്ത് മാത്രമാണ് കൈയാളുന്നത്. മുകേഷ് അംബാനി എന്ന വ്യവസായി 23000 രൂപ ഒരു സെക്കൻഡിൽ നേടുന്നു. അതായത് ഒരു ദിവസം 1987 കോടി രൂപ. ഗൗതം അദാനി എന്ന കുത്തക ദിനംതോറും 1002 കോടി രൂപ വരുമാനം നേടുന്നു. മറുവശത്ത് 68 ശതമാനം ഇന്ത്യക്കാരും ദിനംപ്രതി കേവലം 146 രൂപയും. ഏകദേശം 30% ത്തോളം വരുന്ന ദരിദ്രർ ദിനംപ്രതി കേവലം 83 രൂപ മാത്രവുമാണ് വരുമാനം നേടുന്നത്. ഈ വിവരങ്ങൾ കൃത്യമായും സൂചിപ്പിക്കുന്നത് ഇന്ത്യ സമ്പത്ത് പദവിയുടെ അഞ്ചാം സ്ഥാനത്തേക്ക് കുതിക്കുമ്പോൾ സമ്പന്നരെ മാത്രം വളർത്തുകയും അധ്വാനിക്കുന്ന ദശലക്ഷങ്ങളെ പാപ്പരീകരിക്കുകയും ചെയ്യുന്ന വികൃത വളർച്ചയാണ് ദൃശ്യമാകുന്നത് എന്നതാണ്. ഇപ്പോൾതന്നെ ലോകത്തിലെ ഏറ്റവും വലിയ ദരിദ്ര ജനസഞ്ചയം ഇന്ത്യയിലാണ്. 228.9 മില്യൺ. സാമ്പത്തിക അസമത്വം മൂലം 70% ഇന്ത്യക്കാർക്കും അടിസ്ഥാന ആവശ്യമായ ആരോഗ്യകരവും പോഷകപ്രദവുമായ ഭക്ഷണം ആർജിക്കാനാകുന്നില്ല. ഓരോ വർഷവും 17 ലക്ഷം മരണങ്ങൾ ഭക്ഷ്യ അപര്യാപ്തത മൂലമുള്ള രോഗങ്ങൾകൊണ്ട് സംഭവിക്കുന്നു. ഭൂരിപക്ഷത്തിന്റെയും ശരാശരി വരുമാനം കൊണ്ട് ഏറ്റവും അടിസ്ഥാനപരമായ ജീവിതാവശ്യങ്ങൾ കഷ്ടിച്ച് മാത്രമാണ് നിർവഹിച്ച് പോകാൻ കഴിയുന്നത്. ഇതാണ് ഒരു ട്രില്യൻ സമ്പദ് വ്യവസ്ഥയുടെ 'അത്ഭുതകരമായ പ്രഭാവം'. ഈ പ്രക്രിയ തടസ്സമില്ലാതെ മുൻപോട്ടു പോയാൽ ഭാവിയിലെ 'അത്ഭുതങ്ങൾ' എന്തൊക്കെയാകുമെന്ന് ഭയത്തോടെ മാത്രമേ നമുക്ക് ചിന്തിക്കാനാകൂ.

## മോദിയുടെ അവകാശവാദങ്ങളും യാഥാർത്ഥ്യവും

**അവകാശവാദം**

80 കോടിയോളം ഇന്ത്യക്കാർക്ക് സൗജന്യ ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുന്നു.

**യാഥാർത്ഥ്യം**

80 കോടി ഇന്ത്യക്കാർക്കുള്ള സൗജന്യ റേഷൻ കോവിഡ് കാലത്ത് മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഇതിനുവേണ്ടി വരുന്നതെന്ന് പറയപ്പെടുന്ന രണ്ടുലക്ഷം കോടി രൂപ സർക്കാരിന്റെ ഖജനാവിൽ നിന്നും എടുക്കുന്നില്ല. മറിച്ച് അധ്വാനിക്കുന്ന ദശലക്ഷങ്ങളിൽ നിന്നും പ്രത്യക്ഷ പരോക്ഷ നികുതിയിലെ വർദ്ധനവായി ഇത് നേടിയെടുക്കുന്നു. പക്ഷേ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) പ്രകാരം 80 കോടി ഉണഭോക്താക്കൾക്ക് അഞ്ച് കിലോഗ്രാം റേഷൻ മാസംതോറും നൽകുന്നത് സൗജന്യ റേഷൻ പദ്ധതിയായ പ്രധാനമന്ത്രി അന്ന യോജന (PMGKAY) പ്രകാരം ആയിരിക്കുകയില്ല എന്നും പ്രസ്തുത പദ്ധതി 2022 ഡിസംബർ 31 ന് അവസാനിപ്പിക്കും എന്നും ഡിസംബർ അവസാനം സർക്കാർ പ്രഖ്യാപിക്കുന്ന അതിനർത്ഥം നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് പ്രകാരമുള്ള പരിരക്ഷ മാത്രമായിരിക്കും തുടർന്ന് ലഭ്യമാകുക എന്നാണ്.

ഈ മേളോത്സവങ്ങൾക്ക് ശേഷവും 19 കോടി ഇന്ത്യക്കാർ ഓരോ രാത്രിയിലും വിശക്കുന്ന വയറുമായി ഉറങ്ങുന്നു. ആഗോള പട്ടിണി സൂചിക 2022 പ്രകാരം 121 രാജ്യങ്ങളിൽ ഉയർന്ന പട്ടിണിയുടെ സൂചകമായ 107 റാങ്ക് നേടുന്നു. അതായത് വളരെ കുറച്ച് ദരിദ്ര രാജ്യങ്ങളിൽ മാത്രമാണ് ഇന്ത്യയെക്കാൾ പട്ടിണി നിലനിൽക്കുന്നത്. സബ്സിഡിയോടുകൂടിയ റേഷൻ ദശകങ്ങളായി ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരു വർഷം നൽകി എന്നു പറയപ്പെടുന്ന സൗജന്യറേഷൻ മോഡി സർക്കാരിന്റെ തിരഞ്ഞെടുപ്പ് കുരുക്ക് മാത്രമാണ്.

എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും ജിഎസ്ടി അടിച്ചേൽപ്പിച്ച് സാധാരണ ജനങ്ങളിൽ നിന്നും ആയിരക്കണക്കിന് കോടി രൂപ കവർന്നെടുത്തത് ഈ ഗവൺമെന്റ് തന്നെയാണെന്നത് എടുത്ത് പറയേണ്ട വിഷയമാണ്. ആഗോള വിപണിയിലെ എണ്ണവില 35 ശതമാനത്തോളം കുറഞ്ഞുനിന്ന സമയത്തും അമിതമായ പരോക്ഷ നികുതി പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തി വഴി 38 ലക്ഷം കോടി രൂപ ഈ സർക്കാർ കവർന്നെടുത്തു എന്നത് വിസ്മരിക്കാവുന്ന കാര്യമല്ല. വളരെ ചെറിയ കാലയളവിൽ ജനങ്ങൾക്ക് ചെയ്യുന്ന എന്ന് പറയപ്പെടുന്ന ചെറിയ സൗജന്യങ്ങൾക്ക് വേണ്ടിവരുന്ന ചിലവിനേക്കാൾ എത്രയോ അധികം ഇരട്ടി ജനങ്ങളിൽനിന്നും നികുതിയിനത്തിൽ കവർന്നെടുക്കപ്പെടുന്നു എന്നത് വളരെ വ്യക്തമായി മനസ്സിലാകുന്ന കാര്യമാണ്.

**അവകാശവാദം**

പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം ഗ്രാമങ്ങളിലും നഗരങ്ങളിലുമായി മൂന്ന് കോടിയിലധികം വീടുകൾ നിർമ്മിച്ചു.

**യാഥാർത്ഥ്യം**

2022 ജൂലൈ 21-ാം തീയതി യൂണിയൻ ഹൗസിംഗ് ആൻഡ് അർബൻ അഫയേഴ്സ് മിനിസ്റ്റർ ലോക്സഭയെ അറിയിച്ചത് പ്രകാരം പ്രധാനമന്ത്രി ആവാസ് യോജന അർബൻ( PMRY-U) ഹൗസിംഗ് ഫോർ ഓൾ മിഷൻ പ്രകാരം അനുവദിക്കപ്പെട്ട 1.22 കോടി വീടുകളിൽ 61.5ലക്ഷം സ്ഥിരം വീടുകൾ ഉണഭോക്താക്കൾക്കായി നിർമ്മിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയോ ചെയ്തിരിക്കുന്നു എന്നാണ്. ഇത് സൂചിപ്പിക്കുന്നത് പ്രകാരം പ്രഖ്യാപിക്കപ്പെട്ടതിൽ പകുതിയിൽ താഴെ മാത്രമാണ് മാർച്ച് 22ന് മുൻപ് പൂർത്തീകരിച്ചിട്ടുള്ളത്. നാഷണൽ ഫാമിലി ഹെൽത്ത് സർവേ 5 (2019-21) പ്രകാരം നഗരങ്ങളിലെ 15% ജനങ്ങൾക്കും ഗ്രാമീണ മേഖലയിലെ 52% ജനങ്ങൾക്കും ഇന്ത്യയിൽ ഇപ്പോഴും സ്ഥിരം സ്വഭാവമുള്ള വീടുകളില്ല.

അതേപോലെ നഗരങ്ങളിൽ ഓരോ കുടുംബങ്ങൾക്കും വീടുകൾ ഉണ്ട് എന്ന് പറയുമ്പോഴും നഗരപ്രാന്തങ്ങളിലെ ജീർണിച്ച പഴയ വീടുകളിലെ ഒറ്റമുറി സൗകര്യങ്ങളിൽ ഞെങ്ങി ഞെരുങ്ങി മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങളിലാണ് നഗരങ്ങളിലെ അധ്വാനിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ജീവിച്ച് പോരുന്നത് എന്നത് യാഥാർത്ഥ്യമാണ്.

**അവകാശവാദം**

11.2 കോടി ശുചിമുറികൾ സ്വച്ഛഭാരത് മിഷൻ പദ്ധതിയിൽ നിർമ്മിക്കപ്പെട്ടു.

**യാഥാർത്ഥ്യം**

സ്വച്ച് ഭാരത് മിഷൻ(SBM-Urban-Gramin) വെബ്സൈറ്റിൽ 30% കൃത്രിമമായി വിവരങ്ങൾ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2014 നും 2020 ഇടയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് അവകാശപ്പെടുന്ന 12 ലക്ഷം ടോയ്‌ലറ്റുകൾ നിർമ്മിക്കപ്പെട്ടിട്ടില്ല. അവരുടെയൊക്കെ വീടുകളോട് അനുബന്ധിച്ച് ഇവ നിർമ്മിക്കപ്പെട്ടു എന്ന് പറയപ്പെടുന്ന വീട്ടുകാർക്ക് ഇത് സംബന്ധമായ യാതൊരു അറിവുമില്ല. നടത്തപ്പെടാതെ രേഖപ്പെടുത്തപ്പെട്ട ആയിരക്കണക്കിന് ഗ്രാമീണ സ്ഥല പരിശോധനകളും ഉണഭോക്താക്കളുടെ ഫോട്ടോകളും ടോയ്‌ലറ്റുകളുടെ നിർമിതി നടന്നു എന്ന പ്രതീതി സൃഷ്ടിക്കാൻ ലക്ഷ്യം വെച്ചുള്ളതാണ്. എന്നാൽ ടോയ്‌ലറ്റുകൾ നിർമ്മിക്കപ്പെട്ടിട്ടില്ല. അവ ഏട്ടിൽ മാത്രമാണ് നിലനിൽക്കുന്നത്.

3.2ലക്ഷം ഉണഭോക്താക്കൾക്ക് സ്വച്ഛഭാരത് വഴി അവരുടെ പേരിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കപ്പെട്ടതായി അറിവില്ല. അതിലെ വിവരങ്ങൾ പ്രകാരം Open defecation free സ്റ്റാറ്റസ് നേടിയ അനവധി ജില്ലകളിലെ ഗ്രാമീണ മേഖലകളിൽ 20 ദശലക്ഷം മനുഷ്യർ ഇപ്പോഴും തുറന്ന ഇടങ്ങളിലെ വിസർജനം തുടരുന്നു. അതിലുപരി 20% പ്രദേശങ്ങളിലും അവിടങ്ങളിലെ പുതു ടോയ്‌ലറ്റുകളിലും ജലവിതരണം നടക്കുന്നില്ല എന്നതും ടോയ്‌ലറ്റുകളെ ഉപയോഗശൂന്യമാക്കുന്നു.

**അവകാശവാദം**

12 കോടി വീടുകളിൽ ശുദ്ധജലം വാട്ടർ കണക്ഷനുകൾ വഴി ലഭ്യമാക്കി.

**യാഥാർത്ഥ്യം**

ഇന്ത്യയിലെ ജനങ്ങളിൽ 67 ശതമാനം (ഏകദേശം 92 കോടി) ആളുകൾ ഗ്രാമീണ മേഖലകളിലും പ്രാന്ത പ്രദേശങ്ങളിലുമാണ് അധിവസിക്കുന്നത്. പക്ഷേ ജൽശക്തി മിഷൻ 19.22കോടി ജനങ്ങളിലേക്ക് മാത്രമാണ് 2024 ഓടുകൂടി ജലലഭ്യത എത്തിക്കാൻ ആസൂത്രണം നടത്തിയിട്ടുള്ളത്. മറ്റുള്ള ജനങ്ങളെ കുറിച്ച് എന്ത് ? കണക്കെടുത്തിരിക്കുന്നതിൽ കേവലം 38% വീടുകൾക്കും മാത്രമാണ് പ്രവർത്തനക്ഷമമായ രീതിയിൽ, പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ (പര്യാപ്തമായ അളവ്, കൃത്യത, കുടിവെള്ളത്തിന്റെ ഗുണമേന്മ) പാലിച്ചുള്ള ജലലഭ്യത സാധ്യമായിരിക്കുന്നത്.

നഗരങ്ങളിൽ രണ്ട് ശതമാനം ഇന്ത്യക്കാർക്ക് മാത്രമാണ് കുടിക്കാൻ യോഗ്യമായ ജലം തങ്ങളുടെ വാട്ടർ ടാപ്പുകൾ വഴി ലഭ്യമാകുന്നത്. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവർ ചിലവേറിയ വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റവും മറ്റും ഉപയോഗപ്പെടുത്തി ശുദ്ധജലം നേടുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിൽ ബഹുഭൂരിപക്ഷം ജനങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം ഇന്നും ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. ഓരോ വർഷവും 37.7 ദശലക്ഷം ഇന്ത്യക്കാർ ജലജന്യ രോഗങ്ങൾക്ക് വിധേയരാകുന്നതായും 15 ലക്ഷം കുട്ടികൾ ജലജന്യ വയറിളക്ക രോഗങ്ങൾ മൂലം മരണപ്പെടുന്നതായ കണക്കുകൾ കാണിക്കുന്നു.

**അവകാശവാദം**

9.6 കോടി ഗ്യാസ് കണക്ഷനുകൾ ഉജ്ജ്വല യോജന വഴി നൽകുവാൻ കഴിഞ്ഞു.

**യാഥാർത്ഥ്യം**

8.9 കോടി നൽകപ്പെട്ട എൽപിജി കണക്ഷനുകളിൽ 90 ലക്ഷം ഉണഭോക്താക്കൾ ഒരിക്കൽപോലും അവരുടെ ശൂന്യമായ സിലിണ്ടറുകൾ മാറ്റിയെടുത്തില്ല. അതായത് ഒരു സിലിണ്ടർ ഗ്യാസ് പോലും വാങ്ങിയില്ല. 1.08 കോടി ഉണഭോക്താക്കൾക്ക് ഗ്യാസിന്റെ ക്രമാതീതമായ വിലവർധന കൊണ്ടുതന്നെ ഒരൊറ്റ പ്രാവശ്യം മാത്രമാണ് ഗ്യാസ് റീഫിൽ ചെയ്യുവാൻ കഴിഞ്ഞത്. 2014 മാർച്ച് ഒന്നിന് 410 രൂപ വിലയുണ്ടായിരുന്ന ഗ്യാസിന് 2023 ജൂൺ 28-ാം തീയതി എത്തുമ്പോൾ 1105 രൂപയാണ് വില. ദേശീയ കുടുംബാരോഗ്യ സർവ്വേ 5 (2019-21) പ്രകാരം നഗരം മേഖലകളിലെ 88.6 %കുടുംബങ്ങളും ഗ്രാമീണ മേഖലകളിൽ 42.3% കുടുംബങ്ങളും മാത്രമാണ് എൽപിജി ഉപയോഗിക്കുന്നത്. അതിലുപരി ഏകദേശം 57.7 ശതമാനം ജനങ്ങൾ മാത്രമാണ് അവരുടെ പാചക മാധ്യമമായി എൽപിജിയോ പിഎൻജിയോ ഉപയോഗിക്കുന്നത്. അതിനർത്ഥം ഇന്ത്യയിലെ 42.3% ജനങ്ങളും ഇപ്പോഴും പാചകത്തിനായി ഉപയോഗിക്കുന്നത് വിറകും കൽക്കരിയും പശു ചാണകവും ആണെന്നതാണ്. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ ഉജ്ജ്വല യോജനയുടെ കപടതയും ഉപയോഗ രാഹിത്യവും ഇവിടെ അനാവൃതമാകുന്നു.

**അവകാശവാദം**

7 പുതിയ ഐഐഎമ്മുകളും 8 പുതിയ ഐഐടികളും സ്ഥാപിക്കപ്പെട്ടു. കഴിഞ്ഞ അമേരിക്കൻ സന്ദർശനത്തിൽ മോഡി പറഞ്ഞത് ഭരണത്തിന്റെ ഓരോ വർഷവും ഓരോ ഐഐടികളും ഐഐഎമ്മുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നാണ്.

**യാഥാർത്ഥ്യം**

2014 നും 19 നും ഇടയിൽ 8 ഐഐടികൾ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി മൂലം ലഭ്യമായ സീറ്റുകളിലും കുറവ് വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകിയിട്ടുള്ളൂ. ഐഐടികളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം അപര്യാപ്തമായിരുന്നു. വിദ്യാർത്ഥികളെ തിരഞ്ഞെടുത്തതിൽ സംവരണ തത്വങ്ങൾ പാലിക്കപ്പെട്ടില്ല. ഗവേഷണ പ്രബന്ധങ്ങളുടെ കാര്യത്തിൽ കാലതാമസവും അപര്യാപ്തതകളും നേരിട്ടു.

2022 ഡിസംബർ 15-ാം തീയതി പാർലമെന്റിൽ നടന്ന പ്രതികരണത്തിൽ നിന്നും മനസ്സിലാകുന്നത് 2014 ന് ശേഷം സ്ഥാപിക്കപ്പെട്ട ഐഐടികൾ ഏഴു വർഷങ്ങൾക്ക് ശേഷവും താൽക്കാലിക ക്യാമ്പസുകളിലും അസ്ഥിരമായ ഇടങ്ങളിലും ആയാണ് പ്രവർത്തിച്ചു വരുന്നത് എന്നാണ്. ജൂലൈ 27ന് പാർലമെന്റിൽ വിദ്യാഭ്യാസ മന്ത്രി നടത്തിയ പ്രസ്താവന പ്രകാരം കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ ഒരു ഐഐടിയോ ഐഐഎമ്മോ പ്രവർത്തന സജ്ജമായിട്ടില്ല എന്നാണ്. ഇത് മോദി അമേരിക്കയിൽ ഉന്നയിച്ച അവകാശവാദങ്ങൾക്ക് കടകവിരുദ്ധമാണ്. 18,880 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന

*(ശേഷം 5-ാം പേജിൽ)*

**മോദിയുടെ അവകാശവാദങ്ങളും യാഥാർത്ഥ്യവും**

# ഇന്ത്യയിൽ ഒരുദിവസം ശരാശരി 15 കർഷകർ സാമ്പത്തിക തകർച്ചമൂലം ആത്മഹത്യചെയ്യുന്നു

(4-ാം പേജിൽ നിന്ന്)

23 ഐഐടികളിൽ സമീപവർഷങ്ങളിൽ അടിസ്ഥാന സൗകര്യ പരിമിതികൾ മൂലം കേവലം 6224 വിദ്യാർത്ഥികൾ മാത്രമാണ് പ്രവേശിപ്പിക്കപ്പെട്ടത് എന്നതാണ് രാജ്യസഭയിൽ വിദ്യാഭ്യാസ മന്ത്രി നടത്തിയ പ്രസ്താവനയിൽ നിന്നും മനസ്സിലാകുന്നത്. ഐഐഎമ്മിലെ സുപ്രധാന സ്കീം ആയ മാനേജ്മെന്റ് പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമിന് 11.75 ലക്ഷം രൂപ മുതൽ 32 ലക്ഷം രൂപ വരെയാണ് ഫീസായി ഈടാക്കുന്നത്. കോമൺ അഡ്മിഷൻ ടെസ്റ്റ്(CAT) വഴിവരുന്ന എംബിഎ കോഴ്സിന്റെ പുതിയ ഫീസ് 16ലക്ഷത്തിന് അടുത്താണ്. അപ്പോൾ ഐഐടികളിലെയും ഐഐഎമ്മുകളിലെയും വിദ്യാഭ്യാസ അവസരങ്ങൾ ആരെയാണ് ലക്ഷ്യമിടുന്നത്. സമ്പന്നരെയും സ്വാധീനമുള്ളവരെയും മാത്രം. ഉയർന്ന മെറിറ്റ് നേടാനായിട്ടുപോലും സാമ്പത്തിക പരാധീനതയുള്ളവർ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിൽനിന്നും പുറന്തള്ളപ്പെടുന്ന കാഴ്ചയാണ് പേരുകേട്ട സ്ഥാപനങ്ങളിൽ മുഴുവൻ കാണാനാകുന്നത്.

### അവകാശവാദം

9 വർഷങ്ങൾ കൊണ്ട് രാജ്യത്തെ മെഡിക്കൽ കോളേജുകളുടെ എണ്ണം 387ൽ നിന്നും 693 ആയി വർധിച്ചു.

### യാഥാർത്ഥ്യം

മെഡിക്കൽ കോളേജുകളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധന ആരോഗ്യ പരിചരണ സംവിധാനങ്ങളിൽ ഉണ്ടായ വളർച്ചയോ കൂടുതൽ പ്രഗത്ഭരായ മെഡിക്കൽ പ്രൊഫഷനലുകളുടെ സൃഷ്ടിക്കോ മെറിറ്റുള്ളവരെങ്കിലും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് എളുപ്പം മെഡിക്കൽ വിദ്യാഭ്യാസത്തെ ലഭ്യമാക്കി തീർക്കുന്നതിനോ ലക്ഷ്യം വെക്കുന്നില്ല. ഉറക്കപ്പെട്ട മെഡിക്കൽ കോളേജുകളിൽ സിംഹഭാഗവും ഒന്നുകിൽ സ്വകാര്യമേഖലയിലോ അല്ലെങ്കിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെയോ ആണ്. ആ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ചെലവ് ക്രമാതീതമാണ്. മെഡിക്കൽ കോളേജുകളിലെ ഫീസുകൾ ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെയാണ്. അഡ്മിഷന് വേണ്ടി തലവരി പണം ചോദിക്കുന്നു എന്ന ആക്ഷേപങ്ങൾ സർവ്വസാധാരണമാണ്. സ്വകാര്യ മെഡിക്കൽ കോളേജുകൾ സീറ്റുകൾ പിടിച്ചു വയ്ക്കുകയും അത് ഒരുകോടി മുതൽ രണ്ടു കോടി വരെയുള്ള തുകയ്ക്ക് വിറ്റുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നും ആരോപണങ്ങൾ ഉയരുന്നു. അതുകൊണ്ട് ശരാശരിക്കാരനായ ഒരു വിദ്യാർത്ഥിക്കുപോലും ഉയർന്ന തുക തലവരി നൽകിക്കൊണ്ട് സീറ്റുകൾ കരസ്ഥമാക്കാൻ കഴിയുന്നു. ഇത്തരം ഡോക്ടർമാരാണ് ഇതുവഴി പുറത്തുവരിക എന്നത് ആശങ്ക ഉണർത്തുന്ന കാര്യമാണ്. നമ്മുടെ പൊതുജനാരോഗ്യ സംവിധാനങ്ങൾ എത്രമാത്രം ശോചനീയമായ അവസ്ഥയിലാണ് എന്ന് തീക്ഷ്ണമായ രീതിയിൽ നമ്മെ ബോധ്യപ്പെടുത്തിയത് കോവിഡ് 19 പൊട്ടിപ്പുറപ്പെട്ട കാലമാണ്. രോഗാതുരമായ സാഹചര്യങ്ങളിൽ ജനങ്ങൾക്ക് സേവനങ്ങൾക്കായി സമീപിക്കാവുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കേവലം പേരിനുമാത്രം നിലനിൽക്കുന്ന സ്ഥാപനങ്ങളായി മാറി. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 88 ശതമാനവും കമ്മ്യൂണിറ്റി മെഡിക്കൽ സെന്ററുകളിൽ 87 ശതമാനവും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് നിഷ്കർഷിച്ചിരിക്കുന്ന നിലവാരമില്ലാതെ പ്രവർത്തിക്കുന്നവയാണ്. സർക്കാർ ആശുപത്രികളിൽ 10,926 രോഗികൾക്ക് ഒരു ഡോക്ടർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 130 കോടി വരുന്ന ജനതയ്ക്ക് രാജ്യത്താകെ 25,778 സർക്കാർ ആശുപത്രികളും 7,13,986 കിടക്കകളും മാത്രമാണ് ഉള്ളത്. മൊത്തം ദേശീയ ഉത്പാദനത്തിന്റെ കേവലം 1.15 ശതമാനം മാത്രമായി പൊതുജനാരോഗ്യ ചിലവുകൾ പരിമിതപ്പെടുത്തുക വഴി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ കണക്കുകൾ പ്രകാരം ജിഡിപിക്ക് ആനുപാതികമായി പൊതുജനാരോഗ്യ ചെലവ് ഏർപ്പെടുത്തുന്നതിൽ പരാജയപ്പെട്ട് 191 രാജ്യങ്ങളിൽ 184 എന്ന താഴ്ന്ന റാങ്കിങ്ങിൽ ആണ് ഇന്ത്യ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്.

### അവകാശവാദം

എഐഐഎംഎസ്(ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്)കളുടെ എണ്ണം കഴിഞ്ഞ 9 കൊല്ലങ്ങൾകൊണ്ട് എട്ടിൽ നിന്നും 23 ആയി ഉയർന്നു.

### യാഥാർത്ഥ്യം

ഒരൊറ്റ എഐഐഎംഎസ് പോലും സമ്പൂർണ്ണമായി പ്രവർത്തനക്ഷമമായതായി പ്രഖ്യാപിക്കാൻ ഇന്നേവരെ പ്രധാനമന്ത്രി മോദിക്ക് കഴിഞ്ഞിട്ടില്ല. എഐഐഎംഎസുകളിൽ പര്യാപ്തമായ തോതിൽ മാനവികശേഷിയോ അധ്യാപകരോ റസിഡന്റ് ഡോക്ടർമാരോ നഴ്സമാരോ ഇല്ലാതെ തുടരുന്നു. 2023 ഫെബ്രുവരി 31ന് ലോക്സഭയിൽ തുറന്ന് സമ്മതിച്ചത് പ്രകാരം 16 എഐഐഎംഎസുകളും പ്രവർത്തനക്ഷമത നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. പരിമിതമായ ഔട്ട് പേഷ്യന്റ് ഇൻ പേഷ്യന്റ് സൗകര്യങ്ങൾ മാത്രമാണ് അവിടെ നൽകാനാവുക. രണ്ടാമതായി സ്വകാര്യ ഹോസ്പിറ്റലുകളെക്കാൾ ഫീസുകൾ കുറവാണെങ്കിൽ പോലും സാധാരണക്കാരായ രോഗികൾക്ക് എഐഐഎംഎസിൽ ചികിത്സ നേടുക എന്നത് അവരുടെ കഴിവുകൾക്ക് അപ്പുറത്താണ്.

സാർവത്രികമായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി ദേശീയ ആരോഗ്യ നയം 2007 പ്രകാരം ആഘോഷങ്ങളുടെ അവതരിപ്പിക്കപ്പെട്ട ഫ്ലാഗ്ഷിപ്പ് പദ്ധതിയായിരുന്നു ആയുഷ്മാൻ ഭാരത്. അത് ഇപ്പോൾ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന അഥവാ PM -JAY എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ വാർഷിക ഇൻഷ്വറൻസ് ദ്വിതീയവും ത്രിതീയവുമായ വൈദ്യസേവനങ്ങൾക്കുവേണ്ടിയുള്ള ആശുപത്രി പ്രവേശനങ്ങൾക്ക് ഇത് ലക്ഷ്യം വയ്ക്കുന്നു. പക്ഷേ ഈ ഇൻഷ്വറൻസ് സ്കീമിന്റെ പരിധി വളരെ പരിമിതവും ദീർഘകാല രോഗങ്ങളുടെ ചികിത്സയ്ക്ക് അപര്യാപ്തവും ആയതുകൊണ്ട് ലക്ഷ്യം നേടുന്നതിന് ഉതകുന്നില്ല. വിവിധ ഗവേഷണങ്ങളിലെ ഫലങ്ങൾ സൂചിപ്പിക്കുന്നത് പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഇന്ത്യയിലെ ഇൻഷ്വറൻസ് സ്കീമുകൾ അത്യന്താപേക്ഷിതമായ സഹായങ്ങൾ നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നാണ്. പ്രയോജനപ്രദമായ സ്കീമുകൾ ഏറെയും താങ്ങാൻ ആവാത്ത തുക സ്വന്തം പോക്കറ്റിൽ നിന്നും(out of pocket) കണ്ടെത്തേണ്ടവയുമാണ്. പ്രഖ്യാപിക്കപ്പെട്ടവ വലിയ തോതിലുള്ള അഴിമതിയിൽ ആടിയുലയുകയാണ്. 45,846 ക്ലെയിം കേസുകളിൽ ഹോസ്പിറ്റലുകളിൽ പ്രവേശനം നേടുന്നതിന് മുൻപുള്ള തീയതികളിൽ ഡിസ്ചാർജ് നടന്നതായാണ് സൂചിപ്പിക്കപ്പെടുന്നത്. മരിച്ചുകഴിഞ്ഞ ആളുടെ ക്ലെയിമുകൾക്ക് പ്രാധാന്യം നൽകുന്നു. തട്ടിപ്പുകളുടെ ശതമാനം ആകെ ക്ലെയിമുകളിൽ 35 ശതമാനത്തിൽ അധികമാണ്.

ചികിത്സയ്ക്കു വേണ്ടിവരുന്ന ചിലവുകൾ സൃഷ്ടിക്കുന്ന ദാരിദ്ര്യം കഴിഞ്ഞ 15 വർഷങ്ങൾകൊണ്ട് ഇന്ത്യയിൽ ഇരട്ടിയായി. വ്യക്തികളുടെ കൈയിൽ നിന്നും നടത്തുന്ന വൈദ്യസഹായത്തിനു വേണ്ടിയുള്ള ചെലവ് ചെയ്യൽ(out of pocket expenditure) ആകെ ഗാർഹിക വിഭവങ്ങളുടെ 70% എന്ന അതിശയകരമായ നിലയിലേക്ക് എത്തുകയും ഇത് ലോകത്തിലെ ഏറ്റവും ഉയർന്ന ഒപി ചെലവായി മാറുകയും ചെയ്തിരിക്കുന്നു. സാധാരണ ഇന്ത്യക്കാർക്ക് ലഭ്യമാക്കേണ്ട അടിസ്ഥാനപരവും അനിവാര്യവുമായ സേവനങ്ങൾ നൽകുന്ന കാര്യത്തിൽ നിരുത്തരവാദപരവും കുറ്റകരവുമായ അവഗണനയാണ് സർക്കാർ പുലർത്തുന്നത്. അവശ്യ സാഹചര്യങ്ങളിൽ ജനങ്ങൾക്ക് സമീപിക്കേണ്ടിവരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളും കേവലം നാമം മാത്രവും 90% കേസുകളിലും ഒരു ഡോക്ടർപോലും ഇല്ലാത്തതുമാണ്. ഇപ്രകാരം ഏറ്റവും അടിസ്ഥാന മനുഷ്യാവകാശമായ വൈദ്യസഹായത്തിന്റെ ലഭ്യത നിഷേധിക്കപ്പെടുന്നതുവഴി എണ്ണമറ്റ നിസ്സഹായരായ സാധാരണക്കാർ ആരാലും ശ്രദ്ധിക്കപ്പെടാതെ മാധ്യമങ്ങളുടെ പരിലാളനകൾ ഇല്ലാതെ ആശ്വാസ വാക്കുകൾ പോലും കേൾക്കാതെ മരിക്കുന്നു.

### അവകാശവാദം

50 കോടി ജനങ്ങൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതി വഴി വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കി

### യാഥാർത്ഥ്യം

ഒരു പഠനപ്രകാരം ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ഏറ്റവും വലിയ അപര്യാപ്തത അതിന് 31 ശതമാനം രോഗങ്ങളെ മാത്രമാണ് ഇൻഷ്വറൻസ് കവറേജിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നത്. സ്കീമിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പല ആശുപത്രികളും കൃത്രിമ ക്ലെയിമുകളും മറ്റും സൃഷ്ടിക്കുന്ന തട്ടിപ്പുകളിൽ അഭിരമിക്കുന്നതും ഇൻഷ്വറൻസ് കമ്പനികൾ അവർക്കെതിരെ നടപടികൾ എടുക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഉദാഹരണമായി ലക്നൗ കേന്ദ്രമാക്കിയ യുപി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് 18 എടിഎം കാർഡുകളും കുറേയധികം വ്യാജ തിരിച്ചറിയൽ രേഖകളും വ്യത്യസ്ത ഡോക്ടർമാരുടെതായ 96 സീലുകളും വ്യത്യസ്ത ആശുപത്രികളുടെതായ 4500 ലെറ്റർ ഹെഡുകളും മറ്റു വസ്തുക്കളും പിടിച്ചെടുത്തു. രണ്ടുകോടിയിൽ അധികം തട്ടിപ്പ് നടത്തിയ പാൻ എൻസിആർ ആരോഗ്യ ഇൻഷ്വറൻസ് തട്ടിപ്പിന്റെ സൂത്രധാരനായ ഒരാൾ അടക്കം നാലു പേരെ രണ്ടുവർഷംമുമ്പ് നോയിഡയിൽ നിന്ന് അറസ്റ്റ് ചെയ്തു.

അതിലുപരി ദുർബലമായ ആരോഗ്യ പരിചരണ സംവിധാനത്തിന് ശരിയായ പരിഹാരം ഇൻഷ്വറൻസ് സ്കീമുകൾ ആണോ എന്നത് പ്രധാനപ്പെട്ട ചോദ്യം ആവേണ്ടതാണ്. മുൻപ് രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന എന്ന ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയിൽ ലിസ്റ്റ് ചെയ്യപ്പെട്ട പിഎച്ച്സികളിൽ രോഗികളെ പ്രവേശിപ്പിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ സ്വകാര്യവൽക്കരണത്തിന്റെ ഉന്മാദകാലത്ത് അധികം ആരോഗ്യ പരിപാലന കേന്ദ്രങ്ങളും സ്വകാര്യമേഖലയിൽ ഉള്ളതും ആരോഗ്യ പരിചരണ സേവനങ്ങൾ വാണിജ്യ സ്വഭാവത്തിൽ വിറ്റഴിക്കപ്പെടുന്ന ഇടങ്ങളുമാണ്. അപ്പോൾ പ്രാഥമിക ആരോഗ്യ പരിചരണം പോലും ലഭ്യമല്ലാത്ത സാധാരണക്കാർ പോളിസിയെടുത്ത് സ്വന്തം ചെലവിൽ യാത്ര ചെയ്തു ലിസ്റ്റ് ചെയ്യപ്പെട്ട ആശുപത്രികളിൽ എത്തുകയും തങ്ങളുടെ കൈയിലുള്ള ഇൻഷ്വറൻസ് പോളിസി മുഖേന അത്തരം ആശുപത്രികളിൽ ആവശ്യമായ ചികിത്സ ലഭ്യമാകുമോ ഇല്ലയോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തി കൊള്ളും എന്നതാണോ? ആയുഷ്മാൻ ഭാരതിന്റെ കീഴിൽ ലിസ്റ്റ് ചെയ്യപ്പെട്ട ചിലവേറിയ സ്വകാര്യ ആശുപത്രികളിൽ തീവ്ര ദാരിദ്ര്യം കശക്കി എറിയുന്ന സാധാരണക്കാർക്ക് ആവശ്യമായ ആരോഗ്യ പരിചരണം ലഭ്യമാകും എന്നതാണോ യാഥാർത്ഥ്യം? ക്രമേണ ഇൻഷ്വറൻസ് മേഖല കൈയടക്കുന്ന സ്വകാര്യ കമ്പനികളുടെ ധനസ്ഥിതി, പൊതുപണം ഒഴുക്കിക്കൊണ്ട് കൊഴിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു സൗകര്യപ്രദമായ ഉപാധി മാത്രമാണ് പൊതു ആരോഗ്യ പരിരക്ഷയ്ക്കായി സർക്കാർ ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ് സംവിധാനങ്ങൾ.

### അവകാശവാദം

ജന ഔഷധി കേന്ദ്രങ്ങൾ വഴി ഗുണമേന്മയുള്ള ഔഷധങ്ങൾ 50ശതമാനംമുതൽ 90 ശതമാനംവരെ വിലക്കുറവിൽ ലഭിക്കുന്നു, വർഷംതോറും ഇരുപതിനായിരംകോടി രൂപ രോഗികളായ ജനങ്ങൾക്ക് ലാഭിക്കാൻ സാധിക്കുന്നു.

### യാഥാർത്ഥ്യം

സംസ്ഥാന ഗവൺമെന്റുകളുടെ സൗജന്യ മരുന്നുവിതരണത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അവബോധക്കുറവും, ജനഔഷധി സ്കീമിനുള്ള പിന്തുണയുടെ കുറവുകളും, വിതരണത്തിലെ കൃത്യതയില്ലായ്മയും ജനറിക് മെഡിസിനുകൾ എഴുതുവാനുള്ള ഡോക്ടർമാരുടെ വൈമുഖ്യവും മറ്റും ആണ് ജനഔഷധി സ്കീം നേരിടുന്ന പ്രധാന വെല്ലുവിളിയും ഫലത്തിലുള്ള പരാജയകാരണവും. അതോടൊപ്പം വലിയ തോതിലുള്ള അഴിമതി ആരോപണങ്ങളും ഈ പദ്ധതിയെ ചൂഴ്ന്ന് നിൽക്കുന്നു. ഭൂരിഭാഗം ആശുപത്രികളിലും ഈ മരുന്നുകളുടെ വിതരണത്തിന് നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന കൗണ്ടറുകളിൽ കുറിക്കപ്പെടുന്ന മരുന്നുകൾ സ്റ്റോക്കില്ല. ജൂലൈ 28ന് അവതരിപ്പിക്കപ്പെട്ട ജനവിശ്വാസ് ബിൽ വഴിയുള്ള നിയമനിർമ്മാണം, നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ഗുണനിലവാരം പുലർത്താതെ മരുന്ന് നിർമ്മിക്കുന്ന കമ്പനികളുടെ ശിക്ഷാബാധ്യത കേവലം ഫൈനുകളിലേയ്ക്ക് മാത്രമായി ചുരുക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. പൊതുജനാരോഗ്യത്തെ ബാധിക്കുന്ന വ്യാജമരുന്നുകളുടെ നിർമ്മാണം, ചെറുകിട കുറ്റകൃത്യങ്ങൾ എന്നാണ് സർക്കാർ വിവക്ഷിക്കുന്നത്.

(ശേഷം 6-ാം പേജിൽ)

# ചികിത്സ ചെലവുകൾ സൃഷ്ടിക്കുന്ന ദാരിദ്ര്യം രാജ്യത്ത് കഴിഞ്ഞ 15 വർഷങ്ങൾകൊണ്ട് ഇരട്ടിയായി

(5–ാം പേജിൽ നിന്ന്)

ഇപ്പോൾ സർക്കാർ നിലവാരം കുറഞ്ഞ മരുന്ന് നിർമ്മിക്കുന്ന കമ്പനികളോട് മൃദു സമീപനം സ്വീകരിക്കുകയും അവർക്ക് നൽകപ്പെട്ടിരുന്ന ജയിൽ ശിക്ഷ കേവലം പിഴകളിലേയ്ക്ക് നിജപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

## മോദിയുടെ അവകാശവാദങ്ങളും യാഥാർത്ഥ്യവും

**അവകാശവാദം**

തൊണ്ണൂറ്റിയേഴായിരത്തിലധികം സ്റ്റാർട്ട് അപ് ബിസിനസ്സുകൾ രൂപപ്പെടുത്തുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിരിക്കുന്നു.

**യാഥാർത്ഥ്യം**

ജനങ്ങളുടെ ക്രയശേഷി ഗണ്യമായി കുറയുകവഴി വിപണി ശോഷിച്ച് നിലനിൽക്കുന്ന വ്യവസായങ്ങൾതന്നെ അടച്ചുപൂട്ടലിന്റെ വക്കിൽ നിൽക്കുമ്പോൾ എപ്രകാരമാണ് പുതിയ വ്യാവസായിക ശ്രമങ്ങൾ വിജയിക്കുന്നത്.

സത്യത്തിൽ സ്റ്റാർട്ട് അപ്പുകൾ ഉയർത്തിക്കാട്ടപ്പെടുന്നത് വളർന്നുവരുന്ന തൊഴിലില്ലായ്മയെ മറച്ചുപിടിക്കാൻവേണ്ടിയാണ്. മാത്രമല്ല, ആർക്കൊക്കെയാണ് തങ്ങളുടെ മേഖലയായി സ്റ്റാർട്ട് അപ്പുകളെ തെരഞ്ഞെടുക്കാനാകുക. ഫണ്ടിംഗ് സംവിധാനങ്ങളിൽ സ്വാധീനം ചെലുത്താനാകുന്നവരും ബിസിനസ് നടത്തിപ്പിൽ പരിചയമുള്ളവരുമായ സാമ്പത്തികവും സാമൂഹ്യവുമായ കഴിവുകൾ കൂടുതലായുള്ള ഒരു ചെറിയ വിഭാഗത്തിനുമാത്രമാണ് അത് സാധ്യമാകുക. ഡിപിഐഐറ്റി കണക്കുകൾ പ്രകാരം 88395 സ്റ്റാർട്ട് അപ്പുകൾ 2023 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിൽ 58000ടെക്നിക്കൽ സ്റ്റാർട്ട് അപ്പുകളാണ്. കണക്കുകൾ കാണിക്കുന്നത് 2023ന്റെ ആദ്യപകുതിയിൽ ഇന്ത്യൻ സ്റ്റാർട്ട് അപ്പുകൾക്കുള്ള ഫണ്ടിംഗ് 72ശതമാനംവരെയാണ് കുറഞ്ഞത്. ഫണ്ടിംഗ് ഞെരുക്കംവഴി എത്തിച്ചേരുന്ന ലേഓഫ് വഴിയും അടച്ചിടൽവഴിയും 72000പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്.

**അവകാശവാദം**

സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്ക് 10ശതമാനം സംവരണവും പാവപ്പെട്ട കുടുംബങ്ങൾക്ക് പിന്തുണയും.

**യാഥാർത്ഥ്യം**

തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ സംവരണം ഉറപ്പുവരുത്തുന്നതിൽ എന്താണ് സാംഗത്യം. അടുത്തിടെവന്ന റോയിട്ടേഴ്സ് റിപ്പോർട്ട് പറയുന്നത് സാമ്പത്തിക വളർച്ചഫലത്തിൽ യാതൊരുവിധ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നില്ല എന്നതാണ്. അതിനെയാണ് തൊഴിൽരഹിത സമ്പദ് വളർച്ച എന്നു വിളിക്കുന്നത്. സംവരണം നിലവിലുണ്ടായിട്ടും പിന്നാക്ക വിഭാഗങ്ങളുടെയും ഏറ്റവും താഴേക്കിടയിലുള്ളവരുടെയും സ്ഥിതി കഴിഞ്ഞ 76 വർഷങ്ങൾക്കൊണ്ട് മെച്ചപ്പെടുകയല്ല മറിച്ച് കൂടുതൽ ദയനീയമായ മാറുകയാണ് ഉണ്ടായിട്ടുള്ളത്.

അപ്പോൾ പിന്നെ എന്താണ് സംവരണം. അധികാരം കൈയാളുന്ന ബൂർഷ്വാസിയുടെ ആജ്ഞാനുവർത്തികളായ പാർട്ടികൾ പിന്നാക്ക, കീഴാള സമുദായങ്ങളെ പ്രീണിപ്പിച്ച് വോട്ടുബാങ്കുകളായി കൂടെ നിർത്താനും പ്രധാനമായും തൊഴിൽ അവസരങ്ങളെച്ചൊല്ലി സംവരണീയ സമുദായങ്ങളും അല്ലാത്തവരും തമ്മിലുള്ള ശത്രുത നിലനിർത്തുന്നതിനും സംവരണം ഉപയോഗപ്പെടുത്തുന്നു, സംവരണത്തിന്റെ യഥാർത്ഥ്യലക്ഷ്യം വിസ്മരിക്കപ്പെടുന്നു. സത്യത്തിൽ ജാതി, വംശം, മതം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ ജോലിയിലും പ്രൊമോഷനിലും വിദ്യാഭ്യാസ അവസരങ്ങളിലും ക്വോട്ടകൾക്കുവേണ്ടി വിവിധ വിഭാഗങ്ങളിൽനിന്നുയർന്നുവരുന്ന കലഹങ്ങൾ ബൂർഷ്വാ രാഷ്ട്രീയ മണ്ഡലത്തിന്റെ ഉത്സവാഘോഷങ്ങളായി മാറുകയാണ് ചെയ്യുന്നത്. ഇപ്പോൾ മണിപ്പൂരിനെ കശക്കിയെറിയുന്ന ഭ്രാതൃഹന്താക്കളുടെ ആക്രമണ പരമ്പരകളും ഊർജം കണ്ടെടുത്തത് അടുത്തകാലംവരെ പൊതുവിഭാഗങ്ങളിൽപ്പെട്ടിരുന്ന സമുദായങ്ങളെ പട്ടികവിഭാഗത്തിൽപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽനിന്നാണ്. അത് ഗോത്രവിഭാഗങ്ങളിൽ നിലവിൽ അനുഭവിച്ചുവരുന്ന സംവരണ ആനുകൂല്യങ്ങൾപോലും നഷ്ടപ്പെടും എന്ന ഭീതിയും വ്യാപകമായ രീതിയിൽ സൃഷ്ടിക്കപ്പെട്ടു. അപ്രകാരം സാധാരണ ജനങ്ങളുടെ ഇടയിൽ ശത്രുതയും സാഹോദര്യ ശൂന്യതയുംസൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സ്ഥാപിത താൽപര്യം നിറഞ്ഞ ഭരണവർഗ്ഗങ്ങളുടെ ഉപജാപങ്ങളുടെ ഉപകരണം മാത്രമായി സംവരണം മാറി.

**അവകാശവാദം**

11 കോടിയിലധികം കർഷകർക്ക് പ്രതിവർഷം പിഎം കിസാൻ വഴി 6000 രൂപ ധനസഹായമായി ലഭിക്കുന്നു.

**യാഥാർത്ഥ്യം**

ശരിയാണ്, വർഷംതോറും 6000 രൂപ പലതവണയായി കർഷകർക്ക് എറിഞ്ഞു കൊടുക്കുന്നുണ്ട്. അതേസമയം കൃഷിക്കു വേണ്ട വിത്തുകളുടെയും വളത്തിന്റെയും കീടനാശിനികളുടെയും ഡീസലിന്റെയും മറ്റു കാർഷിക സാമഗ്രികളുടെയും ക്രമാതീതമായ വിലവർദ്ധനവിൽ കർഷകർ നട്ടം തിരിയുന്നു എന്നത് പൊള്ളുന്ന യാഥാർത്ഥ്യമല്ലേ. ഉദാഹരണത്തിന് ഡിഎപി ഫെർട്ടിലൈസർ 50 കിലോഗ്രാമിന് 2014 മെയ് മാസത്തിൽ 1125 രൂപയായിരുന്നത് ഇപ്പോൾ 1572 രൂപയാണ്. 2014ൽ ഡീസൽ ലിറ്ററിന് 50 രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ ഇരട്ടിയിലധികമാണ്. രണ്ടാമതായി പ്രയോജനപ്രദമായ വില വിളകൾക്ക് വളരെ അപൂർവ്വമായാണ് ലഭിക്കുന്നത്. അഴിമതി നിറഞ്ഞതും നീതിപൂർവകമല്ലാത്തതുമായ വിള സമാഹരണ സംവിധാനങ്ങൾ സർക്കാർ പിന്തുണയോടെ ഇടനിലക്കാരും സ്വകാര്യ സംരംഭകരും കൗശലപൂർവം നിയന്ത്രിക്കുന്നു എന്നതാണ്.

അതിലുപരി പലപ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിതഫലങ്ങൾ വളർന്നുകൊണ്ടിരിക്കുന്ന വിളകൾക്കുമേൽ പ്രകൃതിക്ഷോഭങ്ങളുടെ രൂപത്തിൽ നാശം അഴിച്ചുവിടുന്നു. അതിന്റെ ഫലമായി മെച്ചപ്പെട്ട വിളകൾ ലഭിക്കുന്ന സന്ദർഭത്തിൽപ്പോലും മുതലാളിത്ത ഉപാധികളിൽ നഷ്ടം സഹിച്ചുകൊണ്ട് കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റുതുലയ്ക്കുവാൻ നിർബന്ധിതരാകുന്നു. ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ ഒരു ദിവസം 15 കർഷകർ ആത്മഹത്യ ചെയ്യുന്നു. ഇന്ത്യയിൽ ഇന്നുവരെ 4.75ലക്ഷം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. അപ്പോൾ പിന്നെ പിഎം കിസാൻ പദ്ധതി പബ്ലിസിറ്റി സ്റ്റണ്ടല്ലാതെ മറ്റെന്താണ്.

**അവകാശവാദം**

പിഎം ഫസൽ ഭീമ യോജനപ്രകാരം 1.35ലക്ഷം കോടി രൂപയിലേറെ ക്ലയിമുകൾ തീർപ്പാക്കിയിട്ടുണ്ട്.

**യാഥാർത്ഥ്യം**

ഈ വിള ഇൻഷ്വറൻസ് സ്കീം തെറ്റായ ഉള്ളടക്കംകൊണ്ടും അപകടകരമായ പ്രക്രിയകൾ കടന്നുപോകേണ്ടതുകൊണ്ടും നടത്തിപ്പിലെ തീവ്രമായ അഴിമതികൾകൊണ്ടും കർഷകരെ സഹായിക്കുന്നതിനുള്ള സർക്കാരിന്റെ വൈമനസ്യംകൊണ്ടുംതീർത്തും പരാജയമാണ്. റിപ്പോർട്ടുകൾ പ്രകാരം കേവലം 6.61ശതമാനം ക്ലയിമുകൾ മാത്രമാണ് തീർപ്പാക്കപ്പെട്ടിട്ടുള്ളത്. വിളപരാജയം നേരിടുന്ന പാട്ട കർഷകരുടെ പ്രശ്നങ്ങൾ നേരിടുവാൻ ഈ പദ്ധതിയിൽ സവിശേഷ വ്യവസ്ഥകളില്ല. ഈ പുതിയ വിള ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വറൻസ് പരിരക്ഷയിലേക്ക് കൊണ്ടുവരേണ്ട കൃഷിക്കാരെ രേഖപ്പെടുത്തുന്നതിനും കൊണ്ടുവരുന്നതിനും കൃത്യമായ വ്യവസ്ഥകൾ ഇല്ല. മറിച്ച് ഇൻഷ്വറൻസ് കമ്പനികൾക്ക് വലിയ അനുഗ്രഹമായി മാറുന്നതാണ് ഈ സ്കീം. ഈ സ്കീം പ്രഖ്യാപിക്കപ്പെട്ടതിനുശേഷമുള്ള അഞ്ചുവർഷംകൊണ്ട് ഒരു ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് കോടി രൂപ ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയമായി ലഭിച്ചിട്ടുണ്ട്.

അതേസമയം കേവലം 87320 കോടി രൂപ മാത്രമാണ് നഷ്ടപരിഹാരമായി നൽകപ്പെട്ടിട്ടുള്ളത്. പ്രീമിയത്തിന്റെ ഏകദേശം 31 ശതമാനം ഇൻഷുറൻസ് കമ്പനികൾ ലാഭമായി കൈക്കലാക്കുന്നു. ഈ സ്കീമിൽ നിന്നും റിലയൻസ് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ലിമിറ്റഡിന് 59% പ്രീമിയവും ലാഭമാക്കി മാറ്റുവാൻ കഴിഞ്ഞു. അതേപോലെതന്നെ ഫ്യൂച്ചർ ജനറൽ ഇന്ത്യ ഇൻഷ്വറൻസ്, ഐഎഫ്എഫ്സിഒ, എച്ച്ഡിഎഫ്സി-അഗ്രോ എന്നീ കമ്പനികൾ പ്രീമിയത്തിന്റെ യഥാക്രമം 60.91%, 52%, 32% വീതം നേടിയെടുത്തു. ഫസൽ ഭീമ യോജനക്കുള്ള ബജറ്റ് വിഹിതമാകട്ടെ അവസാന ബജറ്റിൽ കേവലം 2000 കോടിയായി ചുരുക്കപ്പെട്ടു.

**അവകാശവാദം**

ആദിവാസി മേഖലകളിലെ കുട്ടികൾക്ക് പ്രയോജനകരമാകുന്ന ഏകലവ്യ വിദ്യാലയങ്ങൾ ആരംഭിച്ചു.

**യാഥാർത്ഥ്യം**

സർക്കാർ കണക്കുകൾ പ്രകാരം തന്നെ ആവശ്യമായതിന്റെ കേവലം 58% അധ്യാപകർ മാത്രമാണ് ഏകലവ്യ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നത്. ആദിവാസി ക്ഷേമ മന്ത്രി രാജ്യസഭയിൽ അറിയിച്ചത് 394 ഏകലവ്യ വിദ്യാലയങ്ങൾക്ക് ആവശ്യമുള്ള 7030 അധ്യാപകർക്ക് പകരം 4138 അധ്യാപകർ മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്നാണ്. ഉദ്യോഗസ്ഥർ പറയുന്നത് അനുവദിക്കപ്പെട്ട 688 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സ്ഥാനത്ത് നവംബർ 2022 വരെ 392 വിദ്യാലയങ്ങളാണ് പ്രവർത്തനക്ഷമം ആയിട്ടുള്ളതെന്നാണ്.

**അവകാശവാദം**

18 അർദ്ധ അതിവേഗ വന്ദേഭാരത് ട്രെയിനുകൾ ഓടിത്തുടങ്ങി.

**യാഥാർത്ഥ്യം**

വന്ദേ ഭാരത് സമ്പന്നർക്കും പ്രമാണിമാർക്കും വേണ്ടിയുള്ള ചിലവേറിയ ട്രെയിനുകളാണ്. എസി ചെയർ കാറിലെ യാത്രക്കൂലി അതേ ദൂരം യാത്ര ചെയ്യുന്ന ജനശതാബ്ദി ട്രെയിനുകളുടെ നിരക്കിന്റെ 1.5 ഇരട്ടിയും എക്സിക്യൂട്ടീവ് ക്ലാസിന്റേത് മുന്തിയ ട്രെയിനുകളുടെ എസി ഫസ്റ്റ് ക്ലാസിന്റെ 1.4 ഇരട്ടിയും ആണ്. സാധാരണക്കാർ യാതൊരു സൗകര്യങ്ങളും ഇല്ലാത്ത അൺ റിസർവ്ഡ് കമ്പാർട്ട്മെന്റുകളിൽ എത്രയോ യാതനകൾ സഹിച്ചു കൊണ്ടാണ് യാത്ര ചെയ്യുന്നത്. ബഹുഭൂരിപക്ഷം ജനങ്ങളും യാത്രചെയ്യുന്ന സാധാരണ എക്സ്പ്രസ് ട്രെയിനുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് വേണ്ടത്. റെയിൽവേ വരുമാനത്തിന്റെ പകുതി ഭാഗവും വരുന്നത് സെക്കൻഡ് ക്ലാസ് സ്ലീപ്പർ ക്ലാസ് യാത്രക്കാരിൽ നിന്നുമാണ്. എസി യാത്രക്കാർ ആകെ യാത്രക്കാരുടെ ഒന്നര ശതമാനമേ വരൂ. പക്ഷേ മോഡി സർക്കാരിന് വലിയ വിഭാഗം സാധാരണക്കാരിൽ താല്പര്യമില്ല മറിച്ച് ഏതാനും സമ്പന്നരുടെയും ഉയർന്നശേഷിയുള്ളവരുടെയും സൗകര്യങ്ങളിൽ മാത്രമാണ് താല്പര്യം. വന്ദേ ഭാരത ട്രെയിനുകൾ ആകട്ടെ സാങ്കേതിക വീഴ്ചകളും വേഗതക്കുറവും പ്രകടിപ്പിച്ചു തുടങ്ങി. പലതവണ അഗ്നിബാധയ്ക്ക് ഇരയായി, എയർകണ്ടീഷനുകൾ ശരിയായി പ്രവർത്തിക്കാതിരിക്കുന്നതായും നിലവാരം ഇല്ലാത്ത ഭക്ഷണം നൽകപ്പെടുന്നതായും ആക്ഷേപങ്ങൾ ഉയർന്നു. നരേന്ദ്രമോദിയുടെ പൊങ്ങച്ച നേട്ടങ്ങൾക്കായി ഉയർത്തിക്കാണിക്കാനുള്ള ഒരു ടെക്നിക്കൽ ഷോക്കേസ് ഐറ്റം മാത്രമായി വന്ദേ ഭാരത് മാറി.

**അവകാശവാദം**

വിമാനത്താവളങ്ങളുടെ എണ്ണം 9 വർഷം കൊണ്ട് 74ൽ നിന്നും 148 ആയി ഉയർന്നു.

**യാഥാർത്ഥ്യം**

ഇന്ത്യയിലെ മുഴുവൻ വിമാനത്താവളങ്ങളും പൊതു ധനം ഉപയോഗിച്ച് ആണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ഓരോന്നോരോന്നായി സ്വകാര്യ സംരംഭകർക്ക് 50 വർഷ കണക്കിൽ വാടകയ്ക്ക് നൽകുന്നു. സ്വകാര്യ നിയന്ത്രണത്തിൽ വന്നതിനുശേഷം യാത്രക്കാരിൽ നിന്നും ഈടാക്കുന്ന യൂസർ ഫീസും എയർപോർട്ട് ചാർജ്ജുകളും പലതവണ വർദ്ധിപ്പിക്കപ്പെട്ടു. സ്വകാര്യവൽക്കരണം, തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെട്ട് കരാർ തൊഴിലുകളിൽ അടിഞ്ഞുകൂടാൻ എയർപോർട്ട് ജോലിക്കാരെ നിർബന്ധിതരാക്കി. അതിലുപരി ഈ വിമാനത്താവളങ്ങളിൽ സിംഹഭാഗവും കൈമാറിയത് അദാനി ഗ്രൂപ്പിനാണ്. മോദിയുടെ പ്രിയങ്കരനായ കോർപ്പറേറ്റിന് ഇതെല്ലാം നൽകിയത് അവശ്യം വേണ്ട നിയമപരമായ പ്രക്രിയകൾ മുഴുവൻ ഉപേക്ഷിച്ചു കൊണ്ടാണ്. സത്യത്തിൽ അദാനിയുടെ ഉടമസ്ഥതയിലുള്ള എയർപോർട്ടുകൾ ലാൻഡിങ് ചാർജ്ജുകളിലും പാർക്കിംഗ് ചാർജ്ജുകളിലും ലക്ഷ്യമിടുന്ന വർദ്ധനവിനെക്കുറിച്ച് മറ്റ് വിമാന കമ്പനികൾ ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റിക്ക് മുൻപിൽ എതിർപ്പ് ഉന്നയിച്ചിട്ടുണ്ട്.

(ശേഷം 7–ാം പേജിൽ)

**മോദിയുടെ അവകാശവാദങ്ങളും യാഥാർത്ഥ്യവും**

# എല്ലാ തിന്മകളും മറച്ചുവച്ചുകൊണ്ട് കുത്തക മാദ്ധ്യമങ്ങൾ മോദിയെ മികച്ച ഭരണാധികാരിയായി വാഴ്ത്തുന്നു

(6–ാം പേജിൽ നിന്ന്)

**അവകാശവാദം**

53,000 കിലോമീറ്റർ ഹൈവേകൾ നിർമ്മിച്ചു.

**യാഥാർത്ഥ്യം**

ഹൈവേകളും എക്സ്പ്രസ് വേകളും നിർമ്മിക്കുന്നത് ജനങ്ങൾക്കുള്ള പ്രയോജനം ലക്ഷ്യം വെച്ചല്ല. മറിച്ച് രാഷ്ട്രീയ അധികാരികളുടെ കയ്യിലേക്ക് കമ്മീഷനായി എത്തിക്കുന്നതിനുള്ള വഴികൾ തന്നെയാണ്. നിർമ്മിതമായ ഹൈവേകളിലും എക്സ്പ്രസ് വേകളിലും ഗുണമേന്മയും രാത്രാ സുരക്ഷിതത്വവും ഇല്ല. രൂപകല്പനയിലെ വീഴ്ചകളും ഗുണമേന്മ കുറവുള്ള സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണവും അപകടങ്ങൾക്ക് കാരണമാകുന്നു എന്ന് വിലയിരുത്തലുകൾ വെളിവാക്കുന്നു. എക്സ്പ്രസ് വേകളും ഹൈവേകളും നിർമ്മിക്കുന്ന കമ്പനിയിൽ അടിപ്പാതകളും സർവീസ് റോഡുകളും നിർമിക്കാതെ സമീപസ്ഥരായ ഗ്രാമീണ അടക്കം എക്സ്പ്രസ്സ് വേകളിലൂടെ സഞ്ചരിക്കുവാൻ നിർബന്ധിതരാകുന്നു. ഓരോ വർഷവും ഒന്നരലക്ഷം ആളുകൾ റോഡ് അപകടങ്ങളിൽ മരിക്കുന്നു. ശരാശരി ഒരു ദിവസം 1130 അപകടങ്ങളും 422 മരണങ്ങളും. ഓരോ എക്സ്പ്രസ് വേകളിലും പലയിടങ്ങളിലും ടോൾ ബൂത്തുകൾ സ്ഥാപിച്ചുകൊണ്ട് ഭീമമായ ടോൾ ഈടാക്കുന്നു. പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേറ്ററി വ്യവസ്ഥയിൽ നിർമ്മാണങ്ങൾ നടത്തിയിരിക്കുന്ന സ്വകാര്യ കമ്പനികൾ നിർമ്മാണത്തിനുവേണ്ടി ചിലവഴിച്ചതിനേക്കാൾ വളരെയധികം തുക കൂടുതൽ ഇതിനോടകം ഈടാക്കിയിട്ടും തുടർന്നും ടോൾ ചാർജ് പിരിച്ചുകൊണ്ടേയിരിക്കുന്നു.

**അവകാശവാദം**

2019 ഒക്ടോബർ രണ്ടാം തീയതി ഇന്ത്യ തുറന്ന ഇടങ്ങളിൽ ഉള്ള വിസർജനത്തിൽ നിന്നും പൂർണമായും വിമുക്തമായി എന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

**യാഥാർത്ഥ്യം**

ദേശീയ കുടുംബ ആരോഗ്യ സർവേ 5 (എൻ എഫ് എച്ച് എസ് 5)2019– 21 വിവരങ്ങൾ പ്രകാരം 24ശതമാനം ഗ്രാമീണ ഭവനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഇല്ല. അതിനർത്ഥം അവർ തുറന്ന സ്ഥലത്ത് മലമൂത്ര വിസർജനം നടത്തുന്നു എന്നു തന്നെയാണ്. റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത് നിർമ്മാണത്തിലെ പിഴവുകൾ നിമിത്തവും ജലലഭ്യതയുടെ അഭാവം മൂലവും ആളുകൾ ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നില്ല എന്നാണ്.

**അവകാശവാദം**

രാമക്ഷേത്രം അയോധ്യയിൽ നിർമ്മാണം പൂർത്തിയാക്കി വരുന്നു, അപ്രകാരം സാംസ്കാരിക ആത്മീയ പാരമ്പര്യ കേന്ദ്രങ്ങൾ പുനഃനിർമ്മിക്കുന്നതു വഴി ജനങ്ങളുടെ വിശ്വാസത്തോട് ആദരവ് പുലർത്തുന്നു.

**യാഥാർത്ഥ്യം**

മതാന്ധത ബാധിച്ച ആർഎസ്എസ്, ബിജെപി, സംഘപരിവാർ കാലാൾപട, ചരിത്രസ്മാരകമായിരുന്ന ബാബറി മസ്ജിദ് തകർത്തു കളഞ്ഞു. കുറ്റകരമായ ആ പ്രവൃത്തിയെ ജുഡീഷ്യറി ന്യായീകരിക്കുകയാണ് ഉണ്ടായത്. ചരിത്രം കണ്ട ഭയാനകമായ ആ നീതി നിഷേധം, നിയമത്തിന്റെയും പ്രാമാണികമായ രീതികളുടെയും നീതിബോധത്തിന്റെയും തമസ്കരണം കുടിയായിരുന്നു. പതിനെണ്ണായിരം കോടിയിൽ അധികം ചിലവഴിച്ചുകൊണ്ട് രാം മന്ദിർ നിർമ്മിക്കുവാൻ മദോന്മാദംപൂണ്ട ബിജെപി ഗവൺമെന്റ് ഇപ്പോൾ തുനിയുന്നത് അന്ധമായ ഹിന്ദുത്വ വികാരത്തെ ഊട്ടി വളർത്തുന്നതിനും സാമുദായിക സാമൂഹ്യ വിഭജനം ശക്തിപ്പെടുത്തുന്നതിനും അതുവഴി തെരഞ്ഞെടുപ്പിൽ നേട്ടങ്ങൾ കൈക്കലാക്കുന്നതിനുംവേണ്ടി മാത്രമാണ്. ഇന്ത്യയിലെ പൗരന്മാരുടെ എല്ലാത്തരം ദുരിതങ്ങളെയും ലഘൂകരിക്കുവാൻ ഇത് പര്യാപ്തമാകുമെന്ന് പ്രധാനമന്ത്രി മോദിക്ക് പറയാനാകുമോ. തീവ്ര ഹിന്ദുത്വവാദത്തെ തഴുകാൻ അല്ലാതെ മറ്റൊന്നിനും വേണ്ടിയുള്ളതല്ല ഈ വീമ്പ് പറച്ചിൽ. 2023 ഡിസംബറിൽ രാമക്ഷേത്രം ഉദ്ഘാടനം ചെയ്യുന്നതിനെക്കുറിച്ചുള്ള ബിജെപിയുടെ മുഴുവൻ മുന്നൊരുക്കങ്ങളും 2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്.

**അവകാശവാദം**

മൊത്തം കയറ്റുമതി 750 ബില്യൺ ഡോളർ കടന്നു. (75,000 കോടി ഡോളർ)

**യാഥാർത്ഥ്യം**

ഇന്ത്യയുടെ കയറ്റുമതിയിൽ 2023 ജൂൺ മാസത്തിൽ 32.97 ഡോളർ ആയി ചുരുങ്ങി. അതായത് കഴിഞ്ഞ മൂന്നു വർഷങ്ങളായി 22% വരുന്ന കയറ്റുമതി ഇടിവ് തുടർന്നുവരുന്നു.

**അവകാശവാദം**

ജി–20 അധ്യക്ഷപദവി പ്രയോജനപ്പെടുത്തിക്കൊണ്ട് ആഗോള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി.

**യാഥാർത്ഥ്യം**

അപ്രകാരം ഏത് ആഗോള പ്രശ്നമാണ് പരിഹരിക്കപ്പെട്ടിട്ടുള്ളത്? റഷ്യക്കും ഉക്രൈനുമിടയിൽ സമാധാനത്തെ കുറിച്ച് അധ്യാപനം നടത്താൻ ഇന്ത്യ ശ്രമിച്ചു, എന്തെങ്കിലും അനുകൂലഫലം നേടുന്നതിൽ പരാജയപ്പെട്ടു. സത്യത്തിൽ ഇന്ത്യയുടെ യുദ്ധത്തിൽ നിന്നുള്ള പരമാവധി നേട്ടം റഷ്യൻ പെട്രോളിയം കുറഞ്ഞ വിലയ്ക്ക് കവർന്നെടുക്കാനായി എന്നതാണ്. ലോകത്തെ, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ചയിലേക്ക് നയിക്കുന്നതിനുള്ള അവസരം എന്ന അന്തസാര ശൂന്യമായ മുദ്രാവാക്യമുയർത്തി ശാക്തീകരണത്തെ കുറിച്ചും കാലാവസ്ഥ വ്യതിയാനത്തെ കുറിച്ചും വെറുതെ ചർച്ചകൾ മാത്രം നടത്തുകയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ തുടരുകയും ചെയ്യുന്നു.' ലോകമിന്ന് കാലാവസ്ഥ പ്രതിസന്ധി, ഊർജ്ജ പ്രതിസന്ധി, പട്ടിണി മുതലായ ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു. റഷ്യ –ഉക്രൈൻ യുദ്ധം, അമേരിക്കക്കും ചൈനയ്ക്കും ഇടയിൽ വർദ്ധിച്ചുവരുന്ന ഭൗമ രാഷ്ട്രീയ സംഘർഷം ഈ വിഷയങ്ങളിൽ ഇന്ത്യ കൃത്യമായ എന്തെങ്കിലും നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ? ജി 20 പ്രസിഡൻസി തങ്ങളുടെ ദേശീയ രാഷ്ട്രീയത്തെ വെള്ളിവെളിച്ചത്തിൽ നിലനിർത്തുന്നതിനും വരുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ നേട്ടങ്ങൾ ഉണ്ടാകുന്നതിന് മാത്രമാണ് ഗവൺമെന്റ് ഉപയോഗിക്കുന്നത്.

**അവകാശവാദം**

സ്ത്രീശാക്തീകരണത്തിൽ അഭിമാനാർഹമായ ഉയർച്ചയുണ്ടായി.

**യാഥാർത്ഥ്യം**

സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ ഭയാനകമായി വർദ്ധിച്ചു. 2022 ൽ ദേശീയ വനിതാ കമ്മീഷന് ഇത് സംബന്ധിച്ച 31000 പരാതികൾ ലഭിച്ചു. ഇത് 2014 മുതലുള്ള പരാതികളിലെ ഉയർന്ന സംഖ്യയാണ്. ദിനംതോറും 86 ബലാത്സംഗ കേസുകളുംഓരോമണിക്കൂറിലുംസ്ത്രീകൾക്കെതിരായ 49 കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നു. കുക്കി ഗോത്ര വിഭാഗത്തിൽപ്പെട്ട രണ്ടു വനിതകളെ നഗ്നരാക്കി നടത്തിയതും ഗുസ്തി താരങ്ങൾക്ക് എതിരായി നടന്ന ലൈംഗിക അതിക്രമങ്ങളും രാജ്യവ്യാപകമായ പ്രതിഷേധങ്ങൾക്ക് കാരണമായി.

ആത്മപ്രശംസയിൽ അഭിരമിക്കുന്ന പ്രധാനമന്ത്രിയുടെ അവകാശവാദങ്ങളുടെ പട്ടിക ഇവിടെയൊന്നും അവസാനിക്കുന്നില്ല. ഓരോ വാദഗതികളും പരിശോധനയ്ക്ക് വിധേയമാക്കുക എന്നത് അതീവ ദുഷ്കരമാണ്. അവകാശവാദങ്ങളാകട്ടെ വിവരങ്ങളെ തെറ്റായി വളച്ചൊടിക്കുകയും തെറ്റിദ്ധാരണ ജനകമായ ആഖ്യാനങ്ങൾ അവതരിപ്പിച്ചു രൂപീകരിക്കപ്പെട്ടവയുമാണ്. വിലക്കയറ്റം, വർദ്ധിച്ചുവരുന്ന തൊഴിൽരഹിത്യം, തൊഴിൽ നഷ്ടങ്ങൾ, ദാരിദ്ര്യം, അസമത്വം, വിവേചനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും ദുർബല സമൂഹങ്ങൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ ഇവയെക്കുറിച്ചെല്ലാം മൗനം അവലംബിക്കുകയും രാജ്യത്തിന്റെ വളർച്ചയെ ട്രില്ല്യൺ കണക്കിന് രൂപയുടെ മാനദണ്ഡത്തിൽ വിലയിരുത്തുകയും അതേസമയം സാധാരണ ഇന്ത്യക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി യാതൊരു നടപടികളും കൈക്കൊള്ളാതിരിക്കുകയും ചെയ്യുന്നു എന്നതാണ് മോഡിയുടെ രീതികൾ. അടിമുടി നുണകളും വസ്തുതാ വിരുദ്ധമായ ആഖ്യാനങ്ങളും വഴി ജനങ്ങളെ കബളിപ്പിച്ച് കൂടെനിർത്തുന്ന ഫാസിസ്റ്റ് സ്വച്ഛാധിപത്യത്തിൻറെ ഉത്തമ ഉദാഹരണമാണ് മോഡിയുടെ ഭരണം. മോദിയുടെ അമേരിക്കൻ സന്ദർശന വേളയിൽ നടത്തിയ പ്രസംഗം നിഷ്പക്ഷമായി ശ്രദ്ധിച്ചാൽ അതെല്ലാം ഏകപക്ഷീയമായ നുണകളുടെ ആഖ്യാനമായിരുന്നുവെന്ന് തിരിച്ചറിയാൻ ഏതൊരാൾക്കും സാധിക്കും. "ലോകത്തിലെ എല്ലാ വിശ്വാസ ധാരകളും നമ്മുടെ മാതൃഭൂമിയിൽ നിന്നുമാണ്, ലോകത്തിലെ എല്ലാ വിശ്വാസ ധാരകളെയും നാം ആഘോഷിക്കുകയും ചെയ്യുന്നു". ഇതിൽ ആദ്യത്തെ ഭാഗം ശരിയാണ്. രണ്ടാമത്തെ നാം മോദിയും, മോദിയുടെ പാർട്ടിയായ ബിജെപിയും, ബിജെപിയുടെ മാതൃസംഘടനയായ ആർഎസ്എസും ആണെങ്കിൽ ഈ പറയുന്നത് പച്ചനുണ മാത്രമാണ്.

മോദിയുടെ സ്വന്തം പ്രസംഗം തന്നെ രണ്ടാമത്തെ വാദം തെറ്റാണെന്ന് സാക്ഷ്യം പറയുന്നു. ഇന്ത്യയുടെ 75 വർഷത്തെ സ്വാതന്ത്ര്യത്തെ അദ്ദേഹം എതിർ താരതമ്യം ചെയ്യുന്നത് ആയിരം വർഷത്തെ വിദേശ ഭരണവുമായാണ്. ഇത് സംഘപരിവാറിന്റെ കാലഗണനാ കണക്കുപ്രകാരം 750 വർഷത്തെ മുസ്ലിം ഭരണവും 250 വർഷത്തെ ബ്രിട്ടീഷ് ഭരണവും ഒന്നുപോലെ ആയിരം വർഷത്തെ വിദേശഭരണമായി വിലയിരുത്തുന്നു. ഈ ഒരു സഹസ്രാബ്ദത്തിലെ മർദ്ദകഭരണം എന്ന രൂപകം ഉപയോഗിച്ചുകൊണ്ടാണ് സംഘപരിവാർ സൃഷ്ടിക്കുന്ന കപട ഭാവനയിൽ മുസ്ലിം ജനസാമാന്യം ഇനി ഒരിക്കലും തിരിച്ചെടുക്കാൻ ആവാത്ത വിധം അപരവൽക്കരിക്കപ്പെടുന്നു. ആയിരം വർഷത്തെ അടിമത്തം പോലെയുള്ള ആഖ്യാനങ്ങൾ എഴുതപ്പെടാനിരിക്കുന്നു. സംഘപരിവാർ സൈദ്ധാന്തികർ നിരന്തരം ഊന്നി പറയുന്ന കാര്യമാണ് യഥാർത്ഥ ഇന്ത്യൻ പൗരരായി പരിഗണിക്കപ്പെടണമെങ്കിൽ സമൂഹം അവരുടെ ഹിന്ദുത്വ പൈതൃകം തെളിയിക്കാൻ തയ്യാറാകണം എന്നത്. ആർആർഎസ്എസ് പറയുന്ന വൈവിധ്യങ്ങളുടെ ഇന്ത്യയിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുമതത്തിലേക്ക് പരിവർത്തനപ്പെടുന്നത് ബലപ്രയോഗം മൂലമല്ല, മറിച്ച്, അവരുടെ യഥാർത്ഥ സ്വത്വത്തിലേക്ക് മടങ്ങിയെത്തുന്നതിനുള്ള ത്വരമൂലമാണ്. അവരുടെ മതപരിവർത്തനം സ്വന്തം വീടുകളിലേക്കുള്ള മടങ്ങി വരവാണ്(ഖർ വാപസി) അനഭിമതങ്ങളായ ചോദ്യങ്ങളെ മറയ്ക്കുന്നതിനുവേണ്ടിയാണ് മോദി, ജനാധിപത്യം, ജനാധിപത്യം എന്നിങ്ങനെ വാഴ്ത്തുപാട്ടുകൾ പാടുന്നത്. ജനാധിപത്യം നമ്മുടെ ആത്മാവാണ്, ജനാധിപത്യം നമ്മുടെ സിരകളിലാണ് ഓടുന്നത്, നമ്മൾ ജനാധിപത്യത്തിൽ ജീവിക്കുന്നു, നമ്മുടെ പൂർവികരാണ് ആ പരികല്പനയ്ക്ക് അർത്ഥവും ദേഹവും പകർന്നത്, ഞാൻ ജനാധിപത്യം എന്ന് പറയുമ്പോൾ അത്, ജാതി, മതം,ലിംഗം, വംശം തുടങ്ങിയ പരിഗണനകളെയെല്ലാം അപ്രസക്തമാക്കുന്നതാണ്, അവിടെ യാതൊരുവിധ വിവേചനങ്ങൾക്കും ഇടമില്ല. നിങ്ങൾ ജനാധിപത്യത്തെക്കുറിച്ച് പറയുമ്പോൾ മാനുഷിക മൂല്യങ്ങൾ ഇല്ലെങ്കിൽ, മാനവികത ഇല്ലെങ്കിൽ, മനുഷ്യാവകാശങ്ങൾ ഇല്ലെങ്കിൽ അപ്പോൾ അത് ജനാധിപത്യം അല്ല... ഇങ്ങനെയാണ് വാചകമടി.

ഒരു അമേരിക്കൻ മാധ്യമപ്രവർത്തകൻ, നിങ്ങളുടെ രാജ്യത്ത് മുസ്ലീങ്ങളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിനും അഭിപ്രായസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതിനും എന്തെങ്കിലും ചെയ്യാൻ ആകുമോ എന്ന് ചോദിച്ചപ്പോൾ നരേന്ദ്രമോദി പറഞ്ഞത് അവർക്ക് മെച്ചപ്പെടേണ്ട ആവശ്യമില്ല എന്നാണ്. ഞങ്ങളുടെ ഭരണഘടനയും ഞങ്ങളുടെ ഗവൺമെന്റുംജനാധിപത്യത്തോട് പ്രതിജ്ഞാബദ്ധരാണ്. യാതൊരുവിധ വിവേചനങ്ങൾക്കും എന്റെ ഗവൺമെന്റിൽ സ്ഥാനമില്ല. കൗശല പൂർവ്വം ഇന്ത്യയുടെ ജനാധിപത്യ ഭരണഘടനയുടെ പിന്നിൽ അഭയം തേടിക്കൊണ്ട്, തന്റെ ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്കെതിരായ വിവേചനങ്ങളെയും അഭിപ്രായങ്ങളുടെമേൽ ഏർപ്പെടുത്തുന്ന അടിച്ചമർത്തലുകളെയും മറച്ചുവെച്ച് മനുഷ്യാവകാശങ്ങൾ ഇല്ലാതെ ജനാധിപത്യം ഇല്ല എന്ന വിൺവാക്കിലൂടെയും ജനാധിപത്യത്തിന്റെ സത്ഫലങ്ങൾ മത, ജാതി, ലിംഗം, വംശ വ്യത്യാസം ഇല്ലാതെ വിതരണം ചെയ്യപ്പെടുന്നു എന്ന പച്ചക്കള്ളത്തിലൂടെയും കാര്യമാത്ര പ്രസക്തമായ ആരോപണങ്ങളെ മറികടന്നു. ഇതെല്ലാം തികഞ്ഞ കാപട്യം അല്ലാതെ മറ്റെന്താണ്? ആർഎസ്എസ്, ബിജെപി, സംഘപരിവാർ ശക്തികൾ ന്യൂനപക്ഷങ്ങൾക്കെതിരായി വെറുപ്പിനെ തീവ്രതരമാക്കുന്നത് എങ്ങനെയെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ജാതി, സമുദായ, വംശീയ, കലാപങ്ങളും അക്രമങ്ങളും രൂപപ്പെടുന്നു, സംശയത്തിന്റെ പേരിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മനുഷ്യരെ തല്ലിക്കൊല്ലാൻ ആൾക്കൂട്ടങ്ങളെ അനുവ

(ശേഷം 8–ാം പേജിൽ)

# ശിബ്ദാസ് ഘോഷ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടധാരയുടെ പ്രതിനിധി

**സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികൾക്ക് സംസ്ഥാനതല സമാപനം കുറിച്ചുകൊണ്ട് 2023 ജൂലൈ 22ന് ആലപ്പുഴയിൽ നടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ നടത്തിയ പ്രസംഗത്തിന്റെ പരിഭാഷ.**

**ഈ** ഗംഭീരമായ സമ്മേളനത്തിന്റെ ബഹുമാന്യനായ അധ്യക്ഷൻ, വേദിയിലിരിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന നേതാക്കളേ, സഖാക്കളേ, സുഹൃത്തുക്കളേ, സ്വാതന്ത്ര്യ സമര സേനാനിയും മഹാനായ മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ സംസ്ഥാനതല സമാപന പരിപാടിയാണ് ഇതെന്ന് നിങ്ങൾക്കറിയാവുന്നതാണ്. സഖാവ് ശിബ്ദാസ് ഘോഷിന്റെ ജീവിതസമരത്തിന്റെയും ചിന്തയുടെയും വിവിധ വശങ്ങളെക്കുറിച്ചും ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ചും പല കാര്യങ്ങളും നിങ്ങൾ കേട്ടുകഴിഞ്ഞു.

സുഹൃത്തുക്കളെ, ചരിത്രത്തിൽ നാം ഒരു വ്യക്തിയെ മഹാനായി കണക്കാക്കുന്നത് അദ്ദേഹത്തിന്റെ ചിന്തയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിലാണ്. ആ അർത്ഥത്തിൽ നമുക്ക് നൂറു കണക്കിന് വ്യക്തികളെ യഥാർത്ഥത്തിൽ മഹാന്മാർ എന്ന് വിളിക്കാൻ കഴിയും. ചരിത്രത്തിൽ എല്ലാ കാലഘട്ടങ്ങളിലും നമുക്ക് അത്തരം മഹത് വ്യക്തിത്വങ്ങളെ കാണാൻ കഴിയും. ബുദ്ധൻ, യേശുക്രിസ്തു, മുഹമ്മദ് നബി, പിൽക്കാലത്ത് ക്രോംവെൽ റോബിസ്പിയർ, എബ്രഹാം ലിങ്കൻ പിന്നീട് നമ്മുടെ നാട്ടിലെ രാജാ റാം മോഹൻ റോയ്, ഈശ്വരചന്ദ്ര വിദ്യാസാഗർ തുടങ്ങിയ നവോത്ഥാന നായകർ, അതുപോലെ തന്നെ സ്വാതന്ത്ര്യ സമരത്തിലെ അസംഖ്യം വ്യക്തിത്വങ്ങൾ.

സഖാവ് ശിബ്ദാസ് ഘോഷിനെ നാം സ്വാതന്ത്ര്യ സമരത്തിലെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ട ധാരയുടെ പ്രതിനിധിയായി വരച്ചു കാട്ടിയതുകൊണ്ട് നമ്മുടെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിട്ടുവീഴ്ച ഇല്ലാത്ത സമരധാര എന്താണ്? ഇന്ത്യൻ മണ്ണിൽ ആദ്യമായി മാർക്സിസം മൂർത്തവൽക്കരിച്ചത് സഖാവ് ശിബ്ദാസ് ഘോഷ് ആയിരുന്നു. മാർക്സിസം സാമാന്യസ്വഭാവമുള്ള ശാസ്ത്രമാണെന്ന് നമുക്കറിയാം. അത് ഓരോ രാജ്യത്തും അതത് രാജ്യത്തെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് പ്രയോഗത്തിൽ വരുത്തേണ്ടതുണ്ട്. അതുകൊണ്ടാണ്, മാർക്സിസം എന്ന ദർശനം മാർക്സും എംഗൽസും ചേർന്ന് ജർമ്മനിയിലാണ് ആവിഷ്കരിച്ചത് എങ്കിലും പിന്നീട് അത് ലെനിൻ റഷ്യയിൽ മൂർത്തവൽക്കരിച്ചത്. അതുതന്നെയാണ് സഖാവ് മാവോ സേ തുങ് ചൈനയിലും ചെയ്തത്. അത്തരത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ഇന്ത്യയിൽ മാർക്സിസം-ലെനിനിസം മൂർത്തവൽക്കരിച്ചു. ലെനിന്റെ പാഠങ്ങളിൽനിന്ന് അദ്ദേഹം പറഞ്ഞു, 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെയും ഒരു പുതിയ യുഗം പിറന്നിരിക്കുകയാണ്, സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗം. ലെനിന്റെ ആശയങ്ങളിൽ നിന്നു തന്നെ അദ്ദേഹം പറഞ്ഞു; ലോകമെങ്ങും മുതലാളിവർഗ്ഗം ഒരു വിപ്ലവ വർഗ്ഗമല്ലാതായി മാറിയിരിക്കുന്നു. തൊഴിലാളിവർഗ്ഗമാണ് വിപ്ലവ വർഗ്ഗം. ഏതെങ്കിലും രാജ്യത്ത് കൊളോണിയൽ വിരുദ്ധ സ്വാതന്ത്ര്യസമരം ബൂർഷ്വാസിയാൽ നയിക്കപ്പെടുകയാണെങ്കിൽ അത് പാതി വെന്തതും അംഗഭംഗം വന്നതുമായിത്തീരും എന്നദ്ദേഹം ചൂണ്ടിക്കാട്ടി. അത് ലെനിന്റെ പാഠമായിരുന്നു. സഖാവ് ശിബ്ദാസ് ഘോഷ് സ്വാതന്ത്ര്യസമരകാലത്ത് ജീവിച്ച ആളായിരുന്നു. തന്റെ പതിമൂന്നാം വയസ്സിൽതന്നെ അദ്ദേഹം സ്വാതന്ത്ര്യ സമരത്തിലേക്ക് എടുത്തുചാടി. അന്ന് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ രണ്ട് ധാരകൾ ഉണ്ടായിരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. രണ്ടു മാർഗ്ഗങ്ങൾ, രണ്ട് ധാരകൾ, അതായത് രണ്ട് പാതകൾ. അവയ്ക്ക് രണ്ടും ലക്ഷ്യം ഒന്നായിരുന്നു എന്നർത്ഥമില്ല. പലരും ഇക്കാര്യത്തിലാണ് ആശയക്കുഴപ്പത്തിൽ അകപ്പെടുന്നത്. ഒരു ലക്ഷ്യവും രണ്ട് മാർഗ്ഗങ്ങളും എന്നതായിരുന്നോ അവസ്ഥ? അല്ല. ശാസ്ത്രം പറയുന്നത്, ഒരു പ്രത്യേക സ്ഥല-കാല സാഹചര്യത്തിൽ ഒരു ലക്ഷ്യം നേടിയെടുക്കാൻ ഒരു മാർഗ്ഗം മാത്രമേ ഉണ്ടാകാൻ കഴിയൂ എന്നാണ്. ഗാന്ധിജി, നെഹ്റു, പട്ടേൽ തുടങ്ങിയവരായിരുന്ന ഒരു ധാരയെ പ്രതിനിധാനം ചെയ്തത്; ഭഗത് സിംഗ്, നേതാജി, ഖുദിറാം ബോസ് തുടങ്ങിയവർ മറുധാരയേയും പ്രതിനിധാനം ചെയ്തു. എന്താണ് ഈ രണ്ടു ധാരകൾ?




ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, വിദേശാധിപത്യത്തിനും ജന്മിത്തത്തിനുമെതിരെ ഇന്ത്യൻ സ്വാതന്ത്ര്യ സമരം ആരംഭിച്ചപ്പോഴേക്കും, റഷ്യയിൽ തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങൾ വളർന്നു വരാൻ തുടങ്ങിയിരുന്നു. ആ മുന്നേറ്റങ്ങൾ ആത്യന്തികമായി 1917 നവംബറിൽ ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ മഹത്തായ നവംബർ വിപ്ലവത്തിലാണ് കലാശിച്ചത്. അതിലൂടെ മുതലാളിവർഗ്ഗം ഒറ്റപ്പെടുത്തപ്പെടുകയും തൊഴിലാളിവർഗ്ഗം അധികാരത്തിൽ വരികയും ചെയ്തു. തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിതമായി. രാജ്യം സോഷ്യലിസത്തിലേക്ക് നീങ്ങി. ഇതെല്ലാം നടന്നത് തൊഴിലാളിവർഗ്ഗത്തിന്റെ വീറുറ്റ പോരാട്ടത്തിന്റെ ഫലമായാണ്. ആ പോരാട്ടംകൊണ്ടു മാത്രമാണ് തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിതമായത്. ഈ ഘട്ടത്തിൽ, ഇന്ത്യയിൽ ഉയർന്നു വന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യ സമരത്തിലാണ് നാം ഈ രണ്ട് ധാരകൾ കാണുന്നത്. ഗാന്ധിജിയുടെ ആശയങ്ങൾ എന്തായിരുന്നു? അദ്ദേഹം ഒരു വശത്ത് അഹിംസയെക്കുറിച്ച് പറഞ്ഞപ്പോൾ മറുവശത്ത് മതപരമായ ആശയങ്ങളുമായി ചേർന്നുനിൽക്കുകയും ചെയ്തു. അദ്ദേഹം രാമരാജ്യത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്; അതായത്, അദ്ദേഹം മതത്തോടും സാമ്രാജ്യത്വത്തോടും ഒരു സന്ധി മനോഭാവം കൈക്കൊണ്ടു. വീറുറ്റ ഒരു പോരാട്ടത്തിന് പകരം, സ്വാതന്ത്ര്യസമരം സമാധാനപരമായിരിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. ജന്മിത്തത്തിന്റേതായ മതപരവും പഴയതുമായ ആശയങ്ങളോട് അദ്ദേഹം സന്ധി ചെയ്തു. മതപരവും ജാതീയവും സാമുദായികവും വംശീയവുമായ പഴയകാല തിന്മകൾക്കെതിരെ പോരാടാൻ അദ്ദേഹം തയ്യാറായിരുന്നില്ല. എന്തായിരുന്നു ഈ സന്ധിചെയ്യലിന്റെ കാരണം? സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി. ഗാന്ധിജി ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ, ഇന്ത്യൻ ബൂർഷ്വാസിയുടെ ചിന്തകളാണ് പ്രതിനിധാനം ചെയ്തത്. അതിനർത്ഥം, ഗാന്ധിജി ബോധപൂർവ്വം അങ്ങനെ ചെയ്തു എന്നോ അദ്ദേഹം സത്യസന്ധനല്ലായിരുന്നു എന്നോ അല്ല. അദ്ദേഹം വളരെ സത്യസന്ധനായ ഒരു മനുഷ്യനായിരുന്നു. എന്നാൽ, സഖാവ് ശിബ്ദാസ് ഘോഷ് കൂട്ടിച്ചേർത്തു, സത്യസന്ധതകൊണ്ടുമാത്രം കാര്യമായില്ല. തെറ്റായ മാർഗം സ്വീകരിക്കുന്ന ഒരാളിനുപോലും തന്റെ ലക്ഷ്യം നേടിയെടുക്കാൻ സത്യസന്ധത ആവശ്യമാണ്. ഗാന്ധിജി സത്യസന്ധനായിരുന്നു, പക്ഷേ അദ്ദേഹം അവലംബിച്ച പാത, ചിന്താ പ്രക്രിയ, പൂർണ്ണമായും ടാറ്റയ്ക്കും ബിർളക്കും അനുകൂലമായതായിരുന്നു. എന്തുകൊണ്ട്? കാരണം അദ്ദേഹം തൊഴിലാളിവർഗ്ഗം അധികാരത്തിൽ വരാനാഗ്രഹിച്ചില്ല. അതേസമയം ബ്രിട്ടനെ പുറത്താക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. ബ്രിട്ടൻ പുറത്തുപോകണം, പക്ഷേ തൊഴിലാളിവർഗ്ഗം അധികാരത്തിൽ വരുന്നത് തടയുകയും വേണം. അദ്ദേഹം അറിയാതെ അദ്ദേഹത്തിന്റെ രാമരാജ്യം ഒരു മുതലാളിത്ത രാജ്യമായിത്തീർന്നു. ഈ അനുരഞ്ജന പാതയായിരുന്നു ഗാന്ധിജിയും നെഹ്റുവും അവലംബിച്ചത്.

രണ്ടാമതായി, മറ്റൊരു പാതയും ഇവിടെ നിലനിന്നിരുന്നു. ഭഗത് സിംഗിലൂടെയും നേതാജിയിലൂടെയും ഉജ്ജ്വലമായി പ്രകടിതമായ വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ ആ അനനുരഞ്ജന ധാര. നേതാജി ജനങ്ങളോട് ആഹ്വാനം ചെയ്തു. "എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം..!" ഗാന്ധിയൻ കാഴ്ചപ്പാടിൽനിന്നും തികച്ചും വ്യത്യസ്തമായി ഭഗത് സിംഗ് ഒരു നിരീശ്വരവാദിയായിരുന്നു. 'ഞാൻ എന്തുകൊണ്ട് ഒരു നിരീശ്വരവാദിയായി' ഭഗത് സിംഗ് എഴുതിയ കൃതിയാണിത്. മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കലർത്തുന്നതിന് അദ്ദേഹം സമ്പൂർണ്ണമായി എതിരായിരുന്നു. നേതാജിയുടെയും കാഴ്ചപ്പാട് അതുതന്നെയായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ ഇവർ രണ്ടുപേരും ഒത്തൊരുമിച്ച് നിന്നു. അവരുടെ സമീപനം വിട്ടുവീഴ്ചയില്ലാത്തതായിരുന്നു. ഈ ധാരയുടെ നേതൃത്വത്തിൽ ഇന്ത്യ സോഷ്യലിസത്തിലേക്ക് മുന്നേറിയേനെ. ഭഗത് സിംഗ് 'ഹിന്ദുസ്ഥാൻ റിപ്പബ്ലിക് അസോസിയേഷൻ' എന്ന തന്റെ സംഘടനയെ 'ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക് അസോസിയേഷൻ'

(ശേഷം 9-ാം പേജിൽ)

## മോദിയുടെ അവകാശവാദങ്ങളും യാഥാർത്ഥ്യവും

(7-ാം പേജിൽ നിന്ന്)

ദിക്കുന്നു, പശുസംരക്ഷകരെന്ന പേരിൽ നടക്കുന്ന ആൾക്കൂട്ട ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, ലവ് ജിഹാദുപോലെയുള്ള പദാവലികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ന്യൂനപക്ഷങ്ങളെ അവമതിക്കുന്നു. ന്യൂനപക്ഷങ്ങളെ, അനധികൃത കുടിയേറ്റക്കാർ, പാക്കിസ്ഥാൻ ചാരന്മാർ എന്നിങ്ങനെ ബ്രാൻഡ് ചെയ്തുകൊണ്ട് കൂട്ടക്കൊലകൾ നടത്താൻ സോഷ്യൽ മീഡിയകൾ വഴി ആഹ്വാനങ്ങൾ ഉയർത്തുന്നു. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് സമാനമായ കാര്യങ്ങളാണ് റിപ്പോർട്ട് ചെയ്യുന്നത്. മറുവശത്ത് കുത്തക കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന ഇന്ത്യയിലെ മുഖ്യധാര മാധ്യമങ്ങൾ മര്യാദയുടെയും സത്യസന്ധതയുടെയും എല്ലാ പരിധികളും ലംഘിച്ചുകൊണ്ട് പ്രധാനമന്ത്രി മോദിയെ കാര്യപ്രാപ്തിയുള്ള രാഷ്ട്രതന്ത്രജ്ഞനായി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ അതിശക്തമായ പങ്കുവഹിക്കുന്ന കുപ്രസിദ്ധമായ ബിജെപിയുടെ ഐടി സെൽ കൃത്രിമവും പ്രകോപന ജനകവുമായ വിവരങ്ങൾ സൃഷ്ടിച്ചുകൊണ്ട്, കൃത്രിമ ചിത്രങ്ങളും വീഡിയോകളും പ്രചരിപ്പിച്ചുകൊണ്ട് എതിർക്കുന്നവരെ അപകീർത്തിപ്പെടുത്തിക്കൊണ്ടും അക്രമങ്ങൾ ആഹ്വാനം ചെയ്തുകൊണ്ടും പ്രധാനമന്ത്രി മോദിയെയും സർക്കാരിനെയും ഒരു മഹത് പ്രതിഭാസമായി അവതരിപ്പിക്കുന്നു. രാജ്യത്തെ കടുത്ത യാതനങ്ങളിലൂടെ കടന്നുപോകുന്ന ജനങ്ങൾ സത്യ ഉൾക്കൊള്ളേണ്ട സമയം വന്നുചേർന്നിരിക്കുന്നു. സത്യത്തെയും തന്ത്രങ്ങളെയും കള്ള ലക്ഷ്യങ്ങളെയും അതിനനുസരിച്ചുള്ള തിന്മയുടെ ആസൂത്രണങ്ങളെയും തിരിച്ചറിയുവാൻ ജനങ്ങൾ തയ്യാറാകണം. ജനങ്ങളുടെ ജീവിതം കൊണ്ട് കള്ളക്കളികൾ കളിക്കുവാൻ തയ്യാറാകുന്ന തട്ടിപ്പുകാരായ നേതാക്കന്മാരെയും ജനങ്ങളുടെ ജീവിതത്തെ അഴിമതി നിറഞ്ഞ മർദ്ദകമനുഷ്യത്വരഹിതമുതലാളിത്തത്തിന്റെ ചങ്ങലക്കെട്ടുകൾക്ക് എറിഞ്ഞു കൊടുക്കുന്ന, രാജ്യത്തെ അടിയുലയുന്ന അവസ്ഥയിലേക്ക് തള്ളിവിടുന്ന അധികാര ശക്തികളെയും തിരിച്ചറിയണം. ■

# തെരഞ്ഞെടുപ്പ് നേട്ടങ്ങൾ മാത്രം ലക്ഷ്യംവയ്ക്കുന്ന കപട കമ്മ്യൂണിസ്റ്റുകൾ രാജ്യത്ത് വളർന്നുവരുന്ന ഫാസിസ്റ്റ് സാഹചര്യത്തോട് നിസ്സംഗത പുലർത്തുന്നു

*(8–ാം പേജിൽ നിന്ന്)*

എന്ന് പുനർനാമകരണം ചെയ്തു. കാരണം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമായിരുന്നു, ബ്രിട്ടീഷുകാരെ പുറത്താക്കിയതുകൊണ്ട് മാത്രം കാര്യമില്ല. ബ്രിട്ടീഷ് ചൂഷകർക്ക് പകരം ഇന്ത്യൻ മുതലാളിവർഗ്ഗം അധികാരത്തിൽ വന്നുകൂടാ. അതായിരുന്നു ഭഗത് സിംഗിന്റെ നിലപാട്. നേതാജിക്കും ഇത് വ്യക്തമായിരുന്നു. ആത്യന്തികമായി സോഷ്യലിസംവേണമെന്നുതന്നെയാണ് അദ്ദേഹവും പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(സിപിഐ) റഷ്യയിലേതുപോലെയുള്ള ലെനിനിസ്റ്റ് ശൈലിയിലുള്ള ഒരു പാർട്ടിയല്ല എന്ന് അക്കാലത്തു തന്നെ നേതാജി പറഞ്ഞു. ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാത്രമെ സോഷ്യലിസം കൊണ്ടുവരാൻ കഴിയൂ. ഇത് ഭഗത് സിംഗും നേതാജിയും പറഞ്ഞ കാര്യങ്ങളാണ്. ഈ രണ്ടു ധാരകളും തമ്മിൽ, അനുരഞ്ജനധാരയും അനനുരഞ്ജനധാരയും തമ്മിൽ വലിയ അന്തരമുണ്ട്.

40 കളിൽ അനനുരഞ്ജനധാരയിലെ സ്വാതന്ത്ര്യസമര സേനാനികൾക്ക് ഒരു കാര്യം വ്യക്തമാകാൻ തുടങ്ങിയിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കാൻ പോവുകയാണ്. ഗാന്ധിജിക്ക് പിന്നിൽ ഉള്ളത് വലിയ ബിസിനസ് കുടുംബങ്ങളും മുതലാളിമാരും ജമീന്ദാർമാരും ആണെന്നവർ തിരിച്ചറിഞ്ഞു. ഇന്ന് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുകയാണെങ്കിൽ ആ സ്വാതന്ത്ര്യം ഒരു പുതിയ കൂട്ടം ചൂഷകരുടെ കൈയിലേക്ക് ആയിരിക്കും പോവുക, ഇന്ത്യക്കാരായ ഒരുകൂട്ടം ചൂഷകരുടെ. അങ്ങനെയെങ്കിൽ ചൂഷണം തുടരുകയായിരിക്കും ഫലം. ഇന്ത്യയിലെ തൊഴിലാളികളും കർഷകരും സാധാരണക്കാരും ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ ചൂഷണത്തിന് ഇരയായിത്തീരും.

ഈ അനനുരഞ്ജനധാരയിലായിരുന്നു സഖാവ് ശിബ്ദാസ് ഘോഷ് പ്രവർത്തിച്ചിരുന്നത്. അദ്ദേഹം1942ലെ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. 1923 ആഗസ്റ്റ് 5ന് കിഴക്കൻ ബംഗാളിലെ ധാക്കയിലാണ് അദ്ദേഹം ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനപ്പുറത്തേക്ക് അദ്ദേഹം തന്റെ ഔപചാരികപഠനം തുടർന്നില്ല. സ്വാതന്ത്ര്യസമരത്തിന്റെ ആഹ്വാനം ഏറ്റെടുത്തുകൊണ്ട് അദ്ദേഹം അതിലേക്ക് എടുത്തുചാടി. പിന്നീട് അദ്ദേഹം കൽക്കത്തയിൽ എത്തി. 42ലെ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത അദ്ദേഹം തന്റെ ഏതാനും സഖാക്കളോടൊപ്പം അറസ്റ്റിലായി. ജയിലിൽ കിടക്കവേ നടത്തിയ വിപുലമായ പഠനത്തിൽ നിന്ന് അദ്ദേഹം സിപിഐ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ല എന്ന നിഗമനത്തിലെത്തിച്ചേർന്നു. അന്ന് അവിഭക്ത സിപിഐയുടെ കാലമായിരുന്നു. പിന്നീട് അത് പിളർന്നാണ് സിപിഐ, സിപിഐ (എം), സിപിഐ(എംഎൽ) തുടങ്ങിയ വിഭാഗങ്ങൾ ഉണ്ടായത്. അന്നത്തെ സിപിഐ സത്യസന്ധരുടെ പാർട്ടിയായിരുന്നു. അവർ വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചു. സഖാവ് ശിബ്ദാസ് ഘോഷ് എപ്പോഴും അവരോട് ആദരവ് പുലർത്തിയിരുന്നു. അതിന്റെ പ്രവർത്തകർ ജീവൻ കൊടുക്കുകപോലും ചെയ്തു. എന്നാൽ അവർക്ക് മാർക്സിസം-ലെനിനിസത്തിന്റെ കാഴ്ചപ്പാട് ഗ്രഹിക്കാനായില്ല. എന്താണ് മാർക്സിസം എന്നവർക്ക് മനസ്സിലായില്ല. മാർക്സിന്റെ പാഠങ്ങളുടെവെളിച്ചത്തിൽസഖാവ് ശിബ്ദാസ് ഘോഷ് ഒരു അടിസ്ഥാന കാര്യം വ്യക്തമാക്കി. "ലോകത്തെ മാറ്റുന്നതിനു മുൻപ് തൊഴിലാളികൾക്ക് സ്വയം മാറേണ്ടതുണ്ട്". ഇവിടെ സഖാവ് ശിബ്ദാസ് ഘോഷ് ഒരു വിഷയം അവതരിപ്പിച്ചു. സിപിഐയുടെ നേതാക്കൾമധ്യവർഗത്തിൽനിന്ന് വന്ന വിദ്യാസമ്പന്നരായിരുന്നു. അവർ സ്വയം മാറിയിരുന്നില്ല. സ്വയം മാറുന്നില്ലെങ്കിൽ, സ്വയം പരിവർത്തനപെട്ട് തൊഴിലാളിവർഗ്ഗ സംസ്കാരം, കമ്മ്യൂണിസ്റ്റ് സംസ്കാരം ആർജ്ജിക്കുന്നില്ലെങ്കിൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്ക് പോകാനാവില്ല. അതിന്റെ നേതാക്കൾ മധ്യവർഗ കുടുംബങ്ങളിൽനിന്ന് വന്നവരായതുകൊണ്ട് സ്വയം പരിവർത്തനപ്പെട്ട്, തൊഴിലാളിവർഗ്ഗ സംസ്കാരം അഥവാ കമ്മ്യൂണിസ്റ്റ് സംസ്കാരം ആർജിക്കാതിരുന്നതുകൊണ്ട്, അവർ രൂപീകരിച്ച പാർട്ടിക്ക് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയാകാൻ കഴിഞ്ഞില്ല. പകരം അതൊരു പെറ്റി ബൂർഷ്വാ പാർട്ടിയായിത്തീർന്നു.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഭഗത് സിംഗിനെ ബ്രിട്ടീഷ് ഭരണാധികാരികൾ വധശിക്ഷയ്ക്ക് വിധിച്ചപ്പോൾ സിപിഐയുടെ നേതാവിനോട് പത്രക്കാർ ചോദിച്ചു. ഈ വിഷയത്തിൽ നിങ്ങളുടെ നിലപാട് എന്താണ്? സിപിഐ ഭഗത് സിംഗിന്റെ കാഴ്ചപ്പാടുകൾക്കെതിരാണ് എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഒരു ഭീകരവാദിയാണ്. ഗാന്ധിജിയും സിപിഐയും തമ്മിൽ ഇക്കാര്യത്തിൽ എന്ത് വ്യത്യാസമാണുള്ളത്? ഭഗത് സിംഗിനോടുള്ള ആരാധന ഉണ്ടായിസത്തോടുള്ള ആരാധനയാണ് എന്നാണ് ഗാന്ധിജി പറഞ്ഞത്. എന്നാൽ ഭഗത് സിംഗ് ഉണരുന്ന യുവത്വത്തിന്റെ പ്രതീകമാണ് എന്നാണ് നേതാജി പറഞ്ഞത്. അതാണ് നേതാജിയും ഗാന്ധിജിയും തമ്മിലുള്ള വ്യത്യാസം. സിപിഐ, ബ്രിട്ടീഷുകാർ ചെയ്തതുപോലെ ഭഗത് സിങ്ങിനെ ഭീകരവാദിയായി മുദ്രകുത്തി.

**ഗാന്ധിയൻ നേതൃത്വം ജന്മിത്തത്തോടും മതത്തോടും സന്ധി മനോഭാവം പുലർത്തുകയും സാംസ്കാരികവും സാമൂഹ്യവുമായ വിപ്ലവം ഏറ്റെടുക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തതിന്റെ ഫലമായി നമ്മുടെ നാട്ടിൽ മതപരവും ജന്മിത്തപരവും ജാതീയവും ഉപജാതീയവുമായ അനൈക്യങ്ങളെല്ലാം തന്നെ അതേപടി നിലനിന്നു. ഒരിന്ത്യക്കാരൻ എന്ന അവസ്ഥ സൃഷ്ടിച്ചെടുക്കാനായില്ല.**

ഗാന്ധിജി ക്വിറ്റിന്ത്യ സമരത്തിന്റെ ആഹ്വാനം കൊടുത്തപ്പോൾ രാജ്യം മുഴുവൻ തെരുവിലിറങ്ങി. ബ്രിട്ടണെതിരെ വലിയൊരു പോരാട്ടം ആരംഭിച്ചു; അന്തിമമായ പോരാട്ടം. കമ്മ്യൂണിസ്റ്റുകൾ ജനങ്ങളുടെ നേതൃത്വം ഏറ്റെടുക്കേണ്ട സമയമായിരുന്നു അത്. അതികായനായ കമ്മ്യൂണിസ്റ്റ് നേതാവ് മഹാനായ സ്റ്റാലിൻ റഷ്യയിൽനിന്നുതന്നെ മാർഗ്ഗനിർദേശങ്ങൾകൊടുത്തിരുന്നു.ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വത്തിൽ രണ്ടു വിഭാഗങ്ങളുണ്ടെന്ന് അദ്ദേഹം വളരെ മുൻപുതന്നെ വിലയിരുത്തിയിരുന്നു. ഒന്ന് അനുരഞ്ജനപരവും മറ്റേത് അനനുരഞ്ജനപരവും. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകൾ അനനുരഞ്ജനപരമായ വിഭാഗവുമായി കൂട്ടുചേർന്നുകൊണ്ട് അനുരഞ്ജനപരമായ ഭാഗത്തെ ഒറ്റപ്പെടുത്തുകയും സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് സോഷ്യലിസം സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട് എന്നതായിരുന്നു സ്റ്റാലിൻ കൊടുത്തിരുന്ന മാർഗ്ഗനിർദ്ദേശം. നിർഭാഗ്യവശാൽ അന്നത്തെ സിപിഐ നേതാക്കൾ നേരെ തിരിച്ചാണ് ചെയ്തത്. അവർ ബ്രിട്ടീഷുകാരെ പിന്തുണയ്ക്കുകയും ക്വിറ്റിന്ത്യാ സമരത്തെ തള്ളിപ്പറയുകയും ചെയ്തു. എന്തുകൊണ്ട്? അവർ പറഞ്ഞു: സ്റ്റാലിനും ബ്രിട്ടനും ഒരുമിച്ച് ചേർന്ന് ജർമ്മനിക്കെതിരെ യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. നാം നമ്മുടെ രാജ്യത്ത് ബ്രിട്ടനെതിരെ സമരം ചെയ്താൽ സ്റ്റാലിന്റെ കൈകൾ ദുർബലമാകും. ഇതിന് നേർവിപരീതമായി ശിബ്ദാസ് ഘോഷ് പറഞ്ഞു, ഇതാണ് നാം ബ്രിട്ടനെതിരെ പോരാടേണ്ട സമയം. ബ്രിട്ടൻ ബലഹീനമായിരിക്കുകയാണ്. നാം സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയുംബ്രിട്ടനെതുരത്തിക്കൊണ്ട് സോഷ്യലിസം സ്ഥാപിക്കുകയും അങ്ങനെ സ്റ്റാലിന്റെ കൈകളെ ശക്തിപ്പെടുത്തുകയും ചെയ്യണം. സ്റ്റാലിനെ നമ്മുടെ രാജ്യത്ത് അന്ധമായി പിന്തുടരുകയല്ല വേണ്ടത്. ക്വിറ്റിന്ത്യാ സമരത്തിന്റെ കാലത്താണ്, റഷ്യയെ അന്ധമായി പിന്തുടർന്നതുകൊണ്ട്, സിപിഐ ജനങ്ങളുടെ വലിയതോതിലുള്ള വെറുപ്പിന് പാത്രമായി മാറിയത്. ഇതുപോലെ നിരവധി ഉദാഹരണങ്ങളുണ്ട്. അവർ നേതാജി സുഭാഷ് ചന്ദ്രബോസിനെ രാജ്യദ്രോഹി എന്ന് വിളിച്ചു. കാരണമെന്തായിരുന്നു, അദ്ദേഹം ഇന്ത്യയ്ക്ക് പുറത്തു പോവുകയും ജർമനിയുമായും ജപ്പാനുമായും സഖ്യത്തിലേർപ്പെടുകയും ചെയ്തതുകൊണ്ട്. ആ തന്ത്രം ശരിയായിരുന്നോ തെറ്റായിരുന്നോ എന്ന് നിങ്ങൾക്ക് ചോദിക്കാം. എന്തുകൊണ്ടാണ് അദ്ദേഹത്തിന് ഇന്ത്യ വിടേണ്ടിവന്നത്? കാരണം ഗാന്ധിജി അദ്ദേഹത്തെ കോൺഗ്രസിനകത്ത് പ്രവർത്തിക്കാൻ അനുവദിച്ചില്ല. നേതാജി കോൺഗ്രസിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിലെ വലതുപക്ഷക്കാർ അദ്ദേഹത്തെ ഒറ്റപ്പെടുത്തി. രണ്ടാം ലോകയുദ്ധമാരംഭിച്ചപ്പോൾ ബ്രിട്ടീഷുകാർ അദ്ദേഹത്തെ വീട്ടുതടങ്കലിലാക്കി. ഇന്ത്യയ്ക്കകത്ത് ഒന്നും ചെയ്യാനില്ലാതിരുന്ന അദ്ദേഹത്തിന് തന്റെ രക്തം തിളക്കുന്നതായി അനുഭവപ്പെട്ടു. ആ അവസരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ സായുധമായി പൊരുതുകയാണ് വേണ്ടത് എന്നദ്ദേഹം കരുതി. പക്ഷേ ഗാന്ധിജിക്കു കീഴിൽ ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പൊരുതുക എന്നത് ചിന്തിക്കാൻ തന്നെ കഴിയുമായിരുന്നില്ല.

അതുകൊണ്ട് അദ്ദേഹം ഇന്ത്യ വിട്ടു, വലിയ വിപൽ സാധ്യത ഏറ്റെടുത്തുകൊണ്ട്, അഫ്ഗാനിസ്ഥാനിലൂടെ നടന്ന് ജർമ്മനിയിൽ എത്തി. റാഷ് ബിഹാരി ബോസ് ഐഎൻഎ സ്ഥാപിച്ച് അതിന്റെ സർവ്വസൈന്യാധിപത്യം ഏറ്റെടുക്കാൻ നേതാജിയെ ക്ഷണിച്ചപ്പോൾ, യുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന, ബോംബുകൾ വർഷിക്കപ്പെടുന്ന കടലിലൂടെ 90 ദിവസത്തെ അന്തർവാഹിനി യാത്രയിലൂടെ ജപ്പാനിലും സിംഗപ്പൂരിലും എത്തുകയും ഐ എൻ എയുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. അതായിരുന്നു നേതാജിയുടെ സമരം. അദ്ദേഹത്തിന് ഇന്ത്യ വിടേണ്ടിവന്നത് അദ്ദേഹത്തിന്റെ പാത വ്യത്യസ്തമായിരുന്നതുകൊണ്ടാണ്. അദ്ദേഹം ശത്രുവിന്റെ ശത്രുവിനെ മിത്രമായി കരുതുകയും ബ്രിട്ടീഷുകാരെ തുരത്താൻ വേണ്ടി മാത്രമായി അവരുമായി ചേർന്നുപ്രവർത്തിക്കുകയും ചെയ്തു.

സിപിഐ നേതാജിയെ, നെഹ്റു ചെയ്തത് പോലെ തന്നെ, ഒരു രാജ്യദ്രോഹിയായി മുദ്രകുത്തി. അത് വളരെ ദൗർഭാഗ്യകരമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലുടനീളം അനനുരഞ്ജനധാരയിലെ പോരാളികളോടുകാണിച്ച ഇത്തരത്തിലുള്ള വഞ്ചന നമുക്ക് ദൃശ്യമാകും. ഈയൊരു ഘട്ടത്തിലാണ് ജയിലിൽ കഴിയവേ മുഴുവൻ സാഹചര്യവും വിലയിരുത്തിക്കൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് നമ്മുടെ നാടിനൊരു മോചനമാവശ്യമാണെന്ന നിഗമനത്തിൽ എത്തിയത്. നമ്മുടെ നാട്ടിൽ മുതലാളിത്തം സ്ഥാപിതമാകാൻ പോവുകയാണ്. തൊഴിലാളിവർഗ്ഗത്തിനും കർഷകർക്കും മറ്റു ചൂഷിത ജനവിഭാഗങ്ങൾക്കും ചൂഷണം അവസാനിപ്പിക്കാൻ ഒരു വിപ്ലവത്തിലൂടെ സോഷ്യലിസം സ്ഥാപിക്കേണ്ടത് അനിവാര്യമാണ് എന്നദ്ദേഹം മനസ്സിലാക്കി. അതിനവരെ നയിക്കാൻ ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ആവശ്യമാണ്. സിപിഐ ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി അല്ല. അതുകൊണ്ട് ആ ഉത്തരവാദിത്തം താൻ സ്വയം ഏറ്റെടുക്കേണ്ടതുണ്ട്. ഒരു ശരിയായി കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയ്ക്ക് എസ്‌യുസിഐ രൂപീകരിക്കുന്നതിനുമുമ്പ് തന്നെത്തന്നെ മാറ്റിയെടുക്കാനുള്ള ഒരു സമരം ഒരുപിടിവരുന്ന തന്റെ സഖാക്കളുമായി ചേർന്നുകൊണ്ട് അദ്ദേഹമാരംഭിച്ചു.

ഗാന്ധിയൻ നേതൃത്വം ജന്മിത്തത്തോടും മതത്തോടും ഒരു സന്ധി മനോഭാവം പുലർത്തുകയും സാംസ്കാരികവും സാമൂഹ്യവുമായ വിപ്ലവം ഏറ്റെടുക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തതിന്റെ ഫലമായി നമ്മുടെ നാട്ടിൽ മതപരവും ജന്മിത്തപരവും ജാതീയവും ഉപജാതീയവുമായ അനൈക്യങ്ങളെല്ലാം തന്നെ അതേപടി നിലനിന്നു. ഒരിന്ത്യക്കാരൻ എന്ന അവസ്ഥ സൃഷ്ടിച്ചെടുക്കാനായില്ല. അതുകൊണ്ട്, സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി; ഇന്ത്യ രാഷ്ട്രീയമായി സ്വതന്ത്രയായെങ്കിലും സാമൂഹ്യമായും സാംസ്കാരികമായും മറ്റു നിരവധി രീതിയിലും വേർതിരിഞ്ഞു തന്നെ നിലകൊണ്ടു. ആയിരക്കണക്കിന് ജാതികളും ഉപജാതികളും ഉണ്ടിവിടെ. ആദിവാസികളും അല്ലാത്തവരും തമ്മിലുള്ള വേർതിരിവുമുണ്ട്. ഈ ഗാന്ധിയൻ നേതൃത്വം മൂലം സാംസ്കാരികമായി ഇന്ത്യക്കാരെ ഒരൊറ്റ ജനതയായി സംയോജിപ്പിക്കാൻ കഴിഞ്ഞില്ല. അതുമൂലം പ്രധാനമായും മൂന്നു വിഭാഗങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേക്ക് ആകർഷിക്കാൻ കഴിയാതെ പോയി. ഒന്നാമത്തേത് മുസ്ലിംങ്ങൾ, രണ്ടാമത്തേത് പട്ടിക വിഭാഗത്തിലുള്ളവർ, മൂന്നാമത്തേത് സ്ത്രീകൾ. നമുക്ക് അംബേദ്കറുടെ വാക്കുകളിൽ ഇത് കാണാനാകും. അദ്ദേഹം പലയാവൃത്തി ഗാന്ധിജിയെ സന്ദർശിക്കുകയും തൊട്ടുകൂടായ്മയുടെ പ്ര

*(ശേഷം 10–ാം പേജിൽ)*

# സോഷ്യലിസം സ്ഥാപിക്കുകയെന്ന ആത്യന്തിക പരിഹാരത്തിലേക്ക് മുന്നേറാൻ ജനാധിപത്യ–ബഹുജന പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുക

(9–ാം പേജിൽ നിന്ന്)

ശ്ലം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹം അത് നിരസിച്ചു. അംബേദ്കർ പറഞ്ഞു: ഗാന്ധിജി മേൽ ജാതിക്കാരുടെ എതിർപ്പ് ഏറ്റുവാങ്ങാൻ ആഗ്രഹിച്ചിരുന്നില്ല. നിരാശനായ അംബേദ്കർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ഫെഡറേഷൻ രൂപീകരിച്ചു. അദ്ദേഹം വേർതിരിഞ്ഞ ഒരു സമരം നടത്തുകയാണുണ്ടായത്. ഗാന്ധിയൻ നേതൃത്വത്തിന്റെ പരാജയംമൂലം നമ്മുടെ നാടിന് അവശ്യം വേണ്ടിയിരുന്ന സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ കോൺഗ്രസിന്റെ പരിപാടിയിൽ ഉൾപ്പെടുത്താൻ അവർ തയ്യാറായില്ല. ഒരു സാമൂഹ്യ വിപ്ലവമാണ് ആവശ്യമെന്ന് അംബേദ്കർ പറഞ്ഞു. പക്ഷേ ഗാന്ധിയൻ നേതൃത്വത്തെക്കൊണ്ട് അതിനു കഴിയില്ല എന്ന് സഖാവ് ശിബ്ദാസ് ഘോഷ് തിരിച്ചറിഞ്ഞു. ഗാന്ധിയൻ നേതൃത്വമാണ് ഇന്ത്യയെ ഭിന്നിപ്പിച്ചു നിർത്തിയത്. ഞാനിത് ഇവിടെ പറയുന്നത് സഖാവ് ശിബ്ദാസ് ഘോഷ് അന്ന് എന്തു പറഞ്ഞുഎന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടി മാത്രമല്ല. ഇന്ന് നമ്മുടെ രാജ്യത്ത് നടക്കുന്നതും വ്യത്യസ്തമല്ല. ഇന്ന് മണിപ്പൂരിൽ എന്താണ് സംഭവിക്കുന്നത് എന്ന് നമുക്കറിയാം. ഇത് പുതുതല്ല. ഇതുതന്നെയാണ് ഗുജറാത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്, കാശ്മീരിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഹൃദയഭേദകമായ കാര്യമാണ് മണിപ്പൂരിൽ സംഭവിച്ചത്. സ്ത്രീകളെ വിവസ്ത്രരാക്കിയ നടപടി മെയ് മാസത്തിലാണ് നടന്നത്. അതിന്റെ വാർത്തകൾ പുറത്തുവന്നത് മാസങ്ങൾക്ക് ശേഷം ഇപ്പോഴാണ്. ഒരു എഫ്ഐആർ പോലും തയ്യാറാക്കിയില്ല. ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്നത് ബിജെപിയാണ്.

മണിപ്പൂരിലെ രണ്ടു വിഭാഗങ്ങളായ കുക്കികളും മെയ്തികളും തമ്മിൽ ഒരു സംഘർഷം നിലനിന്നുപോരുകയായിരുന്നു. 1949ൽ ആണ് മണിപ്പൂർ ഇന്ത്യയോട് ചേർന്നത്. സംഘർഷം സൃഷ്ടിച്ചത് ബ്രിട്ടീഷുകാരും, വളർത്തിയത് കോൺഗ്രസുമായിരുന്നു. പ്രശ്നം മുതലെടുത്ത ബിജെപി അതിനെ കൂടുതൽ വഷളായ സ്ഥിതിയിൽ എത്തിച്ചു. മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന കുക്കികൾ തങ്ങളുടെ ഭൂമി നഷ്ടപ്പെടുമോ എന്ന ഭീതിയിലാണ്. അവരുടെ ഭൂമി മെയ്തികൾക്ക് കൊടുക്കാനുള്ള നീക്കം നടക്കുന്നുണ്ട്. ആദിവാസി വിഭാഗമായ കുക്കികളിൽ അധികവും ക്രിസ്തുമത വിശ്വാസികളാണ്. മെയ്തികളാവട്ടെ ഹിന്ദുക്കളും. ബിജെപി തങ്ങളുടെ വർഗീയ കാർഡ് ഇറക്കി കളിക്കുകയാണ്. ഇത് ബിജെപിയുടേതുമാത്രമായ ഒരു തന്ത്രമല്ല. ഇതിൻെറ പുറകിൽ ഭരണ മുതലാളിവർഗ്ഗമാണുള്ളത്. മണിപ്പൂർ കത്തുന്നത് അവർ മൂലമാണ്. എവിടെല്ലാമാണോ ഇത്തരം സംഘർഷങ്ങൾ ഉണ്ടാകുന്നത് അവിടെയെല്ലാം സ്ത്രീകളാണ് ആക്രമണങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത്. ഗുജറാത്തിൽ ബിൽക്കീസ് ബാനുവിന്റെ കാര്യത്തിൽ ഇതു തന്നെയാണ് സംഭവിച്ചത്. പിന്നീട് എന്തുണ്ടായി എന്ന് നമുക്കറിയാം. 11 പേരെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. 'നല്ല പെരുമാറ്റത്തിന്റെ' പേരിൽ ശിക്ഷ ഇളവ് ചെയ്ത് പിന്നീട് അവരെ വിട്ടയച്ചു. ഈ കുറ്റവാളികളെ ഗുജറാത്തിൽ സംഘപരിവാറുകാർ മാലയും മധുരവും നൽകി വിരോചിതമായാണ് സ്വീകരിച്ചത്. ഇവിടെയും അതുതന്നെയാണ് സംഭവിക്കാൻ പോകുന്നത്. ഇത്തരം നൂറുകണക്കിന് സംഭവങ്ങളാണ് നടക്കുന്നത്.

മണിപ്പൂരിൽ സമാനമായ നിരവധി സംഭവങ്ങൾ നടന്നിട്ടുണ്ടെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിച്ചു. ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എല്ലാം രഹസ്യമാക്കിവയ്ക്കാൻവേണ്ടി അവർ ഇന്റർനെറ്റ് വിച്ഛേദിച്ചു. മഞ്ഞുമലയുടെ അഗ്രം മാത്രമാണ് പുറത്തുവന്നത്. നീണ്ട കാലയളവിന് ശേഷമാണ് രാജ്യത്തിന്റെ പ്രധാനമന്ത്രി സംസാരിച്ചത്. എന്നിട്ടും അദ്ദേഹം എന്താണ് പറഞ്ഞത്? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളായ രാജസ്ഥാന്റെയും ഛത്തീസ്ഗഢിന്റെയും കൂടെയാണ് മണിപ്പൂരിനെക്കുറിച്ച് പറഞ്ഞത്. എന്തിനാണ് ഇക്കാര്യത്തിലും അദ്ദേഹം വിലകുറഞ്ഞ രാഷ്ട്രീയം കൂട്ടിക്കലർത്തുന്നത്? ഇത് തികച്ചും ദൗർഭാഗ്യകരമാണ്. അത് വേണമായിരുന്നോ? മണിപ്പൂർ കഴിഞ്ഞ രണ്ടു മാസക്കാലമായി കത്തുകയാണ്. നൂറുകണക്കിന് ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. കൊള്ളയും കൊള്ളിവെപ്പും നടന്നു, ആയിരക്കണക്കിന് വീടുകൾ കത്തിച്ചാമ്പലായി. ഇന്നതൊരു ലോക വാർത്തയായിരിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമായി കാണാനാകില്ല. സംവരണത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും, 370–ാം വകുപ്പിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും, ഇത്തരത്തിൽ പ്രദേശത്തിന്റെയും മതത്തിന്റെയും സമുദായത്തിന്റെയും ജാതിയുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന വിഷയങ്ങൾ നിലനിർത്തിക്കൊണ്ടുപോന്നത് ഒത്തുതീർപ്പിന്റേതായ ഗാന്ധിയൻ ലൈൻ മൂലമാണ്. ഇന്ന് അധികാരത്തിലിരിക്കുന്ന മുതലാളിവർഗ്ഗം ജനങ്ങളെ തമ്മിലടിപ്പിക്കാനും അവരെ ഭിന്നിപ്പിക്കാനുമുള്ള വിഷയങ്ങളായി ഇവ ഉപയോഗിക്കുന്നു. നിലവിലുള്ള മുതലാളിത്ത വ്യവസ്ഥക്കെതിരെയുള്ള ജനങ്ങളുടെ യോജിച്ച പോരാട്ടത്തെ തടയിടാൻ വേണ്ടിയാണിതവർ ചെയ്യുന്നത്. കോൺഗ്രസ് ഇക്കാലമത്രയും തുടർന്നുകൊണ്ടുവന്നിരുന്ന ഈ നയം ഇന്ന് കൂടുതൽ ഫാസിസ്റ്റ് രീതിയിൽ ബിജെപി പിന്തുടരുന്നു.

**മുതലാളിത്ത വ്യവസ്ഥിതി മരണാസന്നമാണ്. ഒരു തള്ള് മതി അത് തകർന്നുവീഴാൻ. ജനങ്ങളുടെ ബദൽ രാഷ്ട്രീയ ശക്തി സൃഷ്ടിക്കപ്പെടുമ്പോൾ – താഴെത്തലം മുതൽ ഗ്രാമങ്ങൾ തോറും നഗരങ്ങൾതോറും ഫാക്ടറികൾ തോറും എല്ലായിടത്തും ജനങ്ങൾ സംഘടിതരായാൽ – അതിനു മാർഗ്ഗ നിർദ്ദേശം നൽകാൻ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായാൽ, അത്തരത്തിൽ ജനാധിപത്യ പ്രക്ഷോഭണങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമേ നമുക്ക് വിപ്ലവത്തിലേക്ക് മുന്നേറാനാകൂ.**

ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതി മരണാസന്നമാണെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി. ഒരു തള്ള് മതി അത് തകർന്നുവീഴാൻ. അതിനൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയും ജനങ്ങളുടെ സംഘടിതശക്തിയുമാണ് ആവശ്യം. ജനങ്ങളുടെ ബദൽ രാഷ്ട്രീയ ശക്തി സൃഷ്ടിക്കപ്പെടുമ്പോൾ –താഴെത്തലം മുതൽ ഗ്രാമങ്ങൾ തോറും നഗരങ്ങൾതോറും ഫാക്ടറികൾ തോറും എല്ലായിടത്തും ജനങ്ങൾ സംഘടിതരായാൽ– അതിനു മാർഗ്ഗ നിർദ്ദേശം നൽകാൻ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായാൽ, അത്തരത്തിൽ ജനാധിപത്യ പ്രക്ഷോഭണങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമേ നമുക്ക് വിപ്ലവത്തിലേക്ക് മുന്നേറാനാകൂ.

നമുക്ക് മുതലാളിത്തത്തെ തുത്തെറിഞ്ഞ് സോഷ്യലിസം സ്ഥാപിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ എല്ലാ തരത്തിലുള്ള ചൂഷണവും അടിച്ചമർത്തലും അനീതിയും വിവേചനവും അവസാനിപ്പിക്കാനാവൂ. അതിന് ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങളാണ് ആവശ്യം. പക്ഷേ ദൗർഭാഗ്യകരം എന്ന് പറയട്ടെ, ജനകീയ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാനുള്ള നമ്മുടെ അഭ്യർത്ഥനയ്ക്ക് സിപിഐ, സിപിഐ(എം) എന്നീ പാർട്ടിയുടെ ഭാഗത്തുനിന്ന് യാതൊരു തരത്തിലുള്ള പിന്തുണയും ലഭിക്കുന്നില്ല. രാജ്യത്തെ രണ്ട് പ്രധാന ഇടതുപക്ഷ പാർട്ടികൾ അവരാണ്. പഴയ കാലത്ത് അവർ സമരങ്ങൾ നടത്തിയിരുന്നു. എന്നാൽ ഇന്ന് സമരങ്ങളുടെരംഗത്ത് അവരെ എങ്ങും കാണുന്നില്ല. നാം അവരെ വിമർശിക്കുന്നതിലാണ് അവർക്ക് പരാതി. അതെ ശരിയാണ്, കമ്മ്യൂണിസത്തിന്റെ പേരിൽ നിലകൊള്ളുകയും സമരങ്ങൾ ഏറ്റെടുക്കാതിരിക്കുകയും ഒത്തുതീർപ്പിന്റേതായ ഒരു മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നതിനെയാണ് നാം വിമർശിക്കുന്നത്. അവരുടെ ലക്ഷ്യം തെരഞ്ഞെടുപ്പ് രാഷ്ട്രീയവും തെരഞ്ഞെടുപ്പ് നേട്ടങ്ങളും മാത്രമാണ്. എന്നാൽ ലെനിന്റെ പാഠം എന്താണ്? ഇടത്– ജനാധിപത്യ ശക്തികളുടെ യോജിച്ച പ്രക്ഷോഭണം ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് ലെനിൻ പഠിപ്പിച്ചു. ഈ സമരങ്ങളിലൂടെ ജനകീയ കമ്മിറ്റികൾ രൂപപ്പെട്ടു വരികയും അതിലൂടെ ആത്യന്തികമായി ജനങ്ങളുടെ ബദൽ രാഷ്ട്രീയ അധികാരം ഉയർന്നു വരികയും ചെയ്യും. അപ്പോൾ മാത്രമേ നമുക്ക് ഒരു വിപ്ലവത്തിലേക്ക് പോകാനാകൂ. അതുകൊണ്ട് ജനസമരങ്ങൾ വളർത്തിയെടുക്കുക എന്നത് പരമപ്രധാനമാണ്. എന്നാൽ സിപിഐ, സിപിഐ(എം) എന്നീ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് നേട്ടങ്ങളിലും തെരഞ്ഞെടുപ്പ് സഖ്യങ്ങളിലും മാത്രമാണ് താല്പര്യം. അവരോട് ആവർത്തിച്ച് അഭ്യർത്ഥിച്ചിരുന്നെങ്കിലും ഇടത്–ജനാധിപത്യ പ്രക്ഷോഭണങ്ങൾക്ക് വേണ്ടിയുള്ള സഖ്യങ്ങളിൽ അവർക്കു താല്പര്യമില്ല. രാജ്യത്ത് ഫാസിസ്റ്റ് സാഹചര്യം നിലനിൽക്കുകയാണ്. ഇവിടെ സഖാവ് ശിബ്ദാസ് ഘോഷിന്റെ മറ്റൊരു മഹത്തായ പാഠമുണ്ട്. ഇന്ന്, ലോകമെമ്പാടും വികസിതമോ അവികസിതമോ ആയ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഒരു ഫാസിസ്റ്റ് ഭരണം, ഫാസിസ്റ്റ് സ്വേച്ഛാധിപത്യമാണ് നിലനിൽക്കുന്നത്. ജർമ്മനിയിൽ അവർ ജനങ്ങളെ തന്നെ ഫാസിസ്റ്റുകളാക്കി മാറ്റി. അവർ അപമാനവീകരിക്കപ്പെട്ടു. അവർക്ക് മൂല്യബോധവും നീതിബോധവും നഷ്ടമായി. അവർ പുരോഗമന പ്രസ്ഥാനങ്ങൾക്കും കമ്മ്യൂണിസ്റ്റുകൾക്കും എതിരെ ഫാസിസ്റ്റുകളോടൊപ്പം ചേർന്നു. മണിപ്പൂരിൽ സംഭവിച്ചത് ജർമ്മനിയിൽ സംഭവിച്ചതിനു സമാനമാണ്.

ഇന്നത്തെ ഏറ്റവും മഹനീയമായ തത്വ ശാസ്ത്രം കമ്മ്യൂണിസം മാത്രമാണ്. അനീതിക്കെതിരെ നാമാണ് പോരാടേണ്ടത്, നമ്മുടെ ജീവൻ കൊടുത്തുപോലും. ഈ യുഗത്തിൽ കമ്മ്യൂണിസ്റ്റുകൾ മാത്രമാണ് ഏറ്റവും ഉയർന്നതും മഹനീയവുമായ മൂല്യങ്ങൾ പേറുന്നത്. അതുകൊണ്ടാണ് അദ്ദേഹം നമ്മോട് ഇങ്ങനെ പറഞ്ഞത്: "ഒരു കമ്മ്യൂണിസ്റ്റ് ആവാൻ ആഗ്രഹിക്കുന്ന നമ്മളിൽ ആരും തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നതുകൊണ്ട് മാത്രം ഒരു കമ്മ്യൂണിസ്റ്റ് ആകുന്നില്ല. അതിനായി നാം നമ്മുടെ ജീവിതത്തിൽ ഒരു സമരം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആ സമരം നമ്മുടെ ഉള്ളിലാണ്, നമ്മുടെ ഉള്ളിലുള്ള ശത്രുവിനെതിരായാണ് ആ സമരം. പാർട്ടിയിൽ ചേർന്നു കഴിഞ്ഞാലും നാം ഈ സമരം തുടരേണ്ടതുണ്ട്. നമ്മുടെ സാംസ്കാരിക മണ്ഡലത്തിലും നമ്മുടെ ചിന്തയിലും നിറയെ അഹംഭാവവും വ്യക്തിവാദവും സ്വാർത്ഥതയും പൊങ്ങച്ചവും മറ്റെല്ലാ തരത്തിലുള്ള ദൂഷിപ്പുകളും നാം പേറുന്നുണ്ട്. ഇത്തരത്തിലുള്ള സങ്കുചിതത്വവും ദൂഷിപ്പുകളും നാം ഈ സമൂഹത്തിൽ നിന്നാണ് ആർജിക്കുന്നത്. അവയെല്ലാം നമ്മിൽ ഉണ്ട്." സഖാവ് ഘോഷ് പറഞ്ഞു: "സ്വയം പരിവർത്തനപ്പെടുക, കമ്മ്യൂണിസ്റ്റുകളായ നാം ആദ്യം സ്വയം ശുദ്ധീകരിക്കാൻ തയ്യാറാവണം. സ്വയം വിമർശനം നടത്തണം, സാംസ്കാരികമായി നമുക്കുള്ളിൽ ഒരു സമരം തുടർന്നുകൊണ്ടേയിരിക്കണം. അതില്ലെങ്കിൽ ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിപോലും അധഃപതിക്കും. അതാണ് റഷ്യയിൽ സംഭവിച്ചത്. അതുതന്നെയാണ് ചൈനയിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സംഭവിച്ചത്. പ്രശ്നത്തിന്റെ മൂലകാരണം കുടികൊള്ളുന്നത് അവിടെയാണ്." സഖാവ് ശിബ്ദാസ് ഘോഷ് സംസ്കാരത്തിന് വലിയ ഊന്നൽ കൊടുത്തു.

സഖാക്കളെ നിങ്ങൾ സഖാവ് ശിബ്ദാസ് ഘോഷിന്റെ കൃതികൾ വായിക്കുക. അദ്ദേഹത്തിന്റെ മഹത് ചിന്തയുമായി പരിചയപ്പെടുക. സഖാക്കളുമായി ചർച്ച ചെയ്യുക. മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ എന്നീ ദാർശനികർക്കുശേഷം സഖാവ് ശിബ്ദാസ് ഘോഷും മറ്റൊരു മാർക്സിസ്റ്റ് ദാർശനികനായി ഉയർന്നുവന്നു, ഒരതികായനായ മാർക്സിസ്റ്റ് ചിന്തകൻ. സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനമാണിത്. ഈ വേളയിൽ നിങ്ങളോടൊപ്പം ചേരാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു വർഷത്തെ ആചരണത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ഈ വരുന്ന ആഗസ്റ്റ് 5ന് കൽക്കത്തയിൽ നടക്കുന്ന മഹാറാലിയിൽ ഇനി നമുക്ക് ഒത്തുചേരേണ്ടതുണ്ട്. പാർട്ടിയുടെ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ആ റാലിയെ അഭിസംബോധന ചെയ്യും. സഖാവ് ശിബ്ദാസ് ഘോഷിന്റെ ലക്ഷ്യം പൂർത്തീകരിക്കുമെന്ന് ഈ അവസരത്തിൽ പ്രതിജ്ഞ ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം നീണാൾ വാഴട്ടെ..!

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നീണാൾ വാഴട്ടെ..!

തൊഴിലാളി ഐക്യം നീണാൾ വാഴട്ടെ.!

തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം..! ■

# ദില്ലി ചലോ കർഷക സമര മാതൃകയിൽ നെൽകർഷകർ സമരത്തിൽ

**കേ**രളത്തിലെ നെൽകർഷകരുടെ പ്രശ്നങ്ങളും, വിശാല കുട്ടനാട്ടിലെ സവിശേഷ പ്രശ്നങ്ങളും ശാസ്ത്രീയമായി പഠിച്ചുകൊണ്ട് അതിന് പരിഹാരം കാണുക, സംഭരിച്ച നെല്ലിന്റെ വില ഉടൻ നല്കുക, റൊക്കം പണം നല്കി നെല്ല് സംഭരിക്കുക, ഹാന്റ്ലിംഗ് ചാർജ് സമ്പൂർണ്ണമായും സർക്കാർ നല്കുക, കിഴിവ് കൊള്ള അവസാനിപ്പിക്കുക, രാസ വളത്തിന്റെ ഭീമമായ വിലവർദ്ധനവ് കേന്ദ്ര സർക്കാർ പിൻവലിക്കുക, പമ്പിംഗ് സബ്സിഡി, വിളനാശ ഇൻഷ്വറൻസ്, കുടിശ്ശിക നല്കുക, ക്രോസ് സബ്സിഡി ഇല്ലാത്ത സ്മാർട്ട് മീറ്റർ പാടില്ല, പ്രൊഡക്ഷൻ ബോണസ്സ് 1500 രൂപയാക്കുക, കുടിശ്ശിഖ നല്കുക, ചെറുകിട കർഷകന്റെ കൃഷിപണി തൊഴിലുറപ്പിൽ ഉൾപ്പെടുത്തുക, തോടുകളിലെ മാലിന്യ നിർമ്മാർജ്ജനം തൊഴിലുറപ്പിൽ പുനഃസ്ഥാപിക്കുക, കുട്ടനാട്ടിൽ ഉപ്പ് വന്ന് കൃഷിനാശത്തിന് വഴിവെക്കുന്ന കരിമണൽ ഖനനം അവസാനിപ്പിക്കുക, ഉല്പാദന ചെലവിന് ആനുപാതികമായി നെല്ല് വില വർദ്ധിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചു കൊണ്ട് 2023മെയ് മാസം രൂപീകരിച്ച നെൽകർഷക സംരക്ഷണ സമിതി നെൽകർഷകരുടെ ഏക പ്രതീക്ഷയായി മാറുകയാണ്. രൂപീകരിച്ച നാൾ മുതൽ ആരംഭിച്ച നിരന്തരമായ പ്രക്ഷോഭങ്ങളിലൂടെ നെൽകർഷകർ ഉന്നയിക്കുന്ന ആവശ്യങ്ങൾ ന്യായമാണെന്ന് ഇന്ന് പൊതുസമൂഹം അംഗീകരിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്.

നെൽകർഷക സംരക്ഷണ സമിതി സംസ്ഥാന നിർവ്വാഹക സമിതി അംഗവും മികച്ച കർഷകനുള്ള അവാർഡ് ജേതാവും സിനിമാതാരവുമായ കൃഷ്ണപ്രസാദിന്റെ സുഹൃത്തും പ്രമുഖ സിനിമാ താരമായ ജയസൂര്യ വ്യവസായ മന്ത്രിയുടെയും, കൃഷിമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നെൽകർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചത് ഇന്ന് നമ്മുടെ നാട് ഏറെ ചർച്ച ചെയ്യുകയാണ്. കർഷകനെ നാം ദിവസം 3 നേരം ഓർക്കേണ്ടവരാണെന്നും, സർക്കാരിന് നല്കിയ നെല്ലിന്റെ വില കിട്ടാനായി തിരുവോണനാളിൽ പോലും ഉപവാസമിരിക്കേണ്ട സാഹചര്യം പ്രതിഷേധാർഹമാണെന്നും, അക്കാരണത്താൽ മക്കൾ, യുവതലമുറ കാർഷിക മേഖല ഉപേക്ഷിക്കാൻ നിർബന്ധിരാവുകയാണെന്നും, അല്ലാതെ മന്ത്രി പറയുന്നതുപോലെ ചെളി പുരളാനുള്ള വൈമനസ്യമല്ലെന്നതും അദ്ദേഹം സുവ്യക്തമാക്കി. മാധ്യമങ്ങൾ അദ്ദേഹത്തിന്റെ കർഷകപക്ഷ നിലപാടിനെ പിന്തുണയ്ക്കുന്നതാണ് നാം കണ്ടത്. എന്നാൽ കൃഷിമന്ത്രിയും സമൂഹമാധ്യമങ്ങളിലെ സൈബർ, സർക്കാർ, പാർട്ടി കുഴലൂത്തുകാരും അദ്ദേഹത്തേയും, കൃഷ്ണ പ്രസാദിനേയും വളഞ്ഞിട്ട് ആക്രമിക്കുകയാണ്. എന്നാൽ മനുഷ്യ സ്നേഹികൾ ലോകമെമ്പാടും ജയസൂര്യയുടെ ഉജ്ജ്വലമായ നിലപാടിനെ പിന്തുണച്ചു. നെൽകർഷക സംരക്ഷണ സമിതി കർഷകൻ കൂടിയായ കൃഷ്ണപ്രസാദിന്റെ വസതിയിൽ യോഗം ചേർന്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.



സംഭരിച്ച നെല്ലിന്റെ വില കുടിശികതീർത്ത് ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ട് നെൽകർഷകസംരക്ഷണ സമിതി കുട്ടനാട് പാഡി ഓഫീസിനു മുന്നിൽ തിരുവോണദിനത്തിൽ നടത്തിയ 'കർഷകന് കുമ്പിളിൽ കഞ്ഞി' സമരം നടൻ കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.


ചിങ്ങം 1 കരിദിനമായി ആചരിച്ചുകൊണ്ട് നെൽകർഷക സംരക്ഷണ സമിതി മങ്കൊമ്പിൽ നടത്തിയ ബഹുജനധർണയിൽ സമിതി വർക്കിംഗ് പ്രസിഡന്റ് പി.ആർ.സതീശൻ പ്രസംഗിക്കുന്നു.

കർഷകരേയും ബഹുജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് നെൽകർഷക സംരക്ഷണ സമിതി രാമങ്കരിയിൽ നടത്തിയ കർഷക-ബഹുജന മഹാ ധർണ്ണ ക്നാനായ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർസേവറ്യൂസ് ഉദ്ഘാടനം ചെയ്തു. ബ്രഹ്മശ്രീ ആനന്ദൻ നമ്പൂതിരി മുഖ്യ പ്രസംഗം നടത്തി. ധീവര സഭാ സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽയുമായ വി. ദിനകരൻ,എസ്എൻഡിപിയോഗം കുട്ടനാട് കൺവീനർ സന്തോഷ് ശാന്തി, എൻഎസ്എസ് താലൂക്ക് ഭാരവാഹി രാധാകൃഷ്ണൻ നായർ ,സിനിമ താരം കൃഷ്ണപ്രസാദ്, കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി രക്ഷാധികാരി ആർ.പാർത്ഥസാരഥി വർമ്മ തുടങ്ങിയവർ പ്രസംഗിച്ചു. സമര പ്രചരണാർത്ഥം കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെടുന്ന വിശാല കുട്ടനാട്ടിൽ നാല് ദിവസത്തെ വാഹന ജാഥയും സ്വീകരണ സമ്മേളനങ്ങളും സംഘടിപ്പിച്ചിരുന്നു. ചിങ്ങം ഒന്ന് കർഷക ദിനം കരിദിനമായി ആചരിച്ചു കൊണ്ട് കൃഷിഭവനുകൾക്കു മുമ്പിൽ കരിങ്കൊടി ഉയർത്തുകയും, രാവിലെ കൃഷിഭവനുകളിലേയ്ക്ക് കരിങ്കൊടി പ്രകടനം നടത്തുകയുമുണ്ടായി. നെടുമുടി കൃഷിഭവനുകളിലേയക്ക് മാർച്ച് നടത്തിയ സമിതി വർക്കിംഗ് പ്രസിഡന്റ് പി.ആർ.സതീശൻ, വൈസ് പ്രസിഡന്റ് ലാലിച്ചൻ പള്ളിവാതുക്കൽ എന്നിവരെ സിപിഐ(എം) നേതാക്കൾ കൈയേറ്റം നടത്തുകയും മൈക്ക് സെറ്റ് നശിപ്പിക്കുകയുമുണ്ടായി.

ഇതിനുശേഷമാണ് കർഷകർ രാമങ്കരിയിലെ കർഷക മഹാ ധർണ്ണയിൽ വൈകിട്ട് അണിചേർന്നത്. ഇത്രയും സമര മുന്നേറ്റങ്ങൾ നടത്തിയിട്ടും പൂർണ്ണമായും സംഭരിച്ച നെല്ല് വിലനല്കാൻ തയ്യാറാവാതെ തുച്ഛമായ 28 ശതമാനം മാത്രമാണ് ഓണത്തിന് നല്കിയത്. ഇതിനെതിരെയാണ് നെൽകർഷക സംരക്ഷണ സമിതി എല്ലാ മേഖലാ കമ്മറ്റിയിൽ നിന്നും കർഷകർ ഇരന്നു സമാഹരിച്ചു കൊണ്ടുവന്ന പിടിയരി ഉപയോഗിച്ച് മങ്കൊമ്പ് പാഡി ഓഫീസ് പടിക്കൽ കഞ്ഞിവച്ച് തിരുവോണനാളിൽ കർഷകന് കുമ്പിളിൽ കഞ്ഞിസമരം നടത്തിയത്. സമരം കർഷകനും സിനിമാതാരവുമായ കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്തു. സമിതി യുടെ സംസ്ഥാന പ്രസിഡന്റ് റജീന അഷറഫ് കാഞ്ഞിരം അദ്ധ്യക്ഷത വഹിച്ചു. രക്ഷാധികാരികളായ വി.ജെ.ലാലി, ജയിംസ് കല്ലുപ്പാത്ര, വർക്കിംഗ് പ്രസിന്റ് പി.ആർ.സതീശൻ, ട്രഷറർ ജോൺ സി.ടിറ്റോ, കോർഡിനേറ്റർ ജോസ് കാവനാട്, വൈസ്പ്രസിഡന്റുമാരായ കെ.ബി. മോഹനൻ, വേലായുധൻ നായർ, പി.എ.തോമസ്, ലാലിച്ചൻ പള്ളിവാതുക്കൽ, അനിൽകുമാർ ലതാഭവൻ, ഷാജി മുടന്താഞ്ജലി, സണ്ണിച്ചൻ മേപ്രാൽ, അനിയൻകുഞ്ഞ്, റോയി ഊരാംവേലിൽ, വിശ്വനാഥപിള്ള ഹരിപ്പാട്, എ.ജി.അജയകുമാർ, സിനു തോമസ്, സെക്രട്ടറിമാരായ മാത്യൂ തോമസ് കോട്ടയം, ശർമ്മ വാലടി, മാത്യൂസ് പൊന്നാട്ടുംവാക്ക, ഷാജി മഠത്തിൽ, കറിയാച്ചൻ ചേന്നങ്കര, പ്രണീഷ് വള്ളക്കാലിൽ, ലിരീഷ് തോമസ്, കാർത്തികേയൻ കൈനകരി, സിബിച്ചൻ തറയിൽ, ബിജുമോൻ നീലംപേരൂർ, അഷറഫ് കാഞ്ഞിരം, ഷാജി പൊങ്ങ, കെ.എം.പൊന്നപ്പൻ, മധു പള്ളിപ്പാട്, റ്റി.കെ. ഗോപിനാഥൻ, അനീഷ് തകഴി, ഗണേഷ്ബാബു ചമ്പക്കുളം, കിരൺ കണ്ണൻ പന്തളം, ഗോപിനാഥൻ രാമങ്കരി, കുര്യാക്കോസ്, പി.എ. തോമസ് ശ്രാമ്പിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ■


നെൽകർഷകർ ഉത്രാടദിനത്തിൽ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ ഉപവാസസമരം.

## സഖാവ് കൊച്ചു പരീതിന് ലാൽസലാം



**എസ്** യുസിഐ(കമ്മ്യൂണിസ്റ്റ്) ആമ്പല്ലൂർ സെൽ അംഗമായിരുന്ന സഖാവ് കൊച്ചു പരീത്(67) ആഗസ്റ്റ് 18ന് അന്തരിച്ചു. രണ്ടു പതിറ്റാണ്ടായി പാർട്ടിയുടെ സജീവ പ്രവർത്തകനായിരുന്നു. ജീവിത പ്രാരാബ്ധങ്ങൾക്കിടയിലും പാർട്ടിയോട് അചഞ്ചലമായ കൂറ് പുലർത്തിക്കൊണ്ട് വിട്ടുവീഴ്ചയില്ലാതെ പാർട്ടി ഉത്തരവാദിത്തങ്ങൾ നിറവേറ്റി. ഏതാനും മാസങ്ങളായി ക്യാൻസർ രോഗബാധിതനായി കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. സഖാവ് കൊച്ചു പരീതിന് ലാൽസലാം. ■

### സാമ്രാജ്യത്വ യുദ്ധത്തിനെതിരെ...



സാമ്രാജ്യത്വ യുദ്ധത്തിനെതിരെ ലോകസമാധാനത്തിനുവേണ്ടി വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് സെപ്റ്റംബർ 1ന് ആഹ്വാനം ചെയ്ത ഇന്റർനാഷണൽ ആക്ഷൻ ഡേയുടെ ഭാഗമായി കോട്ടയത്ത് നടന്ന സമ്മേളനം എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു.

### ആശ വർക്കർമാരുടെ സെക്രട്ടേറിയറ്റ് മാർച്ച്...


ആശവർക്കേഴ്സിനെ ആരോഗ്യവകുപ്പിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ചിൽ സംഘടന സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു പ്രസംഗിക്കുന്നു.

### എൻഡോസൾഫാൻ കളക്ടറേറ്റ് മാർച്ച്...


എൻഡോസൾഫാൻ പട്ടികയിൽനിന്ന് ഒഴിവാക്കിയ 1031 പേരെ തിരികെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കാസർഗോഡ് കളക്ടറേറ്റിലേക്ക് നടന്ന മാർച്ചിനെ ഡോ.ഡി. സുരേന്ദ്രനാഥ് അഭിസംബോധന ചെയ്യുന്നു.

# കെ റെയിൽ സിൽവർലൈൻ പദ്ധതി പിൻവലിച്ച് ഉത്തരവിറക്കുക; സമര ഭടന്മാർക്കുനേരെ ചുമത്തിയിട്ടുള്ള കള്ളക്കേസുകൾ പിൻവലിക്കുക

## മാടപ്പള്ളി സിൽവർ ലൈൻ വിരുദ്ധ സമരത്തിന്റെ 500–ാം ദിനം: സർക്കാരിന് താക്കീതായി പോരാളികളുടെ സംഗമം



സിൽവർലൈൻ പദ്ധാതിക്കെതിരെ മാടപ്പള്ളിയിൽ നടന്നുവരുന്ന അനിശ്ചിതകാല സത്യാഗ്രഹം 500ദിനങ്ങൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ച് കോട്ടയത്ത് നടന്ന പോരാളികളുടെ സംഗമത്തിൽ എസ്‌യുസിഐ (കമ്മ്യൂണീസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു.

**ജ**നങ്ങളുടെ പ്രശ്നങ്ങളെ അവഗണിക്കുന്ന സർക്കാരിന് താക്കീതായി കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സെപ്റ്റംബർ 1ന് കോട്ടയം നഗരത്തിൽ പോരാളികളുടെ സംഗമം സംഘടിപ്പിച്ചു. കെറെയിൽ സിൽവർ ലൈൻ പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയം ജില്ലയിലെ മാടപ്പള്ളിയിൽ സമരം ചെയ്ത സ്ത്രീകളും കുട്ടികളും വയോധികരും രോഗികളുമടക്കമുള്ളവർക്കുനേരെ നടന്ന പോലീസ് അതിക്രമത്തിൽ പ്രതിഷേധച്ച് 2022 ഏപ്രിൽ 20ന് ആരംഭിച്ച അനിശ്ചിതകാലസത്യാഗ്രഹം 500 ദിനങ്ങൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ചാണ് കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ പോരാളികളുടെ സംഗമം നടന്നത്. അനധികൃത കല്ലിടലിനെ തടഞ്ഞതിന്റെ പേരിൽ പോലീസിന്റെ ക്രൂരമായ അതിക്രമങ്ങൾക്കിരയായ വീട്ടമ്മമാരും വൃദ്ധരും ഉൾപ്പടെ നിരവധി പേർ പോരാളികളുടെ സംഗമത്തിൽ അണിനിരന്നു. ആസന്നമായ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പ് കെ റെയിൽ സിൽവർ ലൈൻ പദ്ധതിക്ക് എവ്വിധവും അനുമതി നേടിയെടുക്കാൻ സർക്കാർ കഠിന ശ്രമം ഉടരുകയാണ്. ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്താൻ തീരുമാനിച്ച സമര സമിതി സമര കലണ്ടർ പ്രഖ്യാപിച്ച് പ്രതിഷേധവുമായി മുന്നോട്ട് പോവുകയാണ്.



കെ റെയിലിനുവേണ്ടി ഇറക്കിയ സർവ്വേ നമ്പർ നോട്ടിഫിക്കേഷൻ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ആഗസ്റ്റ് 18ന്റെ കരിദിനാചരണത്തോടനുബന്ധിച്ച് നടന്ന വെയിലൂർ വില്ലേജ് ഓഫീസ് മാർച്ച്.

കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി കോട്ടയം ജില്ല ചെയർമാൻ ബാബു കുട്ടൻചിറ അധ്യക്ഷത വഹിച്ച പോരാളികളുടെ സംഗമം പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ആന്റോ ആന്റണി എംപി, ജെബി മേത്തർ എംപി, മോൻസ് ജോസഫ് എംഎൽഎ, മുൻ എംഎൽഎമാരായ അഡ്വ. ഫ്രാൻസിസ് ജോർജ്ജ്, അഡ്വ. ജോയി എബ്രഹാം, ജോസഫ് എം.പുതുശേരി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ്, സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ്, ജനറൽ കൺവീനർ എസ്. രാജീവൻ, എം.പി.ജോസഫ് ഐഎഎസ്, സമിതി രക്ഷാധികാരികളായ പ്രൊഫ. കുസുമം ജോസഫ്, കെ. ശൈവപ്രസാദ്, എം.ടി. തോമസ്, ജില്ലാ രക്ഷാധികാരികളായ വി.ജെ.ലാലി, മിനി കെ .ഫിലിപ്പ്, മാടായിപ്പാറ സംരക്ഷണ സമിതി നേതാവ് ചന്ദ്രാംഗദൻ മാടായി, തോട്ടപ്പള്ളി കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി നേതാവ് ആർ.അർജ്ജുനൻ, സാധുജന വിമോചന സംയുക്ത വേദി രക്ഷാധികാരി അജികുമാർ കറ്റാനം, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന, എഐഡിവൈഒ സംസ്ഥാനകമ്മിറ്റിഅംഗം അജിത് മാത്യു, ഡോ. സെബിൻ എസ്. കൊട്ടാരം, സമിതി നേതാക്കളായ ശിവദാസ് മഠത്തിൽ, വിനു കുര്യാക്കോസ് അരുൺ ബാബു, രാമാനുജൻ തമ്പി, ഫിലിപ്പ് വർഗീസ്, ടി.ജെ.പീറ്റർ, നസീറ സുലൈമാൻ, രാമചന്ദ്രൻ വരപ്പുറത്ത്, നജീബ് പല്ലാർ, ഗീരീശൻ മാസ്റ്റർ, ശരണ്യ രാജ്, റോസ്‌ലിൻ ഫിലിപ്പ് തുടങ്ങി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ നൂറ് കണക്കിന് നേതാക്കളും പ്രവർത്തകരും സംഗമത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു. പദ്ധതി പിൻവലിച്ച് ഉത്തരവിറക്കുന്നതുവരെയും ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകാൻ കോട്ടയത്ത് യോഗം ചേർന്ന് കെറെയിൽ സിൽവർലൈൻവിരുദ്ധ സംസ്ഥാന സമിതി സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ■




ആഗസ്റ്റ് 15 ഫ്രീഡം ഫ്രം കെറെയിൽ ദിനമാചരിച്ചുകൊണ്ട് ചെങ്ങന്നൂർ മുളക്കുഴയിൽ നടന്ന പരിപാടിയിൽ കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി ആലപ്പുഴ ജില്ലാ കൺവീനർ മധു ചെങ്ങന്നൂർ പ്രസംഗിക്കുന്നു.




കെ റെയിൽ സിൽവർലൈൻ പദ്ധാതി പിൻവലിക്കണം എന്നാവശ്യപ്പെട്ട് ആഗസ്റ്റ് 18ന്റെ കരിദിനാചരണത്തോടനുബന്ധിച്ച് ചേർപ്പിൽ നടന്ന പ്രതിഷേധ പ്രകടനം.



കരിദിനാചരണത്തോടനുബന്ധിച്ച് കോഴിക്കോട്, അഴിയൂരിൽ നടന്ന പ്രതിഷേധ പ്രകടനം.



കരിദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ പുളിയനത്ത് വിജ്ഞാപനത്തിന്റെ പകർപ്പ് കത്തിച്ചുകൊണ്ട് നടത്തിയ പ്രതിഷേധ പ്രകടനം.




Volume: 50 No: 6 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.